# അദ്ധ്യായം 4

# അബ്രഹാമിന്റെ ഉദാഹരണം, വിശ്വാസ മനുഷ്യൻ

റോമർ 4-ാം അദ്ധ്യായം 3-ാം അദ്ധ്യായത്തിന്റെ അവസാന ഭാഗത്ത് പറഞ്ഞിരിക്കുന്നതുപോലെ പൗലൊസിന്റെ വിശ്വാസത്താലുള്ള നീതീകരണത്തിന്റെ ഏറ്റവും ഹൃദയഭാഗമാണ് തന്റെ സന്ദേശത്തിന് ഉദാഹരണമായി വിശ്വാസ മനുഷ്യനായ അബ്രഹാമിനെ എടുത്തു കാണിക്കുകയാണ്.

### അബ്രഹാമിന്റെ വിശ്വാസം അവന് നീതിയായി കണക്കിട്ടു (4:1-8)

**1എന്നാൽ നമ്മുടെ പൂർവപിതാവായ അബ്രഹാം ജഡപ്രകാരം എന്തു**
**പ്രാപിച്ചു എന്നു പറയേണ്ടു? 2അബ്രഹാം പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു**
**എങ്കിൽ അവന് പ്രശംസിപ്പാൻ സംഗതി ഉണ്ട്; ദൈവസന്നിധിയിൽ ഇല്ലതാന**
**ും; 3തിരുവെഴുത്ത് എന്തു പറയുന്നു? അബ്രഹാം ദൈവത്തെ വിശ്വസിച്ചു;**
**4അത് അവന് നീതിയായി കണക്കിട്ടു എന്നു തന്നെ. 5എന്നാൽ പ്രവൃത്തിക്കു**
**ന്നവനു കൂലി കണക്കിടുന്നതു കൃപയായിട്ടല്ല കടമായിട്ടത്രെ. പ്രവർത്തിക്കാ**
**ത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ**
**അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു. 6ദൈവം പ്രവൃത്തി കൂടാതെ**
**നീതി കണക്കിടുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നത്:**
**7അധർമ്മം മോചിച്ചും പാപം മറച്ചും കിട്ടിയവർ ഭാഗ്യവാന്മാർ.**
**8കർത്താവ് പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ.**

**വാക്യം 1.** ഈ അദ്ധ്യായം ആരംഭിക്കുന്നത് ഒരു ചോദ്യത്തോടുകൂടെയാണ് **എന്നാൽ നമ്മുടെ പൂർവ്വപിതാവായ അബ്രഹാം ജഡപ്രകാരം എന്തു പ്രാപിച്ചുവെന്ന് പറയണം?** ‘‘പിന്നെ എന്ത്’’ എന്നത് വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ച് 3:21-26 വരെ പറഞ്ഞിരിക്കുന്നതിന്റെ മുഖവുരയിൽ പണിതുയുർത്തുവാൻ വേണ്ടി ഉപയോഗിക്കുന്ന ഒരു പദമാണിത്.

4-ാം അദ്ധ്യായത്തിലെ പൗലൊസിന്റെ വാദഗതിയെ യഹൂദന്മാരായ വായനക്കാരെയാണ് പ്രഥമമായി ലാക്കാക്കിയിരിക്കുന്നത്. യഹൂദന്മാർ അബ്രഹാമിനെ തങ്ങളുടെ ജഡപ്രകാരമുള്ള പൂർവ്വപിതാവായിട്ടാണ് കണക്കാക്കിയിരുന്നത് (ലൂക്കൊ. 3:8; 16:24, 30; യോഹ. 8:39, 53, 56; അ. പ്രഹൃത്തി. 7:2). പൂർവ്വ പിതാവ് എന്നത് ഒരു കോമ്പൗണ്ട് വാക്കിൽ നിന്നും ഉണ്ടായതാണ്. പ്രൊപ്പാറ്റർ προπάτωρ (*propatōr*) എന്ന വാക്ക് പ്രോ πρό (*pro*) (മുൻ) എന്നും πατήρ (*patēr*) (പിതാവ്) എന്ന രണ്ടു പദങ്ങൾ ചേർന്നതാണ്. പിന്നീട് ഈ അദ്ധ്യായത്തിൽ അബ്രഹാമിനെ പൗലൊസ് വിളിക്കുന്നത് ‘‘വിശ്വാസികളുടെ പിതാവെന്ന്’’ - യഹൂദന്മാരുടെയും വിജാതിയരുടെയും. എന്നാൽ ഈ അദ്ധ്യാ

യത്തിന്റെ ആരംഭത്തിൽ യഹൂദന്മാരുടെ ജഡപ്രകാരമുള്ള പിതാവായിട്ടാണ് അബ്രഹാമിനെ അവതരിപ്പിക്കുന്നത്.

ഗ്രീക്ക് ടെക്സ്റ്റിൽ ''ജഡപ്രകാരമുള്ളത്'' എന്നതിനു തൊട്ടുപിന്നാലെ ''നമ്മുടെ പൂർവ്വപിതാവ്'' എന്നുകൂടെ ചേർത്താണ് NASBയിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഈ ഒരു സ്ഥാനത്തിൽ യഹൂദന്മാരുടെ പൂർവ്വപിതാവായ അബ്രഹാം യഹൂദ വംശത്തിന്റെ മുഴുവനും പിതാവാണെന്ന് അവർക്കറിയാം. എന്നിരുന്നാലും ചിലർ പറയുന്നത് 'ജഢപ്രകാരമുള്ള' തിന് പകരമായി കാണുവാൻ കഴിയുന്ന എന്നാക്കണമെന്നാണ്. (ASV കാണുക) അതൊരു പക്ഷേ ശരിയാകാനും സാദ്ധ്യതയുണ്ട്. ഇത് പൗലൊസിനെ ഫലപ്രദമായി ചോദിക്കുവാൻ പ്രേരണ നല്കുന്നത് ഏതു തരത്തിലുള്ള പ്രവർത്തിയാലാണ് അബ്രഹാം നീതീകരിക്കപ്പെട്ടത് എന്ന സംഗതിയാണ് – ജഡപ്രകാരമുള്ള ഏതെങ്കിലും പ്രവർത്തിയാലാണോ അബ്രഹാം നീതീകരിക്കപ്പെട്ടത് എന്നതിന്റെ സാങ്കേതിക അർത്ഥമാണിത്.

പൗലൊസിന് അബ്രഹാമിനെ വിശ്വാസത്താലുള്ള നീതീകരണവുമായി ബന്ധപ്പെടുത്തി പല കാര്യങ്ങളും ചർച്ച ചെയ്യുവാൻ താല്പര്യമുണ്ടായിരുന്നു. ക്ലാസ്സിൽ പഠിപ്പിക്കുന്ന അദ്ധ്യാപകൻ പഠനത്തോടൊപ്പം നല്ല ഉദാഹരണങ്ങൾ ഉദാഹരിക്കുന്നത് കുട്ടികൾക്ക് വേഗത്തിൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ ഇടയായി തീരും; തത്വങ്ങൾ അവരെ പഠിപ്പിക്കുവാനുള്ള നല്ലൊരു മാർഗ്ഗമാണത്.

എന്തുകൊണ്ടാണ് അബ്രഹാമിനെ ഒരു ഉദാഹരണമാക്കിയത്? പൗലൊസിന് വേണമെങ്കിൽ പഴയ നിയമത്തിലെ നിരവധി വീരന്മാരെ ഉപയോഗിക്കാമായിരുന്നു (എബ്രാ. 11). എന്തുകൊണ്ട് അബ്രഹാം? യഹൂദന്മാർക്ക് അവരുടെ പിതാവായ അബ്രഹാമിനോടു വളരെ സ്നേഹ വാൽസല്യമുണ്ടായിരുന്നു. അബ്രഹാമിനെക്കാളുമധികമായി യഹൂദന്മാർ ആരെയും ആദരിച്ചിരുന്നില്ല. ഈ അബ്രഹാം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് നീതീകരിക്കപ്പെട്ടതെന്ന് തെളിയിക്കുവാൻ പൗലൊസിന് സാധിച്ചാൽ തന്റെ പ്രസ്താവനകൾ യഹൂദൻമാർക്ക് സ്വീകാര്യമാകുമെന്നറിയാമായിരുന്നു.

അബ്രഹാമിനെക്കുറിച്ച് പറയുവാൻ പൗലൊസിന് മറ്റൊരു കാരണം കൂടെയുണ്ട്. യഹൂദന്മാർ ആരെങ്കിലും പൗലൊസിനോടു, വിശ്വാസത്താൽ നീതീകരിക്കപ്പെട്ട ആരുടെയെങ്കിലും ഒരു ഉദാഹരണം ചോദിച്ചാൽ അബ്രഹാമായിരിക്കും അവരുടെ ആദ്യത്തെ ചോയ്സ്. ജെയിംസ് ആർ. എഡ്വേർഡ് പറഞ്ഞത് യഹൂദമതത്തിൽ അബ്രഹാമിന്റെ പ്രാധാന്യത്തെ അവർണ്ണനീയമായിരുന്നു എന്നാണ്. ഈ വേദപുസ്തക ഹീറോ ഏക സത്യദൈവത്തെ ആരാധിച്ചവനാണ്. ബഹുദൈവരാധികളുടെ മദ്ധ്യത്തിൽ വസിച്ചവനായിരുന്നെങ്കിൽ പോലും. ചിലർ വിശ്വസിക്കുന്നത് ന്യായപ്രമാണവും കല്പനകളും എഴുതപ്പെട്ടു ലഭിക്കുന്നതിനു മുമ്പ്തന്നെ അവയെല്ലാം ദൈവം അബ്രഹാമിനു കൊടുത്തിരുന്നുവെന്നാണ്. യിസഹാക്കിനോടും, യാക്കോബിനോടുമൊപ്പം അബ്രഹാമിനെയും ദൈവത്തോടു പാപം ചെയ്യാത്തവനായിട്ടാണ് ജനങ്ങൾ കണ്ടിരുന്നത്.[1]

അതുകൊണ്ടു തന്നെ യഹൂദന്മാരെകൊണ്ട് അബ്രഹാം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് നീതീകരിക്കപ്പെട്ടതെന്ന് സമ്മതിപ്പിച്ചു കഴിഞ്ഞാൽ അവരുടെ വാദമായ പ്രവൃത്തിയാലുള്ള നീതീകരണമെന്നത് മിണ്ടാതാക്കുവാൻ സാധിക്കുന്നതാണ്!

**വാക്യം 2.** അബ്രഹാമിന്റെ ജീവിതം പരിശോധിക്കുവാൻ പൗലൊസ്

തയ്യാറായിരുന്നു: **അബ്രഹാം പ്രവൃത്തിയാലാണ് നീതീകരിക്കപ്പെട്ടതെങ്കിൽ തനിക്കു പ്രശംസിക്കുവാൻ വകയുായിരുന്നു.** വിശ്വാസ നീതീകരണത്തിൽ നിന്നും പ്രശംസ ഒഴിവാക്കി (3:27) യെന്ന് പൗലൊസ് പറഞ്ഞതാണ്. അബ്രഹാമിന് പ്രവൃത്തിയാൽ നീതീകരണമുണ്ടായതെങ്കിൽ തീർച്ചയായും അബ്രഹാം അതിൽ പ്രശംസിക്കുമായിരുന്നുവെന്ന് സഹയഹൂദന്മാരുമായി പൗലൊസ് സമ്മതിക്കുമായിരുന്നു. അബ്രഹാമെന്ന വ്യക്തി ഒരു അതുല്യപ്രതിഭയായിരുന്നു. അദ്ദേഹം മാത്രമേ ദൈവത്തിന്റെ സ്നേഹിതനെന്ന് ദൈവം മനുഷ്യരെക്കുറിച്ച് പറഞ്ഞപ്പോൾ വ്യക്തമാക്കിയിട്ടുള്ളൂ. "എന്റെ സ്നേഹിതൻ" (യെശ. 41:8; 2 ദിന. 20:7; യാക്കൊ. 2:33) അബ്രഹാം തന്റെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലാണ് നീതീകരിക്കപ്പെട്ടിരുന്നതെങ്കിൽ തനിക്ക് ചില കാര്യങ്ങളിലെല്ലാം പ്രശംസിക്കാമായിരുന്നു.

അതു പറഞ്ഞു തീർന്ന ഉടനെ പൗലൊസ് കൂട്ടിചേർക്കുന്നത് **ദൈവത്തിന്റെ മുമ്പാകെ അല്ലതാനും** ഈ ഒരു വാചകത്തെക്കുറിച്ച് എഴുത്തുകാർ ബുദ്ധിമുട്ടാറുണ്ട്. അതിന്റെ മൂലഭാഷയിൽ "എന്നാൽ ദൈവത്തോടു അല്ല" [πρός, *pros*] ഇതിൽ ഒരു വൈരുദ്ധ്യത കാണാം. ജനങ്ങളുടെ ദൃഷ്ടിയിൽ അബ്രഹാമിന് ഒരുപാട് പ്രശംസിക്കുവാനുള്ള പ്രവർത്തികൾ എടുത്തു പറയാൻ കാണും. എന്നാൽ ദൈവത്തെ സംബന്ധിച്ച് അതൊന്നും തന്നെ അത്ര കാര്യമല്ല തന്നെ. NLT പരിഭാഷയിൽ, ദൈവത്തിന്റെ കാഴ്ച്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അഹങ്കരിക്കുവാൻ ഉതകുന്ന ഒരു കാര്യവും അബ്രഹാമിൽ ഇല്ല. അതിന്റെ മറ്റൊരു സാദ്ധ്യത, അബ്രഹാം തർക്കിക്കാൻ ഭാവിച്ചാൽ, താൻ സ്വയമായി പുകഴ്ത്തുകയായിരിക്കും. അല്ലാതെ ദൈവത്തെ ആയിരിക്കുകയില്ല പുകഴ്ത്തുന്നത്.

നാം എല്ലാവരും അതു മനസ്സിലാക്കിയിരിക്കണം, നാം എത്ര നല്ലവരാണെന്നു പറഞ്ഞാലും, നാം എത്ര നല്ല പ്രവർത്തനങ്ങൾ കാഴ്ച്ചവെക്കുന്നുവെന്നു പറഞ്ഞാലും അതൊന്നും ദൈവത്തെ കടക്കാരനാക്കുകയില്ല. അബ്രഹാം പരിപൂർണ്ണനായിരുന്നാലും (അങ്ങനെയല്ലായിരുന്നു), ദൈവത്തിന്റെ കാഴ്ച്പ്പാടിൽ നിന്നു നോക്കുമ്പോൾ ഒന്നും തന്നെ അബ്രഹാമിന് പ്രശംസിക്കുവാൻ ഇല്ലായിരുന്നു. യേശു തന്റെ ശിഷ്യന്മാരോട് നിർദ്ദേശിച്ചത്, "നിങ്ങളോട് കല്പിച്ചതൊക്കെയും ചെയ്തുതീർന്ന ശേഷം നിങ്ങൾ പറയേണ്ടത്, ഞങ്ങൾ പ്രയോജനമില്ലാത്ത ദാസന്മാർ, ഞങ്ങൾ ചെയ്യേണ്ടതുമാത്രമേ ചെയ്തിട്ടുള്ളൂ" (ലൂക്കൊ. 17:10).

**വാക്യം 3.** തന്റെ വാദം തെളിയിക്കുവാനായി പൗലൊസ് പഴയനിയമത്തെ അഭയം പ്രാപിക്കുന്നു. അദ്ദേഹം ചോദിക്കുന്നത്, **തിരുവെഴുത്തു പറയുന്നതെന്ത്?** അത് അങ്ങനെ പറയുന്നുണ്ടോ? വർത്തമാന ക്രിയാ പദമാണ് ഉപയോഗിച്ചിരിക്കുന്നത് - ലെഗി (λέγει, *legei*) ഉല്പത്തി പുസ്തകം പൗലൊസിന്റെ കാലത്തിന് 1500 വർഷങ്ങൾക്ക് മുമ്പെ മോശെയാൽ എഴുതപ്പെട്ടതാണെങ്കിലും പൗലൊസ് അതിനെ *ജീവനുള്ള* പുസ്തകമായി (എബ്രാ. 4:12 കാണുക) ഇന്നും തന്റെ കാലഘട്ടത്തിലെ ജനങ്ങളോടു സംസാരിക്കുന്നതായി പറയുന്നു.

പൗലൊസ് സുപരിചിതമായ ഒരു ഉദ്ധരണി ഉദ്ധരിക്കുന്നു. **അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു** അത് ഉല്പത്തി 15:6-ൽ നിന്നുമുള്ള ഉദ്ധരണിയാണ്. ഈ അദ്ധ്യായത്തിൽ ഈ കാര്യം പലയാവർത്തി പൗലൊസ് ഉദ്ധരിച്ചിട്ടുണ്ട് (4:3, 9, 22, 23). ഈ അദ്ധ്യായം ഉല്പത്തി 15:6 ന്റെ ഒരു വ്യാഖ്യാന ഗ്രന്ഥമായി കാണം.

ഉല്പത്തി 15 ന്റെ പശ്ചാത്തലം പൗലൊസിന്റെ വായനക്കാർക്ക് സുപരിചിതമായിരുന്നു. ഹാരാനിൽ പാർക്കുമ്പോൾ അബ്രഹാമിന് 75 വയസ്സായിരുന്നു (ഉല്പ. 12:4) ദൈവം അബ്രഹാമിനോട് ഞാൻ നിന്നെ വലിയോരു ജാതിയാക്കും (ഉല്പ. 12:2) എന്നു പറഞ്ഞു. കനാന്യരുടെ ദേശത്തെത്തിയപ്പോൾ ഈ ദേശം ഞാൻ നിന്റെ സന്തതിക്ക് നല്കുമെന്ന് ദൈവം പറഞ്ഞു (ഉല്പ. 12:7). ഈ ഒരു വാഗ്ദത്തം അബ്രഹാമിനും സാറായിക്കും ഒരു കുട്ടിപോലും ഇല്ലാതിരിക്കുമ്പോഴായിരുന്നു. വർഷങ്ങൾ കടന്നു പോയിട്ടും അബ്രഹാമും സാറായും മക്കളില്ലാത്തവരായി കഴിഞ്ഞു. അതിനെ കുറിച്ചിങ്ങനെ പറയാൻ തുടങ്ങി, ‘‘അവർക്കൊരു തലമുറയില്ലാതെയായി’’ ദൈവത്തിന്റെ വാഗ്ദത്തം എങ്ങനെ നടപ്പിലാക്കുമെന്ന് അബ്രഹാം അത്ഭുതം കൂറി – (ഉല്പ. 15:2, 3).

അബ്രഹാമിന് 85 വയസ്സായപ്പോൾ ദൈവം അവനൊരു അധിക ഉറപ്പു നല്കി. (ഉല്പ. 16:16) ആകാശത്തിലെ നക്ഷത്രക്കൂട്ടങ്ങൾക്കിടയിലൂടെ അബ്രഹാമിനെ നടത്തി. ആകാശത്തേക്കവനെ ചൂണ്ടിക്കാണിച്ചുകൊണ്ട് നഷത്രങ്ങളെ എണ്ണി തീർക്കാൻ സാധിക്കുമോ എന്നു ചോദിച്ച ദൈവം അവനോടു പറഞ്ഞു, ഇതുപോലെയായിരിക്കും നിന്റെ തലമുറ (15:5) മാനുഷിക ദൃഷ്ടിയിൽ അസംഭവ്യമായ ഒരു വാഗ്ദത്തം നിവർത്തിയാകാൻ കഴിയാത്ത ഒരു വാഗ്ദത്തം ആ പ്രത്യേക മുഹൂർത്തത്തിൽ അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, ആ വിശ്വാസത്തെ ദൈവം അബ്രഹാമന് നീതിയായി കണക്കിട്ടു (ഉല്പ. 15:6).

ഉല്പത്തി 15:6 നെ സംബന്ധിച്ചുള്ള രണ്ടു യാഥാർത്ഥ്യങ്ങൾ അറിയണം. ഒന്ന് ഇതായിരുന്നില്ല അബ്രഹാം ദൈവത്തിൽ വിശ്വസിച്ച ആദ്യ സംഭവം. വർഷങ്ങൾക്ക് മുമ്പ്, കല്ദയരുടെ ദേശത്ത് അബ്രഹാം ഊരിൽ പാർക്കുമ്പോൾ ദൈവം അവനു പ്രത്യക്ഷനായി (അ. പ്രവൃത്തി. 7:2; ഉല്പ. 15:7; നെഹ. 9:7 കാണുക) പറഞ്ഞു ‘‘നിന്റെ ദേശത്തേയും ചാർച്ചക്കാരേയും പിതൃനാടിനേയും വിട്ടു ഞാൻ നിന്നെ കാണിക്കുവാനിരിക്കുന്ന ദേശത്തേക്കു യാത്ര പുറപ്പെടുക’’ (അ. പ്രവൃത്തി. 7:3). ഹാരാനിൽ വെച്ചു ദൈവം അബ്രഹാമിന് പ്രത്യക്ഷനായികൊണ്ട് നിർദ്ദേശങ്ങൾ ആവർത്തിച്ചു (ഉല്പ. 12:1, 4). എബ്രായ ലേഖനകർത്താവ് പറഞ്ഞു. ‘‘വിശ്വാസത്താൽ അബ്രഹാം, താൻ വിളിക്കപ്പെട്ടപ്പോൾ, എങ്ങോട്ടെന്നറിയാതെ തനിക്ക് വാഗ്ദത്തമായി കിട്ടിയ നാട്ടിലേക്ക് തന്റെ സ്വപിതൃദേശത്തെ വിട്ട് എങ്ങോട്ടെന്നറിയാതെ യാത്രയായി (എബ്രാ. 11:8). അതേ ലേഖനകർത്താവ് പറഞ്ഞു. ‘‘വിശ്വാസത്താൽ (അബ്രഹാം) വാഗ്ദത്തനാട്ടിൽ (കനാനിൽ) താൻ പരദേശിയെപ്പോലെ ജീവിച്ചു’’ (എബ്രാ.11:9) അബ്രഹാമിന്റെ മുഴു ജീവിതവും ദൈവത്തിങ്കലുള്ള വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതായിരുന്നു. റോമർ 1ൽ നിന്നും പൗലൊസിന്റെ വാക്കുകളെ കടമെടുത്താൽ ആരംഭം മുതൽ അവസാനം വരേയും. (1:17, NIV) അതിനാൽ ഉല്പ്ത്തി 15:6 അബ്രഹാമിന്റെ വിശ്വാസത്തിന്റെ തുടക്കമായിരുന്നില്ല.

രണ്ടാമതായി ഉല്പത്തി 15:6 അബ്രഹാമിന്റെ നീതീകരണത്തിന്റെ ആരംഭമായിരുന്നില്ല; ഇതിന്റെ അർത്ഥം ‘‘രക്ഷിക്കപ്പെട്ടത്’’ എന്നാണ്. ദൈവം അബ്രഹാമിനെ തന്റെ മകനായി കണ്ടിരുന്നില്ലെങ്കിൽ അത്ഭുതമാർന്ന അനുഗ്രഹ വാഗ്ദത്തങ്ങളെ ആരംഭം മുതൽ നല്കുകയില്ലായിരുന്നു. അബ്രഹാമിനെ മൽക്കിസെദേക്ക് എന്ന രാജാവ് കണ്ട മാത്രയിൽ പറഞ്ഞത് ‘‘ആകാശവും ഭൂമിയും സൃഷ്ടിച്ച അത്യുന്നതനായ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൻ’’ എന്നാണ് (ഉല്പ. 14:19, NIV). അതിന് അല്പനാളുകൾക്കു ശേഷം ദൈവം

തന്നെ അബ്രഹാമിനോട് പറഞ്ഞത് ''അബ്രഹാമേ ഭയപ്പെടേണ്ട, ഞാൻ നിന്റെ അതിമഹത്തായ പ്രതിഫലവും പരിചയുമാകുന്നു'' (ഉല്പ. 15:1). അതുകൊണ്ട് ഉല്പത്തി 15:6നു മുമ്പുതന്നെ അബ്രഹാം നീതീകരിക്കപ്പെട്ടവനായിരുന്നു.

ഇതത്രയും സത്യമായിരിക്കെ എന്തുകൊണ്ടാണ് ഉല്പത്തി 15:6 അബ്രഹാം വിശ്വാസത്താലാണ് നീതീകരിക്കപ്പെട്ടതെന്ന് തെളിയിക്കുന്നത്? ഇവിടെ നാലു കാരണങ്ങളുണ്ട്:

1. ദൈവാത്മാവിനാൽ നിയോഗിതരായ എഴുത്തുകാർ ഉല്പത്തി 15:16 നുമുമ്പുതന്നെ അബ്രഹാം ദൈവത്തിൽ വിശ്വാസമുണ്ട് എന്നു പറഞ്ഞിട്ടുണ്ട ങ്കിലും ഇവിടെയാണ് ആദ്യമായി അബ്രഹാം ദൈവത്തിൽ വിശ്വസിച്ചതെന്നു പറഞ്ഞിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ ഭാഗത്താണ് ആദ്യമായി വിശ്വാസം, ഫെയ്ത്ത്, ബിലീഫ് എന്നീ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. ഇത് വ്യക്തി കളുമായി ബന്ധപ്പെട്ടു കിടക്കുന്ന ''വിശ്വാസ, ആശ്രയ'' കാര്യമാണ്. മറ്റുള്ള വരും ദൈവത്തിൽ വിശ്വസിച്ചതായി 15:6നു മുമ്പ് കാണാം (എബ്രാ. 11:4, 5, 7 കാണുക). എന്നാൽ ഉല്പത്തിയിൽ ആദ്യമായി വിശ്വാസത്തെ കുറിക്കുന്ന പദം ഇവിടെയാണ് കാണുന്നത്.

2. അബ്രഹാം നീതീകരിക്കപ്പെടുകയും/നീതിമാനാക്കപ്പെടുകയും ചെയ്ത മുൻ സന്ദർഭങ്ങളുണ്ടെങ്കിലും അബ്രഹാമിനെ 'നീതിമാനായി' ആദ്യമായി പറയുന്ന ഭാഗമാണിത്.

3. ഈ വാക്യം പ്രത്യേകമായി അബ്രഹാം *വിശ്വാസത്തിന്റെ* അടിസ്ഥാ നത്തിലാണ് നീതീകരിക്കപ്പെട്ടതെന്ന് ഊന്നിപ്പറയുന്നു.

4. കാലക്രമത്തിൽ, ഈ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് അബ്രഹാം പരിച്ഛേദന ഏൽക്കുന്നതിന് 14ഓ അതിൽ കൂടുതലോ വർഷങ്ങൾക്കു മുമ്പാ ണ്. ഈ വാക്യം പറയുന്നത് (ഉല്പ. 16:1, 16; 17:1, 9). മോശെക്ക് ന്യായപ്രമാണം നൽകുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ (ഗലാത്യ. 3:16, 17 കാണുക). ഇതിന്റെ പ്രാധാന്യത്തെക്കുറിച്ചും കാരണങ്ങളെ കുറിച്ചും തുടർന്നുള്ള നമ്മുടെ ചർച്ചകളിൽ നമ്മൾ പറയുന്നതായിരിക്കും.

ഉല്പത്തി 15:6 ഒരു പ്രത്യേക സന്ദർഭത്തിൽ എഴുതിയതാണെങ്കിലും ദൈവനിശ്വാസീയം പ്രാപിച്ച എഴുത്തുകാർ ഇത് അബ്രഹാമിന്റെ മുഴുജീവി തത്തിന്റെയും സാരാംശമായി കാണുന്നു. ഗലാത്യർ 3:6–9 വരെ പൗലൊസ് ഉല്പത്തി 12നു മുമ്പ് അബ്രഹാമിന് ലഭിച്ച വാഗ്ദത്തങ്ങളെ ഒരുമിച്ച് കെട്ടുക യാണ്. റോമർ 4നുശേഷം, പൗലൊസ് ഉല്പത്തി 15:6 ഉദ്ധരിച്ചത്, പതിനാലു വർഷം താൻ ദൈവത്തോടൊപ്പം നടന്നതിന്റെ ഫലമായി ലഭിച്ച ആ മിന്നുന്ന നക്ഷത്രങ്ങളുള്ള രാത്രിയിലെ വാഗ്ദത്ത സമയത്ത് സംഭവിച്ച കാര്യങ്ങളാണ് (റോമ. 4:18–22): യാക്കോബ് 2:21–24-ൽ യാക്കോബ്, ഉല്പത്തി. 15:6-ൽ അബ്ര ഹാം തന്റെ പുത്രനെ ബലിപീഠത്തിൽ യാഗാർപ്പണത്തിനായി കിടത്തുന്നതു കൂടെ ചേർത്തു.

ഉല്പത്തി. 15:6, റോമർ 4ൽ പൗലൊസ് ഉപയോഗിക്കുവാനുള്ള കാരണങ്ങ ളിൽ മൂന്നാമത്തെ കാര്യം, അബ്രഹാം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് നീതീകരിക്കപ്പെട്ടത്- പ്രവൃത്തികളുടെ ഒരു കാര്യവും അവിടെ സൂചിപ്പിക്കുന്നില്ല. ചില യഹൂദ പഠിതാക്കൾ അബ്രഹാമിന്റെ പ്രവർത്തിയുടെ ഫലമായിട്ടാണ് താൻ നീതീകരിക്കപ്പെട്ടതെന്ന് ഉല്പത്തി. 15:6നെ ആസ്പദമാക്കി പഠിപ്പിക്കുവാൻ ശ്രമി ച്ചു. ആ വാക്യത്തെ കുറെക്കൂടെ തിരുത്തലുകൾ വരുത്തിക്കൊണ്ട് ഫലത്തിൽ ''അബ്രഹാം ദൈവത്തോടു വിശ്വസ്തനായിരുന്നു; ആ വിശ്വസ്തതയാണ് അബ്ര

ഹാമിന് നീതിയായി കണക്കിട്ടതെന്നവർ'' പഠിപ്പിച്ചു. എന്നാൽ അതല്ല ആ വാക്യം പഠിപ്പിക്കുന്നത്. അതു പറയുന്നത് ''അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അതാണ് അവന് നീതിയായി കണക്കാക്കപ്പെട്ടത്''.

യഹൂദന്മാർ ശക്തമായി പറഞ്ഞിരുന്നത്- അബ്രഹാമിന്റെ സന്ദർഭത്തിലെ ഏറ്റവും നല്ല മനുഷ്യനായിട്ടാണ് ജീവിച്ചത്. അതു കാരണത്താലാണ് തന്നെ ദൈവം തിരഞ്ഞെടുത്തതും. അതൊരു പക്ഷേ ശരിയായിരിക്കാം. ദൈവത്തിന്റെ വെളിച്ചത്തിൽ അബ്രഹാം നടന്നുവെന്നത് സത്യമാണ്. മുഴുലോകവും അന്ധകാരത്തിലായിരുന്ന കാലഘട്ടമായിരുന്നു അത്. അവൻ പറയുന്നത് ദൈവത്തിൽ വിശ്വസിക്കുവാൻ യാതൊരു സാദ്ധ്യതകളുമില്ലാതിരുന്ന-മാനുഷികമായി ചിന്തിച്ചാൽ-സാഹചര്യത്തിലാണ് സത്യദൈവത്തിൽ അബ്രഹാം വിശ്വസിച്ചത്. ഇതിലെല്ലാം യഹൂദന്മാരുടെ നിലപാടുകൾ ശരിയാണ്. എന്നാൽ അവർ തെറ്റിപ്പോയത് മാനുഷികമായ രീതിയിൽ അബ്രഹാമിന്റെ പ്രവൃത്തികൾ ദൈവത്തിന്റെ മുമ്പിൽ നീതീകരണത്തിനു ഹേതുവായി എന്നു പറഞ്ഞാണ്. അതിനാലാണ് പൗലൊസ് അതിനെ എതിർത്തുകൊണ്ട്, അങ്ങനെയല്ല അബ്രഹാം നീതീകരിക്കപ്പെട്ടത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന്.

''കണക്കിടപ്പെട്ടു'' എന്ന ഉദ്ധരണി വന്നിരിക്കുന്നത് ലോഗിസോമായി (*λογίζομαι, logizomai*) എന്ന വാക്കിൽ നിന്നുമാണ്.[2] ഈ ഗ്രീക്കുവാക്കിന്റെ വ്യത്യസ്തമായ ക്രിയാപദങ്ങൾ ഈ 4-ാം അദ്ധ്യായത്തിൽ പൗലൊസ് പതിനൊന്നുപ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഈ ഒരദ്ധ്യായത്തിൽ ചഅടആ ''കണക്കിട്ടു'' എന്നത് 8-ാം വാക്യത്തിൽ ഒഴികെ കാണാം. 8-ാം വാക്യത്തിൽ അതിനു പകരമായി ''കണക്കിലേക്കു ചേർക്കപ്പെട്ടുവെന്നു കാണാം''. ഗഖഢ യിൽ അതിന്റെ വാക്കുകൾ കണക്കിട്ടു, താരതമ്യം ചെയ്തു ''കൂട്ടിചേർത്തു'' എന്നൊക്കെയാണ്. ലോഗിസോമായി എന്ന പദത്തിനു പൗലൊസിന്റെ കാലത്ത്[3] നാനാർത്ഥമുണ്ടായിരുന്നു. എന്നാൽ അതിന്റെ അടിസ്ഥാന അർത്ഥം ''എണ്ണുക'' ''കണക്കു കൂട്ടുക,'' ''ഒരുമിച്ച് ചേർക്കുക'' എന്നൊക്കെയാണ്.[4]

''ലോഗിസോമായി'' എന്നത് കണക്കെഴുത്തുകാരുടെ ഒരു വാക്കായിരുന്നു. കൂടുതലും എഴുത്തുകാരും അപ്രകാരമാണ് പൗലൊസ് അത് റോമർ 4ൽ ഉപയോഗിച്ചിരിക്കുന്നതെന്നാണ് ജോൺ ഞ. ണ. സ്റ്റോട്ട് എഴുതിയത് ''ഇത് സാമ്പത്തിക സാഹചര്യത്തിൽ ഉപയോഗിക്കുന്ന ഒരു പദമാണ്. കണക്കിലേക്ക് ചേർത്തുവെക്കുക, മറ്റൊരാളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുക എന്നീ അർത്ഥങ്ങളാണിതിനുള്ളത്.[5] അതിനാൽ ഇഖആ 3-ാം വാക്യത്തെ പരിഭാഷപ്പെടുത്തിയിരിക്കുന്നത് (അബ്രഹാം) തന്റെ ആശ്രയത്തെ ദൈവത്തിൽ അർപ്പിച്ചു. അതിനെ ദൈവം അബ്രഹാമിന്റെ കണക്കിലേക്ക് ചേർത്തു വെച്ചതിന്റെ ഫലമായി നീതീകരിക്കപ്പെട്ടു. ജ്ഞ. ഉ. ബൽട്ടൺ നിർദ്ദേശിച്ചത് റോമർ 4ൽ വലിയ കണക്കുകളുള്ള ഒരു മുറിയിലെ എണ്ണുന്ന കൂട്ടത്തിലാണ് നമ്മൾ.[6]

**വാക്യം 4.** ഈ വാക്യത്തിൽ പൗലൊസ് തന്റെ നീതീകരണത്തിനുള്ള രണ്ടു വ്യവസ്ഥകളെക്കുറിച്ചു പറയുന്നു: നിയമം/കർമ്മപരിപാടിയും കൃപ/വി ശ്വാസ സംഹിതയും. പൗലൊസ് ഒന്നാമത്തെ വ്യവസ്ഥിതിയെ ഊന്നിപ്പറയുന്നു. **പ്രവൃത്തിക്കുന്നവന്, അവന്റെ കൂലി (ലോഗിസോമായി) അർഹതപ്പെട്ടതാണ് അല്ലാതെ ഔദാര്യമല്ല**. ഈ തത്വത്തിന് യാതൊരുവിധ ചെറുതോ വലുതോ ആയ വിവരണങ്ങൾ ആവശ്യമില്ല. നിങ്ങൾ ആർക്കെങ്കിലും വേണ്ടി പ്രയത്നിച്ചാൽ അതിന്റെ പ്രതിഫലം ഔദാര്യമോ സംഭാവനയോ അല്ല. കൂലിക്കാരൻ നിങ്ങൾക്കായി ജോലി ചെയ്യുന്നത് ഔദാര്യത്തിനല്ല; അയാൾക്ക്

കടപ്പാടോടുകൂടെ നന്ദിയും നിങ്ങൾ പറഞ്ഞാലും കൂലി ആവശ്യമുണ്ടെന്നത് നിങ്ങൾക്കറിയാം.

"ഔദാര്യം" എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്ക് ക്വാരീസ് χάρις (*charis*) എന്നാണ്. അത് കൃപയെന്നു നമ്മൾ പരിഭാഷപ്പെടുത്തിയിരിക്കുന്നു. "കടമായി" കിടക്കുന്നതിനുപയോഗിച്ചിരിക്കുന്ന പദം "ഒഫിലോമിയ" ὀφείλημα (*opheilēma*) സാമ്പത്തിക ഇടപാടിൽ കടമായികിടക്കുന്നതെന്നർത്ഥം. അഥവാ ധാർമ്മിക കാര്യങ്ങളിൽ കടമായികിടക്കുന്നതെന്നർത്ഥം അഥവാ ധാർമ്മിക കാര്യങ്ങളിൽ കടമകളായിട്ടുള്ളത്, കടം എന്നൊക്കെയാണ്[7] (KJV കാണുക) ഒരു നിയമ സംവിധാനമോ കർമ്മ സംവിധാനമോ പ്രഖ്യാപിക്കുന്നത്, നാം കൃപയാലല്ല രക്ഷിക്കപ്പെട്ടിരിക്കുന്നതെന്നാണ്. നമ്മുടെ പ്രവർത്തികളെ ദൈവം നല്ല പ്രവർത്തികളായി കണ്ടാൽ അത് പ്രതിഫലമാണ് അല്ലാതെ ദൈവത്തിന്റെ ഔദാര്യമല്ല.

**വാക്യം 5.** പൗലൊസ് അടുത്തതായി വൈരുദ്ധ്യമായി കാണുന്നത് കൃപ/വിശ്വാസ സംവിധാനത്തെയാണ്. **പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു.**

പ്രവർത്തിക്കാത്തവന് എന്ന വാക്കിന് ചില ഗുണഗണങ്ങൾകൂടെ വേണം. ഇതിനെ സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്തു ചിന്തിച്ചാൽ "ദൈവത്തിനുവേണ്ടി പ്രവർത്തിക്കുന്നത് ആവശ്യമില്ലാത്ത കാര്യമായി തോന്നും" – ആ ഒരാശയം വളരെ പ്രയാസമുള്ളതാണ്. കർത്താവിന് വേണ്ടി പ്രവർത്തിക്കുന്നത് പ്രധാനമാണെന്ന് പൗലൊസ് കരുതിയില്ലേ? തീർച്ചയായും. റോമർ 16:12–ൽ "കർത്താവിനു വേണ്ടി വളരെ അദ്ധ്വാനിച്ചവളായ" പെർസിസിനെ പ്രശംസിക്കുന്നുണ്ട്. "കർത്താവിന്റെ വേലയിൽ" സകലവും സമർപ്പിക്കുന്നതിനായി തന്റെ വായനക്കാരെ പൗലൊസ് പലപ്പോഴും പ്രോൽസാഹിപ്പിക്കുന്നുണ്ട് (1 കൊരി. 15:58; കാണുക ഗലാ. 5:6; എഫെ. 2:10; കൊലൊ. 1:10; 1 തിമോ. 5:17; 6:18). പൗലൊസ് അദ്ധ്വാനിച്ചതിനേക്കാളേറെ, മറ്റാരെങ്കിലും യജമാനനുവേണ്ടി അദ്ധ്വാനിച്ചിട്ടുണ്ടോ എന്നത് സംശയമാണ് (കാണുക 1 കൊരി. 15:10; 2 കൊരി. 11:23, 27).

അതിനാൽ "പ്രവർത്തിക്കാത്തവൻ" എന്ന പ്രയോഗത്തിന് എന്തെങ്കിലുമൊരു വിശദീകരണം ഉണ്ടായിരിക്കണമെന്നത് വ്യക്തമാണ്. 4, 5 എന്നീ വാക്യങ്ങളിലെ പ്രയോഗങ്ങൾ പരസ്പരം താരതമ്യം ചെയ്യുകയാണ് ഏറ്റവും ലളിതമായ മാർഗ്ഗം: "പ്രവർത്തിക്കാത്തവൻ"–ഉം "പ്രവർത്തിക്കുന്നവൻ."–ഉം. "പ്രവർത്തിക്കുന്നവൻ" (4:4), ശമ്പളം ലഭിക്കുന്നതിനായി "പ്രവർത്തിക്കുന്ന" ഒരു ജീവനക്കാരനാണ്. "പ്രവർത്തിക്കാ ത്തവൻ" (4:5), ദൈവത്തെ കടക്കാരനാക്കിത്തീർക്കുന്നതിനു വേണ്ടി "പ്രവർത്തി ക്കാത്ത" എന്നാൽ മറിച്ച് സ്നേഹവും പ്രശംസയും പ്രകടിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നവൻ ആണ്. ലിയോൺ മോറിസ് ഇതിനെക്കുറിച്ച് എഴുതുന്നത് ഇങ്ങനെയാണ്: "വൈരുദ്ധ്യം പ്രവർത്തി ചെയ്യുന്നവനും പ്രവർത്തി ചെയ്യാത്തവനും തമ്മിലല്ല (പൗലൊസ് അലസതയെ (പ്രോൽസാഹിപ്പിക്കുകയല്ല) എന്നാൽ സ്വന്തം പ്രവർത്തി കളിൽ വിശ്വാസമർപ്പിക്കുന്നവരും ദൈവത്തിൽ വിശ്വാസമർപ്പിക്കുന്നവരും തമ്മിലാണ്."[8]

"അഭക്തനെ നീതീകരിക്കുന്നവൻ" ആയി ദൈവത്തെ വാക്യം 5–ൽ വിവരിക്കുന്നു. "അഭക്തൻ" (ἀσεβής, *asebēs*) എന്ന് ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ള വാക്ക്, "ഭക്ത്യാദരപൂർണ്ണമായ ഭയം ഇല്ലാത്ത" ഒരു വ്യക്തിയെ പരാമർശിക്കുന്ന

ശക്തമായ ഒരു പ്രയോഗം'' ആണ്. ''സമ്പൂർണ്ണമായും യോഗ്യതയില്ലാത്ത'' വ്യക്തികളെ ദൈവം നീതീകരിക്കുന്നുവെന്നാണ് ഭാഷ സൂചിപ്പിക്കുന്നത്.[9] ദൈവം തന്റെ പുത്രനെ പാപങ്ങൾക്ക് ഒരു പ്രായശ്ചിത്തമാകുവാനായി നൽകിയത് (3:25) കൊണ്ടാണ് ദൈവത്തിന് ഇത് ചെയ്യുവാൻ കഴിയുന്നത്. ''ക്രിസ്തു അഭക്തർക്കു വേണ്ടി മരിച്ചു'' (5:6). ഒരു വ്യക്തി ദൈവത്തിൽ (അവിടുത്തെ പുത്രനിലും) തന്റെ വിശ്വാസമർപ്പിക്കുമ്പോൾ ''അവന്റെ വിശ്വാസം അവന് നീതിയായി കണക്ക ിടുന്നു (ലോഗിസൊമായ്).'' ടിഇവിയിലെ പരിഭാഷ, ''അവന്റെ വിശ്വാസമാണ് ദൈവം പരിഗണിക്കുന്നത്'' (ഊന്നൽ ചേർത്തിട്ടുള്ളത്) എന്നാണ്.

**വാക്യങ്ങൾ 6–8.** അദ്ധ്യായം 4–ൽ, വിശ്വാസത്താൽ നീതീകരിക്കപ്പെട്ട (പ്രവർത്തിയാലല്ല), ഒരു വ്യക്തിയുടെ മുഖ്യ ഉദാഹരണമായി പൗലൊസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അബ്രഹാമിലാണ്. എങ്കിൽത്തന്നെയും, 6 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ അദ്ദേഹം മറ്റൊരു ഉദാഹരണം കൂടി അവതരിപ്പിക്കുന്നു – യഹൂദർ ആദരിക്കുന്ന മറ്റൊരു വ്യക്തി – ദാവീദ് രാജാവ്. ''അഭക്തരെ നീതീകരിക്കുന്നു'' എന്ന് പൗലൊസ് അൽപ്പം മുൻപാണ് പറഞ്ഞിട്ടുള്ളത്. അതിനാൽ ചില യഹൂദരുടെ ഹൃദയങ്ങളിൽ, അബ്രഹാം അഭക്തനായിരുന്നുവോ എന്നൊരു ചോദ്യം ഉണ്ടായിരു ന്നേക്കാം; എന്നാൽ ദാവീദിനെക്കുറിച്ച് അത്തരത്തിലൊരു സംശയത്തിന് പ്രസക്തി യേയില്ല. ഏതാനും ആഴ്ചകളുടെ കാലയളവിൽ ദാവീദ് പത്ത് കൽപ്പനകളിലെ നാല് കൽപ്പനകളുടെ ലംഘനമാണ് നടത്തിയത് (2 ശമു. 11; 12; പുറ. 20:13, 14, 16, 17). ദാവീദിന്റെ ഉദാഹരണം, പഴയ നിയമത്തിൽ വിശ്വാസത്താലുള്ള നീതീകരണ ത്തെ ക്കുറിച്ച് പഠിപ്പിച്ചിരുന്നുവെന്ന യാഥാർത്ഥ്യത്തെ അരക്കിട്ടുറപ്പിക്കുക മാത്രമല്ല, ഈ തത്വത്തിന്റെ ദൂരവ്യാപകമായ സ്വഭാവത്തെക്കുറിച്ച് ചിത്രീകരിക്കുകയും ചെയ്യുന്നു.

പ്രവർത്തികൾക്ക് പുറമേ, **ദൈവം നീതിയുടെ കണക്കിടുന്ന** ലോഗിസൊമായ് λογίζομαι (*logizomai*) **ഒരു വ്യക്തിയുടെ മുകളിലുള്ള അനുഗ്രഹത്തെക്കുറിച്ച് ദാവീദ്** പറഞ്ഞുവെന്ന് പൗലൊസ് പറഞ്ഞു. ഈയൊരു പശ്ചാത്തലത്തിൽ, ''നീതിയുടെ കണക്കിടൽ''പരാമർശിക്കുന്നത്, വലിയ അനീതി പ്രവർത്തിച്ച കുറ്റമുള്ള ഒരു വ്യക്തിയുടെ (ദാവീദ്) ''നീതിയെ എണ്ണുന്നതിനെക്കുറിച്ചാ'' ണ്. മറ്റ് വാക്കുകളിൽ, 4:6–ൽ ''നീതിയുടെ കണക്കിടൽ'' അർത്ഥമാക്കുന്നത്, തെറ്റ് ചെയ്ത തന്റെ മക്കളിലൊരാളോടുള്ള ദൈവീക ക്ഷമയെക്കുറിച്ചാണ്.

പൗലൊസ് സാധാരണയായി ചെയ്യുന്നതുപോലെ, ഇവിടെയും പഴയ നിയമത്തിന്റെ ഗ്രീക്ക് ഭാഷാന്തരത്തിൽ നിന്നാണ് (എൽഎക്സ്എക്സ്). 4:7, 8–ൽ പരാമർശിക്കപ്പെടുന്ന വചന ഭാഗം സങ്കീർത്തനം 32:1, 2 ആണ്:

**ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ,**
**യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും**
**ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.**

സങ്കീർത്തനങ്ങൾ 51, 32 എന്നിവ, ദാവീദ് ബത്ത് – ശേബയോട് ദാവീദ് പ്രവർത്തിച്ച പാപവുമായി ബന്ധപ്പെട്ടതാണ് എന്ന് നിരവധി എഴുത്തുകാരും കരുതുന്നു – അതായത് സങ്കീർത്തനം 51, ദാവീദിന്റെ ക്ഷമായാചനയും[10] സങ്കീർത്തനം 32, ദൈവം അദ്ദേഹത്തോട് ക്ഷമിച്ചതിനുള്ള നന്ദി പ്രകടനവും.[11]

സങ്കീർത്തനം 32:1, 2–ൽ ദാവീദ് ദൈവത്തിന്റെ കരുണയ്ക്കായി

തന്റെ കൃതജ്ഞത പ്രകടിപ്പിച്ചു. തന്റെ ഉള്ളിൽ എത്രത്തോളം നന്ദിയുണ്ട് എന്ന് കാണിക്കു ന്നതിനായി കൃതജ്ഞതാ പ്രയോഗങ്ങൾ ഇരട്ടിപ്പിച്ചു. ഒന്നാമതായി, ''ഭാഗ്യവാൻ'' എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള വാക്ക് (μακάριος, *makarios*), ദൈവത്തിന്റെ വിശ്വസ്തനായ പൈതലിന് മാത്രം അറിയാവുന്ന സവിശേഷമായ ആനന്ദമാണ്. അത് ''ആഹ്ലാദവും അതിലേറെയും'' ആയി കണക്കാക്കപ്പെട്ടേക്കാവുന്നതാണ്.

രണ്ട് വാക്കുകൾ ദാവീദിന്റെ പാപത്തിന്റെ ആധിക്യം പ്രതിപാദിക്കുന്നു: നീതിയ ല്ലാത്ത പ്രവർത്തികൾ എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള ἀνομία (*anomia*)-യും ''പാപം'' എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള ἁμαρτία (*hamartia*)-യും (കാണുക 3:23).

ദൈവത്തിന്റെ കരുണ എത്ര മഹനീയമാണ് എന്ന് മറ്റ് മൂന്ന് വാക്കുകൾ കാണിക്കുന്നു. ഒന്നാമതായി, ദാവീദിന്റെ നീതിയില്ലാത്ത പ്രവർത്തികൾ ''ക്ഷമിക്കപ്പെട്ടിരിക്കുന്നു ἀφίημι (*aphiēme*). സങ്കീർത്തനം 32:1-ലെ ''ക്ഷമിക്കപ്പെട്ടിരിക്കുന്നു'' എന്ന വാക്കിന് ഫ്രാൻസ് ഡെലിഷ് നിർവ്വചനം നൽകിയിരിക്കുന്നത് ''എടുത്തുയർത്തുകയും മാറ്റിക്കളയുകയും'' ആയിട്ടാണ്.[12]

രണ്ടാമതായി, ദാവീദിന്റെ പാപങ്ങൾ ''മറയ്ക്കപ്പെട്ടിരിക്കുന്നു.'' ''മറയ്ക്കപ്പെട്ടിരി ക്കുന്നു'' എന്ന വാക്ക് ഭാഷാന്തരം ചെയ്തിട്ടുള്ള ἐπικαλύπτω (*epikaluptō*) എന്ന വാക്ക്, ἐπί (*epi*, ''മുകളിൽ''), καλύπτω (*kaluptō*, ''മറയ്ക്കുക'') എന്നീ രണ്ട് വാക്കുകൾ കൂട്ടിയോജിപ്പിച്ചിട്ടുള്ള ഒരു മിശ്രിത വാക്കാണ്; അതിന്റെ അർത്ഥം ''മുകളിൽ മൂടിയി രിക്കുന്നു.'' എന്നാണ്. എൻഎൽടി ഭാഷാന്തരം ''ദൃഷ്ടിയിൽ നിന്ന് മാറ്റിക്കളയുക'' എന്ന് പറയുമ്പോൾ, എബി പരിഭാഷ, ''മൂടിക്കളയുകയും പൂർണ്ണമായും കുഴിച്ചിടപ്പെ ടുകയും ചെയ്തു'' എന്നാണ്. ''മറയ്ക്കപ്പെട്ടത്'' എന്ന വാക്കിനെ ഡെലിഷ് നിർവ്വചി ക്കുന്നത് ''ഒരു ആവരണം'' ആയിട്ടാണ്, ''അതിലൂടെ, അത് അതിവിശുദ്ധനായ ദൈവത്തിന് അദൃശ്യമായിത്തീ രുന്നു; അത് ഒരിക്കലും സംഭവിച്ചിട്ടില്ല എന്നതു പോലെ.''[13]

പൗലൊസിന്റെ വാദങ്ങളിൽ, ഏറ്റവും പ്രാധാന്യമേറിയത് ''കണക്കിട പ്പെടുക''എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള മൂന്നാമത്തെ പ്രയോഗമാണ്. റോമർ ക്കുള്ള ലേഖനത്തിൽ ഉദ്ധരിച്ചിട്ടുള്ള സങ്കീർത്തനം ''അകൃത്യം കണക്കിടാതെയി രിക്കുന്ന'' വ്യക്തി എന്ന് പറയുന്നു. ''കണക്കാക്കുക'' എന്നത് പരിഭാഷപ്പെ ടുത്തിയിരിക്കുന്നത് ലോഗിസൊമായ് (λογίζομαι)-ൽ നിന്നാണ്. ഈ വാക്ക് ഈ അദ്ധ്യായത്തിന്റെ ബാക്കിയുള്ള ഭാഗങ്ങളിൽ ''കണക്കിലെടുക്കുക'' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു. കണക്കാക്കുന്നതിനുള്ള ദൈവത്തിന്റെ അത്യത്ഭു തകരമായ സംവിധാനത്തെ മറ്റൊരു വിധത്തിൽ നോക്കിക്കാണുന്നതിനുള്ള മാർഗ്ഗം പൗലൊസ് അവതരിപ്പിക്കുകയായി രുന്നു. 3, 5 എന്നീ വാക്യങ്ങളിൽ ദൈവത്തിന്റെ കണക്കു പുസ്തകത്തെ നോക്കുന്ന തിനുള്ള ധനാത്മകമായ ഒരു മാർഗ്ഗം അവതരിപ്പിക്കുന്നു. കണക്കു പുസ്തകത്തിന്റെ ക്രെഡിറ്റ് എഴുതുന്ന വശത്ത് ദൈവം ''അഭക്തർക്ക്'' നീതി കണക്കിട്ടു. വാക്യം 8-ൽ ദൈവീക കണക്കു പുസ്തകത്തെ ക്ഷയാത്മകമായി നോക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് അവതരിപ്പിക്കുന്നത്. കണക്കു പുസ്തകത്തിന്റെ ഡെബിറ്റ് എഴുതുന്ന തിനുള്ള വശത്ത്, ദൈവം അഭക്തർക്ക് അനീതി ചേർത്തില്ല. സിജെബി പറയുന്നത് ''ദൈവം പാപം തന്റെ കണക്കിനോട് ചേർക്കാത്ത മനുഷ്യൻ ഭാഗ്യവാൻ'' എന്നാണ്.

ഇത് എത്ര മഹത്തരമാണെന്ന് വിലമതിക്കണമെങ്കിൽ, ദാവീദ് ചെയ്തതിന് എന്താണ് അദ്ദേഹം അർഹിച്ചിരുന്നത് എന്ന് ചിന്തിക്കുമ്പോഴാണ്. മോശെയ യുടെ ന്യായപ്രമാണം അനുസരിച്ച്, ഏറ്റവും കുറഞ്ഞത് രണ്ട് കുറ്റങ്ങൾക്ക്

കല്ലെറിഞ്ഞ് കൊല്ലുന്നതിനായി വിധിക്കപ്പെടുന്നതിന് അദ്ദേഹം അർഹന ായിരുന്നു: (വ്യഭി ചാരം (ആവ. 22:22, 24; കാണുക യോഹ. 8:5), കൊലപാതകം (ലേവ്യ. 24:17). എങ്കിലും, അദ്ദേഹത്തിന്റെ പാപം വെളിപ്പെട്ടപ്പോൾ, അദ്ദേഹത്തെ പട്ടണത്തിന് പുറത്തേക്ക് വലിച്ചിഴച്ച് കൊണ്ടുപോകുകയും ചതഞ്ഞ് മുറിഞ്ഞ ശരീരത്തിൽ നിന്ന് ജീവൻ പോകുന്നതു വരെ കല്ലെറിയുകയും ചെയ്തില്ല. പകരം അദ്ദേഹത്തിന്റെ പാപങ്ങൾ ക്ഷമണിക്കപ്പെട്ടു ... മറയ്ക്കപ്പെടുകയും ... അവ അദ്ദേ ഹത്തിന് എതിരായി കണക്കിട്ടില്ല! തന്നെത്തന്നെ "ഭാഗ്യവാൻ" എന്ന് വിളിക്കുന്നതിൽ യാതൊരു അത്ഭുതവുമില്ല!

ദൈവം "പ്രവർത്തികൾക്ക് പുറമേ" (4:6) നീതി കണക്കിടുന്നതിന്റെ ഒരു ഉദാഹരണമാണ് സങ്കീർത്തനം 32:1, 2 എന്ന് പൗലൊസ് പറഞ്ഞു. ക്ഷമിക്കപ്പെടു ന്നതിന് ദാവീദിന് മറ്റൊന്നും ചെയ്യേണ്ടിയിരുന്നില്ല എന്ന് പൗലൊസ് സൂചിപ്പിക്കുകയാ യിരുന്നില്ല. പശ്ചാത്താപത്താൽ ദാവീദിന്റെ ഹൃദയം നുറുക്ക പ്പെടേണ്ടതുണ്ടായിരുന്നു (സങ്കീ. 51:17). ദാവീദിന് തന്റെ പാപം അംഗീകരി ക്കുകയും കർത്താവിനോട് അത് ഏറ്റു പറയുകയും ചെയ്യേണ്ടതുണ്ടായിരുന്നു (കാണുക സങ്കീ. 32:5 51:3, 4). അദ്ദേഹത്തിന് കർത്താ വിനോട് പാപക്ഷമയ്ക്കായി പ്രാർത്ഥിക്കേണ്ടതുണ്ടായിരുന്നു (കാണുക സങ്കീ. 32:6; 51:1, 2, 9). ദൈവത്തിന്റെ പാപക്ഷമ സമ്പാദിക്കുന്നതിനായി അല്ലെങ്കിൽ അതിന് അർഹമായിത്തീ രുന്നതിനായി, ദാവീദിന് ഒന്നും തന്നെ ചെയ്യുവാൻ സാധിക്കുമായിരുന്നില്ല എന്നായിരുന്നു പൗലൊസ് പറഞ്ഞത്. ദൈവം ക്ഷമിക്കുമ്പോൾ, അത് കൃപയുടെ അടിസ്ഥാനത്തിലാണ്, പ്രവർത്തികളുടെ അടിസ്ഥാനത്തിലല്ല.

ദാവീദിനെക്കുറിച്ചുള്ള (4:6–8) ഉദാഹരണത്തിൽ, പൗലൊസ് വിശ്വാസത്തെ ക്കുറിച്ച് പരാമർശിക്കുന്നില്ല; എന്നാൽ അദ്ദേഹത്തിന്റെ നിരവധി യഹൂദ വായന ക്കാർക്കും സങ്കീർത്തനം 32 മന:പാഠമായിരിക്കും. ആദ്യത്തെ രണ്ട് വചനങ്ങളിൽ നിന്നുള്ള ഉദ്ധരണി, ഒരു പക്ഷേ ആ മുഴുവൻ സങ്കീർത്തനവും ഓർമ്മയിലേക്ക് കൊണ്ടു വരും – അതിൽ ഈ വചനവും ഉൾപ്പെടുന്നു: "ദുഷ്ടന്നു വളരെ വേദന കൾ ഉണ്ടു; യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുറ്റിക്കൊള്ളും" (സങ്കീ. 32:10).

### നീതി പരിച്ഛേദനയുടെ അടിസ്ഥാനത്തിലല്ല (4:9-12)

**[9]ഈ ഭാഗ്യവർണ്ണനം പരിച്ഛേദനെക്കോ? അഗ്രചർമ്മത്തിന്നു കൂടെ യോ? അബ്രഹാമിന്നു വിശ്വാസം നീതിയായി കണക്കിട്ടു എന്നല്ലോ നാം പറയുന്നതു. [10]എങ്ങനെ കണക്കിട്ടതു? പരിച്ഛേദനയിലോ? അഗ്രചർമ്മത്തിലോ? പരിച്ഛേദനയിലല്ല. അഗ്രചർമ്മത്തിലത്രേ. [11]അഗ്രചർമ്മത്തിൽവെച്ചു ഉണ്ടായി രുന്ന വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയാളം അവന്നു ലഭിച്ചതു അഗ്രചർമ്മത്തോടെ വിശ്വസിക്കുന്നവർക്കും കൂടെ നീതി കണക്കിടപ്പെടുവാന്തക്കവണ്ണം താൻ അവർക്കു എല്ലാവർക്കും പിതാവായിരിക്കേണ്ടതിന്നും [12]പരിച്ഛേദന മാത്രമുള്ളവരല്ല നമ്മുടെ പിതാവായ അബ്രഹാമിന്നു അഗ്രചർമ്മത്തിൽവെച്ചു ഉായിരുന്ന വിശ്വാസത്തെ അന ുഗമിക്കുന്നവരുമായ പരിച്ഛേദനക്കാർക്കു പിതാവായിരിക്കേണ്ടതിന്നും തന്നേ.**

അദ്ധ്യായം 4–ൽ വിശ്വാസത്താലുള്ള നീതീകരണത്തിന്റെ മുഖ്യോദാഹ രണം അബ്രഹാമായിരുന്നു. പഴയ നിയമത്തിലും പുതിയ നിയമത്തിലും

അബ്രഹാം മുഖ്യ സ്ഥാനം അലങ്കരിക്കുന്ന ഒരു വ്യക്തിത്വമാണ്. പൗലൊസിന്റെ അല്ലെങ്കിൽ പത്രൊസിന്റെ പേരിനേക്കാൾ കൂടുതൽ പ്രാവശ്യം പുതിയ നിയമത്തിൽ കാണപ്പെടുന്ന പേര് അബ്രഹാമിന്റേതാണ്![14] ഈ അദ്ധ്യായത്തിലെ ഒരു പ്രതിപാദ്യവിഷയം അബ്രഹാമിന്റെ പിതൃസ്ഥാനമാണ്. വാക്യം 12-ൽ പൗലൊസ് അദ്ദേഹത്തെ, "നമ്മുടെ പിതാവ് അബ്രഹാം." എന്നാണ് വിളിക്കുന്നത്. വാക്യം 11-ൽ അബ്രഹാം "വിശ്വസിക്കുന്ന എല്ലാവരുടെയും പിതാവ്" എന്നാണ് വിളിക്കപ്പെടുന്നത്. പിന്നീട്, വാക്യം 16-ലാകട്ടെ പൗലൊസ് "നമുക്കെല്ലാവർക്കും പിതാവായ അബ്രഹാം"-മിനെക്കുറിച്ച് പറഞ്ഞു.

4:9-12 വിവരണം നൽകുന്നതിന് മുൻപായി, അബ്രഹാമിന്റെ ജീവിതത്തിലെ ചില മുഖ്യ സംഭവങ്ങൾ, അവ നടന്ന ക്രമത്തിൽ നമുക്ക് പരിശോധിക്കാം. അബ്രഹാമിന് ഏകദേശം അറുപത് വയസ്സായിരുന്നപ്പോൾ, ദൈവം അദ്ദേഹത്തെ കൽദയരുടെ പട്ടണമായ ഊരിൽ നിന്ന് വിളിച്ചു (ഉൽ. 11:31; 15:7). അബ്രഹാമും അദ്ദേഹത്തിന്റെ പിതാവായ തേരഹും കുടുംബത്തിലെ മറ്റുള്ളവർക്കൊപ്പം ഹാരാനിലേക്ക് താമസം മാറി. തേരഹിന്റെ മരണത്തിന് ശേഷം (ഉൽ. 11:32), അബ്രഹാമിന് എഴുപത്തിയഞ്ച് വയസ്സായിരു ന്നപ്പോൾ (ഉൽ. 12:4), ദൈവം അദ്ദേഹത്തിന് പ്രത്യക്ഷനായി ഇങ്ങനെ പറഞ്ഞു,

> നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു
> പ ുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന
> ദേശത്തേക്കു (കനാൻ) പോക.
> ഞാൻ നിന്നെ വലിയോരു ജാതിയാക്കും;
> നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും;
> നീ ഒരു അനുഗ്രഹമായിരിക്കും.
> നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും.
> നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും;
> നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉൽ. 12:1-3).

ദൈവം അബ്രഹാമിന് ഒരു സ്വത്തിന്റെ വാഗ്ദത്തവും സന്തതിപരമ്പരകൾക്കുള്ള വാഗ്ദത്തവും സംരക്ഷണത്തിനുള്ള വാഗ്ദത്തവും നൽകി. എന്നാൽ നമുക്ക് ഏറ്റവും താൽപര്യമുണർത്തുന്ന വാഗ്ദത്തം, ഉദ്ദേശ്യത്തിന്റെ ഈ വാഗ്ദാ നമാണ്: "നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (കാണുക ഗലാ. 3:8).

അബ്രഹാം കനാനിലേക്ക് കൂടാരം മാറ്റി അടിച്ചു. എന്നാൽ ഒരു ദശാബ്ദത്തോളം പിന്നിട്ടതിന് ശേഷവും അദ്ദേഹത്തിനും സാറായിക്കും സന്താനങ്ങളില്ലായിരുന്നു. ഭൂമി യിലെ പൊടി പോലെയും (ഉൽ. 13:16) ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും അദ്ദേഹ ത്തിന്റെ വംശം ആയിത്തീരുമെന്ന് ദൈവം അദ്ദേഹത്തിന് ഉറപ്പു നൽകിയിരുന്നു (ഉൽ. 15:5). ആ സമയത്ത്, അബ്രാഹാം, "യഹോവയിൽ വിശ്വസിച്ചു; അതു അവൻ അവന്നു നീതിയായി കണക്കിട്ടു (ഉൽ. 15:6) എന്ന് പറഞ്ഞിരിക്കുന്നു" (ഉൽ. 15:6).

മറ്റൊരു പതിനാല് വർഷങ്ങൾ കൂടി കടന്നു പോയി. അബ്രഹാം തൊണ്ണൂറ്റിയൊൻപതിലെത്തിയപ്പോൾ ദൈവം അവന് വീണ്ടും പ്രത്യക്ഷനായി പറഞ്ഞു,

എനിക്കു നിന്നോടു ഒരു നിയമമുണ്ട്;
നീ ബഹുജാതികൾക്കു പിതാവാകും;
ഇനി നിന്നെ അബ്രാം ("ഉയർത്തപ്പെട്ട പിതാവ്") എന്നല്ല വിളിക്കേണ്ടതു;
ഞാൻ നിന്നെ ബഹു ജാതികൾക്കു പിതാവാക്കിയിരിക്കയാൽ നിന്റെ പേ
ർ അബ്രഹാം ("അനേക ജാതികളുടെ പിതാവ്") എന്നിരിക്കേണം.
ഞാൻ നിന്നെ അധികമധികമായി വർദ്ധിപ്പിച്ചു, അനേകജാതികളാക്കും;
നിന്നിൽ നിന്നു രാജാക്കന്മാരും ഉത്ഭവിക്കും. (ഉൽ. 17:4-6).

ആ സമയത്ത്, ദൈവം പരിച്ഛേദന എന്ന അനുഷ്ഠാനം സ്ഥാപിച്ചു (ഉൽ. 17:9-14, 23-27). അത് ‘‘എനിക്കും നിനക്കും മദ്ധ്യേയുള്ള ഉടമ്പടിയുടെ അടയാളമാകും’’ എന്ന് ദൈവം പറഞ്ഞു (ഉൽ. 17:11; പ്രത്യേകമായി ഊന്നൽ ചേർത്തിരിക്കുന്നു).

മറ്റൊരു സംഭവം ഏറെ ശ്രദ്ധാർഹമാണ്: അബ്രഹാം തന്റെ വിശ്വാസത്തിന്റെ ഏറ്റവും ദുഷ്കരമായ ഒരു പരീക്ഷ നേരിട്ടതിന് ശേഷം (യിസഹാക്കിനെ ബലിയായി നൽകുക), ദൈവം അബ്രഹാമുമായുള്ള തന്റെ ഉടമ്പടി പുതുക്കുകയും ഇങ്ങനെ അരുളിച്ചെയ്യുകയും ചെയ്തു, ‘‘നീ എന്റെ വാക്കു അനുസരിച്ചതു കൊണ്ടു നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകലജ ാതികളും അനുഗ്രഹിക്കപ്പെടും എന്നു ഞാൻ എന്നെക്കൊണ്ടു തന്നേ സത്യം ചെയ്തിരിക്കുന്നു’’ (ഉൽ. 22:18). ഈ വചന ഭാഗം പഠന വിധേയമാക്കുമ്പോൾ, ഈ കാലഗണനക്രമം മനസ്സിൽ സൂക്ഷിക്കുക.[15]

രണ്ട് വസ്തുതകൾ എല്ലാ യഹൂദ ഹൃദയങ്ങൾക്കും പ്രിയപ്പെട്ടതാണ്: അവർ പരി ച്ഛേദന ഏറ്റിട്ടുണ്ടായിരുന്നുവെന്നതും അവർക്ക് ന്യായപ്രമാണം ഉണ്ടായിരുന്നു വെന്നതും. ഇവ അവരെ യഹൂദരാക്കിത്തീർക്കുകയും ദൈവത്തിന്റെ കണ്ണുകളിൽ പ്രത്യേകതയുള്ള വരാക്കിത്തീർക്കുകയും ചെയ്തു. അവർ പരിച്ഛേദനയിലും നീതീകരണത്തിന്റെ നിയമ ത്തിലും ആശ്രയിച്ചു (കാണുക അ.പ്രവ. 15:1). അദ്ധ്യായം 2-ൽ, പൗലൊസ് ആദ്യം ന്യായപ്രമാണത്തെക്കുറിച്ച് ചർച്ച ചെ യ്തു (2:17-24), പിന്നീട് പരിച്ഛേദനയെക്കുറിച്ചും (2:25-29). അദ്ധ്യായം 4-ൽ, ദൈവത്തിന്റെ വിസ്മയകരമായ കണക്കുകളുടെ സംവിധാനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത് തുടരവേ, ആ രണ്ട് ഘടകങ്ങളെക്കുറിച്ച് വിപരീത ക്രമത്തിൽ അദ്ദേഹം വീണ്ടും ചർച്ച ചെയ്യുകയാണ് (4:9-12, 13-15).

**വാക്യം 9**. പൗലൊസ് ചോദിക്കുന്നു. **ഈ ഭാഗ്യവർണ്ണനം പരിച്ഛേദനെക്കോ? അഗ്രചർമ്മത്തിന്നു കൂടെയോ?**[16]. മറ്റ് തരത്തിൽ പറഞ്ഞാൽ, യഹൂദരുടെ പാപങ്ങൾ മാത്രമേ ക്ഷമിക്കപ്പെടുകയുള്ളോ, അതോ പരിച്ഛേദന ഏൽക്കാത്ത വരുടെയും പാപങ്ങളും ക്ഷമിക്കപ്പെടുമോ? നിരവധി യഹൂദൻ മാർ ഇങ്ങനെ പ്രതികരിച്ചിരുന്നിട്ടുണ്ടാവാം, ‘‘അത്തരം അനുഗ്രഹങ്ങൾ യഹൂദൻമാർക്ക് മാത്രമുള്ളതാണ്!’’ എങ്കിലും, ദൈവത്തിന്റെ കരുണാപൂ ർണ്ണമായ അനുഗ്രഹങ്ങൾ *എല്ലാവർക്കും* വേണ്ടിയുള്ളതാണ് എന്ന് പൗലൊസ് വാദിച്ചിട്ടുണ്ടാവാം.

താൻ നിരത്തുന്ന തെളിവുകളുടെ വചന ഭാഗത്തെക്കുറിച്ച് വായനക്കാരെ പൗലൊസ് ആദ്യം ഓർമ്മിപ്പിക്കുന്നു (ഉൽ. 15:6): **അബ്രഹാമിനു വിശ്വാസം നീതിയായി കണക്കിട്ടു (ലോഗിസൊമായ്)** എന്നല്ലോ നാം പറയുന്നതു.

**വാക്യം 10**. അദ്ദേഹം പിന്നീട് ചോദിക്കുന്നു, **എങ്ങനെ കണക്കിട്ടതു** (ലോഗിസൊ മായ്)? **പരിച്ഛേദനയിലോ? അഗ്രചർമ്മത്തിലോ?** അബ്രഹാമിന്റെ

വിശ്വാസം നീതിയായി കണക്കിട്ടപ്പോൾ, അദ്ദേഹം ജീവിച്ച സാഹചര്യങ്ങൾ ഈ ചോദ്യങ്ങളിൽ ഉൾപ്പെ ടുന്നു. ഒരുപക്ഷേ ഒരു യഹൂദനും ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത ഒന്നായിരിക്കണം ഈ ചോദ്യം.

പൗലൊസ് തന്റെ ചോദ്യത്തിന് സ്വയം ഉത്തരം നൽകുകയാണ്: **പരിച്ഛേദനയിലല്ല. അഗ്രചർമ്മത്തിലത്രേ**. അബ്രഹാമിന്റെ വിശ്വാസത്താലുള്ള നീതീകരണം സംബന്ധിച്ച പ്രസ്താവന ഉൽപ്പത്തി 15-ലും പരിച്ഛേദനയുടെ അനുഷ്ഠാനം ഉൽപ്പത്തി 17-ലും - ഏറ്റവും കുറഞ്ഞത് പതിനാല് വർഷങ്ങൾക്ക് ശേഷം - കാണുന്നു.[17] യഹൂദ പുരുഷൻമാർ വിശ്വസിച്ചി രുന്നത്, ഒരു തരത്തിൽ, പരിച്ഛേദന അവരെ ''യഹൂദരാ'' ക്കിത്തീർത്തു വെന്നാണ്. അവർ യഹൂദരെ ''പരിച്ഛേദനക്കാർ'' എന്നും ജാതികളെ ''അഗ്രചർമ്മികൾ'' എന്നും പരാമർശിച്ചു. അതിനാൽ അവരുടെ സ്വന്തം ന്യായയുക്തിയനുസരിച്ച്, അബ്രഹാം ഒരു ''യഹൂദൻ'' ആയിത്തീരുന്നതിന് മുൻപേ തന്നെ നീതീകരിക്കപ്പെട്ടു - അദ്ദേഹം ഒരു ''വിജാതീയൻ'' ആയിരിക്കുമ്പോൾ തന്നെ!

**വാക്യം 11.** ഇത് മറ്റൊരു ചോദ്യമുയർത്തുന്നു: എങ്കിൽ എന്തുകൊണ്ട്, ദൈവം അബ്രഹാമിനോടും അദ്ദേഹത്തിന്റെ കുടുംബത്തിലെ മറ്റ് പുരുഷൻമാരോടും പരിച്ഛേദന ഏൽക്കുന്നതിനായി കൽപ്പിച്ചു? രക്ഷിക്കുന്നതിന് വേണ്ടിയായിരുന്നി ല്ലെങ്കിൽ, ഈ അനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം എന്തായിരുന്നു? പൗലൊസ് തുടരുന്നു, **അഗ്രചർമ്മത്തിൽ വെച്ചു ഉായിരുന്നു വിശ്വാസ നീതിക്കു മുദ്രയായി** (σφραγίς, *sphragis*) **പരിച്ഛേദന എന്ന അടയാളം** (σημεῖον, *sēmeion*) അവനു (അബ്രഹാമിന്) ലഭിച്ചതു അഗ്രച ർമ്മത്തോ ാടെ വിശ്വസിക്കുന്നവർക്കും കൂടെ നീതി കണക്കിടപ്പെടുവാന്തക്കവണ്ണം താൻ അവർക്കു എല്ലാവർക്കും പിതാവായിരിക്കേ ണ്ടതിന്നും. ഈ അനുഷ്ഠാനം സ്ഥാപിച്ചു കൊണ്ട് ദൈവം അബ്രഹാമിനോട് പറഞ്ഞു, ''നിങ്ങളുടെ അഗ്രചർമ്മം പരിച്ഛേദന ചെയ്യേണം; അതു എനിക്കും നിങ്ങൾക്കും മദ്ധ്യേയുള്ള നിയമത്തിന്റെ അടയാളം (സെമിയോൻ; എൽഎക്സ്എക്സ്) ആകും'' (ഉൽ. 17:11; പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). പരിച്ഛേദന യഹൂദൻമാർക്ക് നൽകിയത്, അവരെ രക്ഷിക്കുന്നതിന് വേണ്ടിയായിരുന്നില്ല, എന്നാൽ മറിച്ച് ഒരു ''അടയാള'' വും ഒരു ''മുദ്ര'' യും ആയാണ്: ''അവരെ തിരിച്ചറിയുന്നതിനുള്ള ഒരു അടയാളവും'' ''അവരെ ആധികാരികമാക്കിത്തീർക്കുന്നതിന് ഒരു മുദ്രയും.''[18]

ഈയൊരു സന്ദർഭത്തിൽ, പ്രത്യേക സഭാവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന പല കമന്ററികളും ഇങ്ങനെ കൂട്ടിച്ചേർക്കും, ''സ്നാനവും ഇതേ പോലെ തന്നെ. നമ്മുടെ രക്ഷയെ സംബന്ധിച്ചിടത്തോളം അതിന് യാതൊരു പ്രാധാന്യവുമില്ല തന്നെ; എന്നാൽ, നമ്മുടെ നീതീകരണത്തിന്റെ വെറുമൊരു അടയാളവും മുദ്രയും മാത്രം.'' സ്നാനത്തിന് ഇത്തരത്തിലൊരു ഉദ്ദേശ്യമുണ്ടെന്ന് പൗലൊസ് സൂചിപ്പിക്കുന്നതായി നമുക്ക് യാതൊരു തെളിവുകളുമില്ല എന്നത് യാഥാർ ത്ഥ്യമാണ് എന്നിരിക്കുമ്പോൾ തന്നെയാണ്, അവർ ധൈര്യപൂർവ്വം ഇത്തര ത്തിലൊരു പ്രഖ്യാപനം നടത്തുന്നത്. എങ്കിൽത്തന്നെയും, ഒരു പ്രത്യേക സഭാവിഭാഗത്തെ പ്രതിനിധീകരിക്കുന്ന ഒരു കമന്റേറ്റർക്ക് ഇങ്ങനെ സമ്മതിേ ക്കണ്ടി വന്നു, ''റോമർ 4-ൽ സ്നാനത്തെക്കുറിച്ച് പറയുന്നതിന് യാതൊരു പ്രാധാന്യവുമില്ല എന്നത് ഏറെ അസംഭവ്യമാണ്.''[19] പരിശുദ്ധാത്മാവെന്ന ദാനത്തെക്കുറിച്ച് (സ്നാനം ഏൽക്കുമ്പോൾ നമുക്ക് ലഭിക്കു ന്നത്; അപ്പൊ. പ്രവ. 2:38) പൗലൊസ് സൂചിപ്പിക്കുന്നത് ഒരു ''മുദ്ര'' (എഫെ. 1:13, 14) ആയിട്ടാണ്. (സ്നാനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് കാണുന്നതിനായി 6:3, 4 കാണുക).

അബ്രഹാം പരിച്ഛേദന ഏൽക്കുന്നതിന് മുൻപ് തന്നെ നീതീകരിക്കപ്പെട്ടു എന്നാണ് പൗലൊസ് അന്തിമ നിർണ്ണയത്തിലെത്തുന്നത്; **അതിനാൽ, അഗ്രച ർമ്മ ത്തോടെ വിശ്വസിക്കുന്നവർക്കും കൂടെ നീതി കണക്കിടപ്പെടു വാന്തക്കവണ്ണം താൻ അവർക്കു എല്ലാവർക്കും പിതാവായിരിക്കേതിന്നും.** അബ്രഹാം യഹൂദൻമാർക്ക് ശാരീരികമായി "പിതാമഹൻ" (പ്രൊപ്പേറ്റർ) (4:1) ആയിരുന്നുവെന്ന് പൗലൊസ് ഇടയ്ക്ക് പറഞ്ഞിരുന്നു. എന്നാൽ, അദ്ദേഹം യേശുക്രിസ്തുവിൽ വിശ്വാസ മർപ്പിക്കുന്ന വിജാതീയർക്ക് ഒരു ആത്മീയ "പിതാവ്" (പേറ്റർ) കൂടിയാണ് എന്ന് പൗലൊസ് പ്രഖ്യാപിക്കുന്നു. വിജാതീയർ വിശ്വസിക്കുന്നുവെങ്കിൽ, നീതി (ദൈവ ത്തിന്റെ മുൻപിലെ പാപരഹിതമായ നില), അബ്രഹാമിന് കണക്കിട്ടതുപോലെ, അവർക്കും കണക്കിടപ്പെടും (ലോഗിസെ ാമായ്). AB പറയുന്നത്, അത് അവരുടെ "കണക്കിൽ ചേർക്കപ്പെടുമെന്നാണ്." ദൈവത്തിന്റെ വിസ്മയകരമായ കണക്കുകളുടെ സംവിധാനം എല്ലാവർക്കും ലഭ്യമാണ്!

**വാക്യം 12**. ഇത് യഹൂദരെ ഒഴിവാക്കിയോ? ഇല്ല, **പരിച്ഛേദനയുടെ പിതാവ്** (പേറ്റർ) അപ്പോഴും അബ്രഹാം തന്നെയാണ്. പരിച്ഛേദനയേറ്റവർക്ക് മാത്രമല്ല, നമ്മുടെ പിതാവായ അബ്രഹാമിന്റെ വിശ്വാസത്തിന്റെ ചുവടുകൾ പിന്തുടരുന്ന വർക്കും അബ്രഹാം പിതാവാണ് എന്ന് യഹൂദൻമാർക്ക് മനസ്സിലാകേണ്ടി യിരുന്നു (പ്രത്യേകമായ ഊന്നൽ ചേർത്തിരിക്കുന്നു). യേശു തന്റെ വിമർശകരേ ാട് ഇങ്ങനെ പറഞ്ഞു, "നിങ്ങൾ അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികളെ ചെയ്യുമായിരുന്നു" (യോഹ. 8:39; എൻഐവി). നിർദ്ദിഷ്ടമായി, **പരിച്ഛേദന യേൽക്കാതിരുന്നപ്പോഴും** അബ്രഹാമിന് ഉണ്ടായിരു ന്ന അതേ വിശ്വാസം അവർക്ക് ഉണ്ടാകേണ്ടതുണ്ടായിരുന്നു.

അബ്രഹാം "വിശ്വസിക്കുന്ന എല്ലാവർക്കും പിതാവ്" (4:11) ആണ് എന്നതിന് പൗലൊസ് നൽകുന്ന ആദ്യ തെളിവ്, അബ്രഹാം ഒരു തരത്തിൽ "ഒരു യഹൂദൻ ആയിത്തീർന്നതിന്" വർഷങ്ങൾക്ക് മുൻപേ തന്നെ വിശ്വാസത്താൽ നീതീകരി ക്കപ്പെട്ടി രുന്നുവെന്നതാണ്. നീതീകരണം വിശ്വാസത്താലാണ് ഉണ്ടാകുന്നത്, ജഡപ്രകാരമല്ല.[20] നിരവധി യഹൂദൻമാർക്കും ഇത് ഞെട്ടിപ്പിക്കുന്ന ഒരു പ്രസ്താവന യായിരിക്കാമെങ്കിലും, ദൈവം ഒരു *അഗ്രചർമ്മിയായ വിശ്വാസിയെ* സ്വീകരിക്കുകയും പരിച്ഛേദനയേറ്റ അവിശ്വാസിയെ തള്ളിക്കളയുകയും ചെയ്യും! ഈ തത്വം ഇന്നും യാഥാർത്ഥ്യമാണ്. "നമ്മുടെ പിതാവായ അബ്രഹാമിന്റെ വിശ്വാസത്തെ പിന്തുടരുന്ന" വരെ ദൈവം ഇന്നും സ്വീകരിക്കുന്നു.

## വാഗ്ദത്തം വിശ്വാസത്താൽ, ന്യായപ്രമാണത്താലല്ല (4:13-15)

**13ലോകാവകാശി ആകും എന്നുള്ള വാഗ്ദത്തം അബ്രഹാമിനോ അവന്റെ സന്തതിക്കോ ന്യായപ്രമാണത്താലല്ല വിശ്വാസത്തിന്റെ നീതിയ ാലല്ലോ ലഭിച്ചതു. 14എന്നാൽ ന്യായപ്രമാണമുള്ളവർ അവകാശികൾ എങ്കിൽ വിശ്വാസം വ്യർത്ഥവും വാഗ്ദത്തം ദുർബ്ബലവും എന്നു വരും. 15ന്യായപ്ര മാണമോ കോപത്തിന്നു ഹേതുവാകുന്നു; ന്യായപ്രമാണം ഇല്ലാത്തേടത്തു ലംഘനവുമില്ല.**

യഹൂദൻമാരെ മറ്റുള്ളവരിൽ നിന്ന് വേർതിരിച്ചിരുന്ന രണ്ടാമത്തെ ഘടക ത്തിലേക്ക് പൗലൊസ് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിക്കുകയാണ്. മോശെയുടെ

ന്യായപ്രമാണം. എഫ്. എഫ്. ബ്രൂസിന്റെ അഭിപ്രായത്തിൽ, അബ്രഹാമിന്റെ "ദൈവത്താലുള്ള നീതീകരണത്തിന് പരിച്ഛേദനയുമായി യാതൊരു ബന്ധവ‍ുമില്ലാ യിരുന്നുവെങ്കിൽ, ... ന്യായപ്രമാണത്തിന് അതിനേക്കാൾ ഏറെ കുറഞ്ഞ ബന്ധമേ യുള്ളു എന്ന് പൗലൊസ് പറയുകയായിരുന്നു."[21]

**വാക്യം 13. അബ്രഹാമിന് അല്ലെങ്കിൽ അദ്ദേഹത്തിന്റെ സന്തതി പരമ്പരക്കുള്ള[22], ലോകാവകാശി ആകും എന്നുള്ള വാഗ്ദത്തത്തെക്കുറിച്ച്** പൗലൊസ് ആദ്യം പരാമർ ശിക്കുന്നു. "വാഗ്ദത്തം" (*ἐπαγγελία, epangelia*) എന്ന് പരിഭാഷ ചെയ്യപ്പെട്ടിട്ടുള്ള ഗ്രീക്ക് പദം, 4:13–21-ലെ മുഖ്യപദമാണ്. ഈ നാമപദം നാല് പ്രാവശ്യവും (4:13, 14, 16, 20) ബന്ധപ്പെട്ട ക്രിയാപദം *ἐπαγγέλλω* (*epangellō*) (എപൻജെലോ) ഒരിക്കലായും (4:21) കാണപ്പെടുന്നു. ഈ വാക്കുകൾ പ്രത്യക്ഷപ്പെടുന്നത്, അബ്രഹാമിന് അല്ലെങ്കിൽ അദ്ദേഹത്തിന്റെ സന്തതിപ രമ്പരക്ക്, "ലോകാവകാശി (കൾ) ആകും" എന്നുള്ള വാഗ്ദത്തത്തെ ക്കുറിച്ചുള്ള പരാമർശമായാണ്. അദ്ധ്യായത്തിന്റെ മുൻപോട്ടുള്ള ഭാഗങ്ങളിൽ, നാം ഇതിനെ "വാഗ്ദത്തം" എന്ന വാക്കിലൂടെ തന്നെ പരാമർശിക്കും.

അബ്രഹാം "ലോകാവകാശി"[23] ആകുമെന്ന് ഉൽപ്പത്തി പുസ്തകത്തിൽ പ്രത്യേകമായ വാഗ്ദാനമൊന്നുമില്ല. അതിനാൽ, ദൈവം അബ്രഹാമിന് നൽകിയ നിരവധി വാഗ്ദത്തങ്ങൾ സംക്ഷേപിച്ചുള്ള പൗലൊസിന്റെ സവിശേഷമായ ഒരു മാർഗ്ഗമായിരുന്നിരിക്കണം ഈ പ്രയോഗം എന്ന് നമുക്ക് അനുമാനിക്കാം. ഒരു പക്ഷേ പൗലൊസിന്റെ മനസ്സിൽ സർവ്വ പ്രഥമമായി തെളിഞ്ഞു നിന്നിരുന്നത് ഇവയിലൊന്നായിരിക്കണം: "നീ എന്റെ വാക്കു അനുസരിച്ചതുകൊണ്ടു നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകലജാതികളും അനുഗ്രഹിക്കപ്പെടും" (ഉൽ. 22:18; പ്രത്യേകമായ ഊന്നൽ ചേർത്തിരിക്കുന്നു, കാണുക 12:3). മറ്റെല്ലായിടത്തും ഇത് യേശുക്രിസ്തു വുമായി ബന്ധപ്പെട്ടതായി പൗലൊസ് ചൂണ്ടിക്കാണിക്കുന്നു: "എന്നാൽ അബ്ര ഹാമിന്നും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്കും എന്നു അനേകരെക്കുറിച്ചല്ല, നിന്റെ സന്തതിക്കും എന്നു ഏകനെക്കുറിച്ചത്രേ പറയുന്നതു; അതു ക്രിസ്തു തന്നെ (ഗലാ. 3:16).

ക്രിസ്തുവിലൂടെ, അബ്രഹാമിന്റെ ആത്മീക സന്തതികൾ "ലോക ാവകാശികൾ" (കാണുക മത്താ. 5:5) ആയിത്തീർന്നു. പൗലൊസ് കൊരിന്ത്യ സഭയ്ക്ക് എഴുതു മ്പോൾ, അദ്ദേഹം പറഞ്ഞു: "ആകയാൽ ആരും മനുഷ്യരിൽ പ്രശംസിക്കരുതു; സകലവും നിങ്ങൾക്കുള്ളതല്ലോ ... ലോകമോ, ജീവനോ, മരണമോ, ഇപ്പോഴു ള്ളതോ, വരുവാനുള്ളതോ സകലവും നിങ്ങൾക്കുള്ളതു (1 കൊരി. 3: 21, 22). എല്ലാം "നമുക്കുള്ളത്" എന്ന് പറയുന്നത്, എല്ലാം ദൈവത്തിന്റേത് ആയതിനാലും നാം ദൈവത്തിന്റെ മക്കൾ ആയതിനാലുമാ ണ്. ദൈവം തന്റെ സന്തതികളെ പരിപാലി ക്കുകയും നമ്മുടെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തു കയും ചെയ്യുന്നു (മത്താ. 6:25–33).

ദൈവം അബ്രഹാമിനും അദ്ദേഹത്തിന്റെ സന്തതി പരമ്പരകൾക്കും വാഗ്ദാനം നൽകി. എന്നാൽ അത് അദ്ദേഹത്തിന് മോശയുടെ ന്യായപ്രമാണം നൽകിയിട്ടു ണ്ടായിരുന്നതിനാൽ ആയിരുന്നില്ല.[24] പൗലൊസ് പറയുന്നത് അത് **ന്യായപ്രമാണ ത്തിലൂടെ ആയിരുന്നില്ല** എന്നാണ്: കാരണം ന്യായപ്രമാണം ഏറ്റവും കുറഞ്ഞത് "നാനൂറ്റിമുപ്പതു ആണ്ടു കഴിഞ്ഞിട്ടു ഉണ്ടായ"തിനാൽ (ഗലാ. 3:17), അത് ന്യായപ്രമാണം വഴിയാകാൻ കഴിയില്ല. മറിച്ച് **വാഗ്ദാനം വിശ്വാസത്തിന്റെ നീതിയിലൂടെ** എന്ന് പൗലൊസ് പറയുന്നു.

മോശയുടെ ന്യായപ്രമാണം നൂറ്റാണ്ടുകൾക്ക് ശേഷമാണ് നൽകപ്പെട്ടത് എന്ന വസ്തുത തന്നെ, ന്യായപ്രമാണത്തിന് വാഗ്ദാനവുമായി യാതൊരു ബന്ധവുമില്ല എന്നതിന് മതിയായ തെളിവാണ്. എന്നാൽ, പൗലൊസ് ഇവിടെ പറഞ്ഞവസാ നിപ്പിക്കുന്നില്ല. നിയമത്തിന്റെ/പ്രവർത്തികളുടെ വ്യവസ്ഥയും കൃപയുടെ/വിശ്വാസ ത്തിന്റെ വ്യവസ്ഥയും പരസ്പരമുള്ള വൈരുദ്ധ്യം കുറേക്കൂടി വ്യക്തമാക്കിക്കാട്ടു ന്നതിനായി പൗലൊസ് ഈ അവസരം ഉപ യോഗിക്കുകയാണ്. പൗലൊസ് എഴുതി യിരിക്കുന്ന അസ്സൽ വചനഭാഗ ത്തിൽ, 13, 14 എന്നീ വാക്യങ്ങളിൽ, "ന്യായപ്രമാണം" (νόμος, *nomos*) എന്ന ഭാഷാന്തരം ചെയ്തിട്ടുള്ള വാക്കിന് മുൻപിലായി, ഒരു പദത്തിന്റെ അർത്ഥത്തിന് നിർദ്ദിഷ്ടത നൽകുന്ന വ്യാകരണ പദം ചേർത്തിട്ടില്ല (ഇംഗ്ലീഷ് ഭാഷയിൽ "ദ്"). ഈ വചനഭാഗത്തിന്റെ പശ്ചാത്തലം നമ്മോട് പറയുന്നത്, പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് മോശെയുടെ ന്യായപ്രമാണമായിരു ന്നുവെങ്കിലും, പദത്തിന്റെ അർത്ഥത്തിന് നിർദ്ദിഷ്ടത നൽകുന്ന വ്യാകരണ പദം ഇല്ലാത്തതിന ാൽ, പൊതുവായ അർത്ഥം കൽപ്പിക്കാം എന്നാണ്. വാഗ്ദാന നിവർത്തി, ന്യായപ്രമാ ണത്തിന്റെ പാലനത്തിന്റെ അടിസ്ഥാനത്തിലായിര ുന്നുവെങ്കിൽ, വാഗ്ദാനം നിവർത്തി ക്കപ്പെടാതെ നിൽക്കുമായിരുന്നു; കാരണം, ആർക്കും തികവോടെ ന്യായപ്രമാണം (ഏത് പ്രമാണവും) പാലിക്കുന്നതിന് – അബ്രഹാമിന് പോലും – അസാദ്ധ്യമായിരുന്നു വെന്നതാണ് യാഥാർത്ഥ്യം. പൗലൊസ് അന്തിമ നിർണ്ണയത്തിലെത്തുന്നത്, വാഗ്ദാനത്തിന്റെ പൂർത്തീകര ണം കൃപ/വിശ്വാസ വ്യവസ്ഥയുടെ അടിസ്ഥാന ത്തിലാണ് എന്നാണ്: അത് "വിശ്വാസത്തിന്റെ നീതിയിലൂടെയാണ്."

**വാക്യം 14. ന്യായപ്രമാണമുള്ളവർ** എന്ന പ്രയോഗം പൗലൊസ് ഉപ യോഗിക്കുമ്പോൾ, അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത് യഹൂദൻമാ രായിരുന്നു (കാണുക 4:16). എങ്കിലും, അസ്സൽ വചനഭാഗത്തിൽ വാക്യം 14–ൽ "ന്യായപ്രമാണം" പൊതുവായ ഒരു പദമായിരുന്നതിനാൽ, ഈ പരാമർ ശത്തിൽ നിയമങ്ങളുടെ/പ്രവർത്തികളുടെ ഒരു വ്യവസ്ഥയിൽ ആശ്രയിക്കുന്ന ആരേയും ഉൾപ്പെടുത്തി. ദൈവീക വാഗ്ദാനം, നിയമങ്ങളുടെ/ പ്രവർത്തികളുടെ ഒരു വ്യവസ്ഥയിൽ ആധാരിതമായിരുന്നുവെങ്കിൽ, രണ്ട് ഫലങ്ങൾ ഉണ്ടാകുമായിരുന്നു.

ഒന്നാമതായി, **വിശ്വാസം അസാധു** (κενόω, *kenoō*) വായിത്തീരും. അടിസ്ഥാന പരമായി ഗ്രീക്ക് പദത്തിന്റെ അർത്ഥം, "ശൂന്യമാക്കുക"[25] എന്നതാണ്. എബി രൂപാന്തരം പറയുന്നത്. "എല്ലാ അർത്ഥവും ശൂന്യമാക്കപ്പെട്ടു" എന്നാണ്. നിയമത്തിന്റെ/പ്രവർത്തി കളുടെ വ്യവസ്ഥയും കൃപയുടെ/വിശ്വാസത്തിന്റെ വ്യവസ്ഥയും പരസ്പരം ഒരി ക്കലും യോജിക്കില്ല. നിയമത്തിന്റെ/പ്രവർത്തികളുടെ വ്യവസ്ഥ സ്ഥാപിക്കുന്നുവെങ്കിൽ, കൃപയുടെ/വിശ്വാസത്തിന്റെ വ്യവസ്ഥ നീക്കിക്കളയേണ്ടി വരും (ഒരാൾക്കും ന്യായപ്രമാണം തികവോടെ പാലിക്കുന്നതിന് സാദ്ധ്യമല്ലാത്തതിനാൽ നാം നശിക്കുമെന്നാണ് ഇതിന്റെ അർത്ഥം).

രണ്ടാമത്തെ ഫലം, **വാഗ്ദാനം** തന്നെ **റദ്ദാക്കപ്പെടും** എന്നാണ്. "റദ്ദാക്കപ്പെടും" എന്ന പദം ഭാഷാന്തരം ചെയ്തിരിക്കുന്നത് κατά (*kata*) (*കാട്ടാ*, "താഴേക്ക്"), ἀργός (*argos*) (*അർഗോസ്*. "നിർജ്ജീവം") എന്നീ രണ്ട് പദങ്ങളെ സംയോജിപ്പിച്ചുള്ള ഒരു പദമായ καταργέω (*katargeō*) (*കാട്ടാർജിയോ*)–ൽ നിന്നാണ്. അതിന്റെ ആക്ഷരികാർത്ഥം, "നിർജ്ജീവതയിലേക്ക് താഴുക" എന്നാണ്.[26] ബോവറിന്റെ ലെക്സികോൺ ഈ ക്രിയാപദത്തെ "അസാധു വാക്കുക" അല്ലെങ്കിൽ

‘‘അശക്തമാക്കുക’’ എന്നാണ് നിർവ്വചിക്കുന്നത്. അബ്രഹാമിന് വാഗ്ദാനം നൽകിയിരുന്നത്, അദ്ദേഹം ദൈവീക നിയമങ്ങൾ തികവോടെ പാലിച്ചതു കൊണ്ടല്ല, എന്നാൽ അദ്ദേഹത്തിന് ഉയർന്ന തലത്തിലുള്ള വിശ്വാസ മുണ്ടാ യിരുന്നതു കൊണ്ടാണ് (കാണുക ഗലാ.3:18). പൗലൊസ് പറയുന്നത് വാഗ്ദാനം ലഭിക്കുന്നത് നിയമത്തിന്റെ അനുസരണത്തിന്റെ അടിസ്ഥാനത്തി ലായിരുന്നു വെങ്കിൽ, നമുക്ക് ‘‘അത് മറന്നു കളയാം’’ (നാം പറയാറുള്ളതു പോലെ) എന്നാണ് – കാരണം, അത് ഒരിക്കലും പൂർത്തീകരിക്കപ്പെടില്ല എന്നതു കൊണ്ടു തന്നെ.

**വാക്യം 15**. എന്താണ് ഇതിന്റെ കാരണം? നിയമങ്ങളുടെ പാലനം ദൈവത്തിന്റെ അനുഗ്രഹങ്ങൾ കൊണ്ടു വരുന്നതിന് പകരം, **ന്യായപ്രമാണം ദൈവീക കോപം** (ὀργή, *orgē*), *ഓർഗ്* **കൊു വരുന്നു**വെന്ന് പൗലൊസ് പറയുന്നു. ഈ വാക്യത്തിൽ, ‘‘ന്യായ പ്രമാണം’’ എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള വാക്കിന് മുന്നിലായി, നിർദ്ദിഷ്ടമായ അർത്ഥം നൽകുന്ന വ്യാകരണ പദം ചേർത്തിട്ടുണ്ട്. അതിനാൽ, നിയമത്തിന്റെ/ പ്രവർത്തികളുടെ വ്യവസ്ഥ സംബന്ധിച്ചുള്ള ചട്ടത്തിന് ഒരു വ്യത്യസ്തതയുണ്ടെന്ന് ചിന്തിച്ചിരുന്ന യഹൂദൻമാരെ നേരിട്ട് അഭിമുഖീകരി ക്കുകയായിരുന്നു.

‘‘ന്യായപ്രമാണം ദൈവീക കോപം കൊണ്ടു വരുന്നു’’ വെന്ന് പൗലൊസ് പറഞ്ഞപ്പോൾ, മോശെയുടെ നിയമത്തിന് യാതൊരു മൂല്യവുമില്ലെന്ന് അദ്ദേഹം പറയുകയായിരുന്നില്ല (കാണുക 7:12); എല്ലാറ്റിലുമുപരി, അത് ദൈവം നൽകിയതായിരുന്നുവല്ലോ. മറിച്ച്, ഒരാൾക്കും നിയമം പൂർണ്ണ തികവോടെ പാലിക്കുന്നതിന് സാധിക്കുകയില്ലെന്നതിനാൽ, ആത്യന്തികമായി ന്യായപ്രമാണ ത്തിന് ചെയ്യുവാൻ കഴിഞ്ഞത് ദൈവീക കോപം ഉളവാക്കുകയെന്നതാണ്. അദ്ധ്യായം 7–ൽ ഈ ആശയം കൂടുതൽ വിശാലമായി ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ, ഈയൊരു മുഹൂർത്തത്തിൽ, ഈ വഴികളിലൂടെയാണ് ‘‘ന്യായപ്ര മാണം ദൈവീക കോപം കൊണ്ടു വരുന്നത്’’ എന്ന് മനസ്സിലാക്കുന്നതിന് കഴിയും:

അത് പാപത്തെക്കുറിച്ചുള്ള ഒരു ബോധം കൊണ്ടു വരുന്നു, പാപം എന്താണ് എന്ന് നിർവ്വചിക്കുന്നു (3:20).

ഒരു തരത്തിൽ, അത് പാപത്തെ പ്രോൽസാഹിപ്പിക്കുന്നു; ചില കുട്ടികളോട് ചില കാര്യങ്ങൾ ചെയ്യരുത് എന്ന് താക്കീത് നൽകുമ്പോൾ, അവർ നേരെ എതിരായി പ്രവർത്തിക്കുന്നതു പോലെ (5:20; 7:5).

അത് പാപത്തെ കുറ്റം വിധിക്കുന്നു (ആവ. 28:58, 59).

ന്യായപ്രമാണത്തിന്റെ പ്രശ്നം, അതിന് ‘‘പ്രശ്നം കണ്ടെത്തുന്നതിന് കഴിയുമെങ്കിലും പ്രതിവിധി നൽകുന്നതിന് കഴിയില്ലെന്നതാണ്.’’[28]

‘‘ന്യായപ്രമാണം ദൈവീക കോപം കൊണ്ടു വരുന്നു’’ എന്ന് പറഞ്ഞതിന് ശേഷം, പൗലൊസ് വായനക്കാരെ കുഴയ്ക്കുന്ന ഒരു പ്രസ്താവന കൂട്ടിച്ചേർക്കുന്നു: **ന്യായപ്ര മാണം ഇല്ലാത്തിടത്ത് ലംഘനമില്ല**. ‘‘ലംഘനം’’ എന്നു പരിഭാഷപ്പെടുത്തിയിട്ടുള്ള വാക്ക് *παράβασις* (*parabasis*) *(പാരാബേ സിസ്*), മിക്കപ്പോഴും ‘‘അതിക്രമിക്കൽ’’ (കാണുക ഗലാ. 3:19; 1 തിമോ. 2:14, എബ്രാ. 2:2; 9:15; എൻഎഎസ്ബി) പരിഭാഷകളിൽ നൽകിയിട്ടുണ്ട്. ഈ വാക്ക് അർത്ഥമാക്കുന്നത് *നിയമത്തിന്റെ നേരിട്ടുള്ള ലംഘനമാണ്*.

പൗലൊസിന്റെ ചിന്തയെ വികസിപ്പിക്കുന്നുവെങ്കിൽ, ഒരുപക്ഷേ

നമുക്ക് പൗലൊസ് അർത്ഥമാക്കുന്നതെന്താണ് എന്ന് മനസ്സിലാക്കാം. ഗ്രീക്ക് വചനഭാഗത്ത്, പദത്തിന്റെ അർത്ഥത്തിന് നിർദ്ദിഷ്ടത നൽകുന്ന വ്യാകരണ പദം "ന്യായപ്രമാണം" എന്ന വാക്കിന് മുൻപിലായി ഇല്ലാത്തതിനാൽ, നിയമം സംബന്ധിച്ച് പൊതുവായുള്ള ഒരു തത്വത്തെക്കുറിച്ചാണ് പൗലൊസിന്റെ പരാമർശം.

"ന്യായപ്രമാണം ഇല്ലാത്തിടത്ത് ലംഘനമില്ല." ഇതിൽ നിന്ന് നാം ഒരു അന്തിമ നിർണ്ണയത്തിലെത്തുന്നത്, നിയമമുള്ളിടത്ത് ലംഘനവുമുണ്ടെന്നാണ്.

എല്ലാ മനുഷ്യർക്കും നിയമം ഉണ്ടായിരുന്നു, ലിഖിത രൂപത്തിലുള്ളതോ അലിഖി തമായതോ - എന്നാൽ ഒരാളും തനിക്കുള്ള നിയമം തികവോടെ ഒരിക്കലും പാലിച്ചിട്ടില്ല. ആത്യന്തികമായി, എല്ലാവരും നിയമം ലംഘിക്കുന്നവരായി.

ഇതാണ് സാഹചര്യമെന്നിരിക്കേ, എല്ലാവർക്കുമായി നിയമം "ദൈവകോപം" കൊണ്ടുവരുന്നു.

### അബ്രഹാം, എല്ലാ യഥാർത്ഥ വിശ്വാസികളുടെയും പിതാവ് (4:16-25)

**[16]അതുകൊണ്ടു കൃപാദാനം എന്നു വരേണ്ടതിന്നു വിശ്വാസത്താലത്രേ അവകാശികൾ ആകുന്നതു; വാഗ്ദത്തം സകലസന്തതിക്കും, ന്യായപ്രമാണമ ുള്ളവർക്കു മാത്രമല്ല, അബ്രഹാമിന്റെ വിശ്വാസമുള്ളവർക്കും കൂടെ ഉറപ്പാകേണ്ടതിന്നു തന്നെ. [17]മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിന്നു തന്നേ. ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവെച്ചു എന്നു എഴുതിയിരി ക്കുന്നുവല്ലോ. [18]നിന്റെ സന്തതി ഇവ്വണ്ണം ആകും എന്നു അരുളിച്ചെയ്തിരിക്കുന്നതു പോലെ താൻ ബഹുജാതികൾക്കു പിതാവാകും എന്നു അവൻ ആശെക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. [19]അവൻ ഏകദേശം നൂറു വയസ്സുള്ളവ നാകയാൽ തന്റെ ശരീരം നിർജ്ജീവമായിപ്പോയതും സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും ഗ്രഹിച്ചിട്ടും വിശ്വാസത്തിൽ ക്ഷീണിച്ചില്ല. [20]ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന്നു മഹത്വം കൊടുത്തു, [21]അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു. [22]അതുകൊണ്ടു അതു അവന്നു നീതിയായി കണക്കിട്ടു. [23]അവന്നു കണക്കിട്ടു എന്നു എഴുതിയിരിക്കുന്നതു അവനെ വിചാരിച്ചു മാത്രം അല്ല, [24]നമ്മെ വിചാരിച്ചുംകൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന [25]നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടുവാനുള്ളതാകയാൽ തന്നേ.**

**വാക്യം 16.** അതുകൊണ്ട് **അത് വിശ്വാസത്താലത്രേ** എന്ന് പ്രസ്താവിച്ചു കൊണ്ട് പൗലൊസ് താൻ മുൻപ് നടത്തിയ അന്തിമ നിർണ്ണയത്തെ ശക്തിപ്പെടുത്തുകയാണ്. "അതുകൊണ്ട്" എന്ന പ്രയോഗം പരാമർശിക്കുന്നത്, ദൈവ

കോപം - അനുഗ്രഹമല്ല - കൊണ്ടു വരുന്ന നിയമത്തെയാണ് (4:15). ''അത്'' എന്ന സർവ്വനാമം, വാഗ്ദാനം ലഭിക്കുന്നതിലേക്ക് വിരൽ ചൂണ്ടുന്നു. നിയമത്തിന്റെ/ പ്രവർത്തികളുടെ വ്യവസ്ഥയ്ക്ക് ദൈവ കോപം മാത്രമേ ഉൽപ്പാദിപ്പിക്കുന്നതിന് കഴിയുള്ളുവെങ്കിൽ, കൃപയുടെ/വിശ്വാസത്തിന്റെ വ്യവസ്ഥയിലൂടെ മാത്രമേ വാഗ്ദാനം പൂർത്തീകരിക്കപ്പെടുന്നതിന് സാദ്ധ്യമാകുകയുള്ളു. ഗുഡ്സ്പീഡ് ഭാഷാ ന്തരം പറയുന്നു, ''അതു കൊണ്ടാണ് എല്ലാം വിശ്വാസത്തിലേക്ക് തിരിയുന്നത്.''

വാഗ്ദാനം വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു; അതിലൂടെ അത് **കൃപയ്ക്ക് അനുസരണമായിത്തീരും**. ഇത് ''മനുഷ്യന്റെ ഭാഗത്തു നിന്ന് വിശ്വാസത്തിന്റെ കാര്യവും ദൈവത്തിന്റെ ഭാഗത്തു നിന്ന് മഹാമനസ് കതയ ുടെ കാര്യവും'' ആണ് എന്ന് ഫിലിപ്സ് ഇതിനെ ചിത്രീകരിക്കുന്നു. വാഗ്ദാനം അബ്രഹാമിന് സമ്മാനിപ്പിക്കപ്പെട്ട ഒരു *ഉപഹാരമായിരുന്നു* - അദ്ദേഹം ചെയ്ത പ്രവർത്തികളുടെ അടിസ്ഥാനത്തിലല്ല, എന്നാൽ അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ. തങ്ങൾ ''രക്ഷിക്കപ്പെട്ടത് കൃപയാലാണ്, തങ്ങളുടെ വംശത്തിന്റെ അടിസ്ഥാന ത്തിലല്ല'' എന്ന് യഹൂദൻമാർ മനസ്സിലാക്കേണ്ടതുണ്ടാ യിരുന്നു[29] (ലൂക്കൊ 3:7-9). നമ്മുടെ രക്ഷ, ''കൃപയ്ക്ക് അനുസരണമായി ത്തീരേണ്ടതിന് വിശ്വാസത്താലാണ് എന്ന് നാമും മനസ്സിലാക്കേണ്ടതാണ്''!

വാഗ്ദാനത്തിന്റെ പൂർത്തീകരണം **വിശ്വാസത്താലും കൃപയാലുമാണ്** ഉണ്ടായത്, അതിലൂടെ എല്ലാ പിൻതുടർച്ചക്കാർക്കും ഈ വാഗ്ദാനം ഉറപ്പാക്കപ്പെടും. നിയമത്തിന്റെ/പ്രവർത്തികളുടെ വ്യവസ്ഥ, വാഗ്ദാനത്തെ അസാധുവാക്കും (4:14), എന്നാൽ, കൃപയുടെ/വിശ്വാസത്തിന്റെ വ്യവസ്ഥ അത് ഉറപ്പാക്കുന്നു. ''പിൻതുടർച്ചക്കാർ'' എന്ന് പരിഭാഷപ്പെടുത്തി യിരിക്കുന്നത്, σπέρμα (*sperma*) (സ്പേർമ) എന്ന വാക്കിൽ നിന്നുമാണ്; ഇത് ''സന്തതി'' എന്നതിനുള്ള വാക്കാണ് (കെജെവി കാണുക). ഇത് സാധാരണ യായി ഒന്നോ അതിലേറെയോ ഉള്ള ശാരീരിക പിൻതുടർച്ചക്കാരെയാണ് പരാമർശിക്കുന്നത്. എന്നാൽ, ഇവിടെ ഈ പ്രയോഗം ആത്മീയ പിൻതുടർച്ചക്കാരെയാണ് സൂചിപ്പിക്കുന്നത്.

ഈ ഉറപ്പ് **ന്യായപ്രമാണമുള്ളവർക്ക് മാത്രമല്ല എന്നാൽ എല്ലാവർക്കും പിതാവായ അബ്രഹാമിന്റെ വിശ്വാസമുള്ളവർക്കു കൂടിയുള്ളതാണ്**. ഈ വാകൃത്തിൽ, ''ന്യായപ്രമാണം'' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന വാക്കിന്റെ മുൻപിലായി, നിർദ്ദിഷ്ട അർത്ഥം നൽകുന്ന വ്യാകരണപദമുള്ള തിനാൽ, പൗലൊസ് യഹൂദൻമാരെക്കുറിച്ച് പ്രത്യേകമായി സംസാരിക്കുകയായിരുന്നു. *രണ്ട്* വിധത്തിലുള്ള രക്ഷ ഉണ്ടെന്ന് വാക്യം 16 പഠിപ്പിക്കുന്നുവെന്ന് ചിലർ സ്ഥാപിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്: ഒന്ന് യഹൂദൻമാർക്കും മറ്റൊന്ന് വിജാതീയർക്കും. മുഴുവൻ അദ്ധ്യായവും വായിച്ചതിന് ശേഷം എങ്ങനെ ആർക്കെങ്കിലും ഇത്തരത്തിലൊരു നിഗമനത്തിലെത്താൻ സാധിക്കും എന്നുള്ളത് വിശദീകരിക്കുന്നതിന് സാദ്ധ്യമല്ലാത്തതാണ്. ''ന്യായപ്രമാണമുള്ള വർ'' എന്ന് പൗലൊസ് സൂചിപ്പിച്ചപ്പോൾ, അദ്ദേഹത്തിന്റെ മനസ്സിലുണ്ടായി രുന്നത് യേശുക്രിസ്തുവിൽ വിശ്വാസമർപ്പിച്ചിട്ടുള്ള യഹൂദൻമാരായിരുന്നു.

ഈ ഉറപ്പ് യേശുക്രിസ്തുവിൽ വിശ്വസിച്ച യഹൂദൻമാർക്ക് മാത്രമല്ല, ''അബ്രഹാമിന്റെ വിശ്വാസമുള്ള'' (4:12) വിജാതീയർക്കു കൂടിയാണ്. അങ്ങനെ അബ്രഹാം ''നമുക്കെല്ലാവർക്കും (ആത്മീയ) പിതാവാണ്; അതായത്,

വിശ്വസിക്കുന്ന എല്ലാവർക്കും, യഹൂദനായാലും വിജാതീയനാണെങ്കിലും.

**വാക്യം 17**. അബ്രഹാമിന് നൽകിയ വാഗ്ദത്തങ്ങളൊന്നിൽ ഇത് പ്രവചിക്കപ്പെട്ടിരുന്നുവെന്ന് പൗലൊസ് പറഞ്ഞു **(ഞാൻ നിന്നെ ബഹുജാതി കൾക്കു പിതാവാക്കിവെച്ചു എന്നു എഴുതിയിരിക്കുന്നുവല്ലോ.)** ഈ ആനുഷിംഗ കമായ പരാമർശം, അബ്രഹാമിന് തൊണ്ണൂറ്റി ഒൻപത് വയസ്സായപ്പോൾ ദൈവം അദ്ദേഹത്തിന് പ്രത്യക്ഷനായി അബ്രഹാമുമായുള്ള തന്റെ ഉടമ്പടി പുതുക്കിയ സമയത്തെ സംബന്ധിക്കുന്നതാണ്. ആ സമയത്ത് ദൈവം അബ്രഹാമിനോട് പറഞ്ഞു, ''ഞാൻ നിന്നെ ബഹുജാതികൾക്കു പിതാവാക്കിവെച്ചു'' (ഉൽ. 17:5). ''ഞാൻ ആക്കി വെച്ചിരിക്കുന്നു'' എന്നത്, എബ്രായ വചനഭാഗത്തിലെ പ്രവചനാത്മകമായ ഒരു തികഞ്ഞ ക്രിയയാണ്. ദൈവത്തിന്റെ വാഗ്ദാനം പൂർത്തീകരിക്കുമെന്ന് പൂർണ്ണമായും ഉറപ്പുള്ളതാണ്; അത് അതിനോടകം സംഭവിച്ചു കഴിഞ്ഞിരിക്കുന്നതു പോലെയാണ് ദൈവം സംസാരിക്കുന്നത്.

അബ്രഹാം ശാരീരികമായി ''ബഹുജാതികളുടെ പിതാവായി'' ത്തീർന്നു. തന്റെ പുത്രൻ യിസഹാക്കിലൂടെയും പൗത്രനായ യാക്കൊബിലൂടെയും അദ്ദേഹം യിസ്രായേൽ ജനതയുടെ ''പിതാവ്'' ആയിത്തീർന്നു. മറ്റൊരു പുത്രനായ യിസ്മായേൽ, ''അറബികളുടെ പിതാമഹൻ (പൂർവ്വികൻ) ആയി പരിഗണിക്ക പ്പെടുന്നു.''[30] അബ്രഹാമിന് കെതൂറ (ഉൽ. 25:1–4) എന്ന് പേരുള്ള മറ്റൊരു ഭാര്യയിൽ മറ്റ് പുത്രൻമാരുണ്ടായിരുന്നു. ഇവരിലൊരാൾ മിദ്യാന്യരുടെ പൂർവ്വി കനായിരുന്നു. അബ്രഹാമിന്റെ പൗത്രനായ ഏശാവിന്റെ പിൻതുടർച്ചക്കാരാണ് ഏദോമ്യർ (ഉൽ. 36).

എങ്കിലും, പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദശമനുസരിച്ച് പൗലൊസ് പറയുന്നത് ഉൽപ്പത്തി 17:5–ൽ ഒരു ആത്മീയ ദീർഘദർശനം നിഗൂഢമായി ഒളിഞ്ഞിരിപ്പുണ്ടെന്നാണ്. അബ്രഹാം ആത്മീയമായും ''ബഹുജാതികളുടെ പിതാവ്''ആയിരുന്നു. പൗലൊസ് വാക്കുകൾ കൊണ്ട് രസം സൃഷ്ടിക്കുകയായിരുന്നിരിക്കാം. ''ജാതികൾ'' എന്ന് തർജ്ജമ ചെയ്തിട്ടുള്ള ഗ്രീക്ക് പദം, ἔθνος (*ethnos*) (എത്നോസ് – ''ഗോത്രപരമായ'' എന്ന് ഭാഷാന്തരം ചെയ്യുന്ന പദം ഉൽഭവിക്കുന്നത് ഇതിൽ നിന്നാണ്) – ഈ വാക്ക് പലപ്പോഴും ''ജാതികൾ'' എന്ന് പരിഭാഷപ്പെടുത്താറുണ്ട്. റോമർ 4:17–ലെ ഉദ്ധരണി, ഞാൻ നിന്നെ ബഹു വിജാതീയർക്ക് പിതാവാക്കിവെച്ചു'' എന്ന് തർജ്ജമ ചെയ്യുന്നതിന് കഴിയും!

താൻ വിശ്വസിച്ച ദൈവത്തിന്റെ മുൻപിൽ **അബ്രഹാം നമ്മുടെയല്ലാം പിതാവ്** ആണ് (4:16) എന്ന് പൗലൊസ് പറയുന്നു. അബ്രഹാം ദൈവത്തെക്കുറിച്ച് വിശ്വസിച്ച രണ്ട് സത്യങ്ങളെക്കുറിച്ച് ഈ വചനഭാഗം പ്രത്യേകമായി പറയുന്നു.

ഒന്നാമതായി, **മരിച്ചവർക്ക് ജീവൻ കൊടുക്കുന്നത്** ദൈവമാണ് എന്ന് അബ്രഹാം വിശ്വസിച്ചു. ഈയൊരു അർത്ഥത്തിൽ, ഈ പദപ്രയോഗം അബ്രഹാമിന്റെയും സാറായുടെയും ''മൃതദേഹ'' ങ്ങളെ സൂചിപ്പിക്കുന്നു (4:19). ദൈവം അവരുടെ ശരീരങ്ങളെ ''ജീവിപ്പിക്കുകയും'' അവർക്ക് ഒരു പുത്രനെ നൽകുകയും ചെയ്യും. അബ്രഹാമിന്റെ ജീവിതത്തിൽ പിൽക്കാലത്തുണ്ടാകുവാൻ പോകുന്ന ഒരു സംഭവത്തെക്കുറിച്ച് ഒരു സൂചനയും ഉണ്ടാകാം – തന്റെ പുത്രനായ യിസഹാക്കിനെ ഒരു യാഗമായി നൽകുന്നതിന് വിളിക്കപ്പെട്ട സംഭവം (ഉൽ. 22:1–19). ''ദൈവത്തിന് മരിച്ചവരെ ഉയിർത്തെഴു ന്നേൽപ്പിക്കുവാൻ സാധിക്കുമെന്ന് അബ്രഹാം വിശ്വസിച്ചിരു ന്നതിനാൽ'' (എബ്രാ. 11:19) അബ്ര

ഹാമിന് പരീക്ഷയിൽ വിജയിക്കുന്നതിന് കഴിഞ്ഞു വെന്ന് എബ്രായ ലേഖന കർത്താവ് പറയുന്നു. ''മരിച്ചവർക്ക് ജീവൻ നൽകുന്നു'' എന്ന വാക്കുകൾ, റോമർ 4-ാം അദ്ധ്യായത്തിന്റെ അവസാന വാക്യത്തിന് ഒരു മുൻകുറി പോലെയാണ്. ഇത് ക്രിസ്തുവിന്റെ മരിച്ചവരിൽ നിന്നുളള പുനരുത്ഥാനത്തെക്കുറിച്ചാണ് സംസാരിക്കുന്നത് (4:25).

ദൈവത്തിന് മരിച്ചവരെ ഉയിർപ്പിക്കുന്നതിന് സാധിക്കുമെന്ന് അബ്രഹാം വിശ്വസിച്ചുവെന്നതാണ് മഹത്വപൂർണ്ണമായ വസ്തുത. ദൈവം അബ്രഹാമിന് പ്രത്യക്ഷനായി എന്നുളളതൊഴിച്ച് അബ്രഹാം മറ്റ് യാതൊരു വിധത്തിലുമുളള അത്ഭുതങ്ങളെക്കുറിച്ച് കാണുകയോ കേൾക്കുകയോ ചെയ്തിരുന്നില്ല. ദൈവം ആരെയെങ്കിലും മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചതായി അദ്ദേഹം ഒരിക്കലും കണ്ടിട്ടുണ്ടായിരുന്നില്ല എന്നത് മിക്കവാറും ഉറപ്പാണ്. എങ്കിൽത്ത ന്നെയും, ദൈവം, ദൈവമാണ് എന്ന് അബ്രഹാം വിശ്വസിച്ചു - അതിനാൽ, ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ, അവിടുത്തേക്ക് മരിച്ചവരെ ജീവിപ്പിക്കാം!

രണ്ടാമതായി, **ഇല്ലാത്തതിനെ ഉളളതു പോലെ വിളിക്കുന്ന** ഒരു ദൈവത്തിൽ അബ്രഹാം വിശ്വസിച്ചു. ഇത് ഉൽപ്പത്തി 1-ാം അദ്ധ്യായത്തി ലേക്കുളള ഒരു പരാമർശമാകാം. ദൈവം സംസാരിക്കുകയും മുൻപ് നിലവിലി ല്ലാതിരുന്ന ഒരു ലോകത്തെ യാഥാർത്ഥ്യത്തിലേക്ക് വിളിച്ചു വരുത്തുകയും ചെയ്തതിന് ഒരു പരാമർശമാകാം ഇത് കാണുക (എബ്രാ. 11:3). ഈയൊരു അർത്ഥത്തിൽ, അബ്രഹാമിന് നൽകപ്പെട്ട വാഗ്ദാനത്തെക്കുറിച്ച് (ങ്ങളെക്കുറിച്ച്) അത് പറയുകയാകാം. അബ്രഹാമിന്റെ പുത്രനായ യിസഹാക്ക് ഇല്ലായി രുന്നപ്പോൾ, ദൈവം അവനെ യാഥാർത്ഥ്യത്തിലേക്ക് വിളിച്ചു വരുത്തി (ഉൽ. 17:15, 16; 18:10). ദൈവം ഇല്ലാതിരുന്ന ഒരു ''വലിയ ജാതി'' (യിസ്രായേൽ) -യെക്കുറിച്ചും സംസാരിക്കുകയും പിന്നീട് യാഥാർത്ഥ്യത്തി ലേക്ക് വിളിച്ചു വരുത്തുകയും ചെയ്തു (ഉൽ. 12:2; 46:3). ദൈവം അബ്രഹാമിന്റെ ആത്മീയ സന്തതികളെക്കുറിച്ച് പരാമർശിക്കുകയും (ക്രിസ്തീയ വിശ്വാസികൾ) പിന്നീട് ആത്യന്തികമായി യേശുക്രിസ്തുവിലൂടെ അത് യാഥാർത്ഥ്യമാക്കിത്തീർക്കുകയും ചെയ്തു (ഗലാ. 3:29).

ഇവിടുത്തെ വസ്തുത, അബ്രഹാമിനെ സംബന്ധിച്ചിടത്തോളം ദൈവം ഒന്ന് പ്രഖ്യാപിക്കുന്നുവെങ്കിൽ, അത് ദൈവം ചെയ്തതിന് തുല്യമാണ്. ചിലത് സംഭവിക്കുവാൻ പോകുന്നുവെന്ന് ദൈവം പറയുന്നുവെങ്കിൽ, അത് തീർച്ചയായും യാഥാർത്ഥ്യമായിത്തീരും - ചോദ്യത്തിനിടയില്ലാതെ.

**വാക്യം 18**. അബ്രഹാമിന്റെ വിശ്വാസം ദൈവത്തിലുറച്ചിരുന്നതിനാൽ, അബ്രഹാം **ആശയ്ക്കെതിരായി ആശയോടെ** വിശ്വസിച്ചു. ''ആശ'' എന്ന വാക്ക് ആദ്യമായി റോമാ ലേഖനത്തിൽ ഇവിടെയാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ ഇത് അവസാനത്തേതല്ല (കാണുക 5:2, 4, 5; 8:20, 24, 25; 12:12; 15:4, 12, 13, 24). ''ആശ'' എന്ന വാക്ക് പരിഭാഷപ്പെടു ത്തിയിരിക്കുന്നത് ἐλπίς (*elpis*) (*എൽപിസ്*) എന്ന പദത്തിൽ നിന്നാണ്. ''പ്രകടമായും ഇത് പൗലൊസിന്റെ പ്രത്യേകമായ ഒരു പദപ്രയോഗമാണ്. മറ്റേത് പുതിയ നിയമ ഗ്രന്ഥത്തേക്കാളും ഏറ്റവും കൂടുതൽ പ്രാവശ്യം റോമാ ലേഖനത്തിൽ കാണപ്പെടുന്ന ഒരു പദം.''[31] വിശ്വാസത്തോട് ഏറെ ബന്ധമുളളതാണ് ആശ (എബ്രാ. 11:6 കാണുക); എന്നാൽ അവ ഒന്നല്ല. പൗലൊസ് ഇവിടെ എഴുതുന്ന ആശ, ഇച്ഛയും പ്രതീക്ഷയും സംയോജിപ്പിക്കുന്നു; ആശ രൂപപ്പെടുന്നതിന് ഇവ രണ്ടും ആവശ്യമാണ്.[32] ഒരു വ്യക്തി ഒരു ദശലക്ഷം ഡോളർ ലഭിക്കുന്നതിന് ആഗ്രഹിക്കുന്നുണ്ടാകാം. എന്നാൽ അത് ലഭിക്കുമെന്ന്

അയാൾ പ്രതീക്ഷിക്കുന്നില്ലെങ്കിൽ അത് ആശയല്ല. മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു കൊലപാതകി, വിഷകാരിയായ ഒരു കുത്തിവെപ്പിലൂടെ മരിക്കുമെന്ന് പ്ര തീക്ഷിക്കുന്നുണ്ടാകാം; എന്നാൽ അയാൾ അതിന് ആഗ്രഹിക്കുന്നില്ല, അതിനാൽ അതും ആശയല്ല. ക്രിസ്തുവിൽ നമുക്ക് ആശയുണ്ട്: ആഗ്രഹം, ഒപ്പം പ്രതീക്ഷയും.

''ആശയ്ക്കെതിരായി ആശയോടെ വിശ്വസിക്കുന്നതിനെക്കുറിച്ച്'' പൗലൊസ് പറഞ്ഞുവല്ലോ. ഭൗമീകമായ ഒരു വീക്ഷണത്തിൽ, അബ്രഹാമിന് ഒരു പുത്രൻ ജനിക്കു മെന്നതിനെക്കുറിച്ച് ഒരു ആശയ്ക്കും വഴിയില്ല. അദ്ദേഹം ഒരു സന്തതിയ്ക്കായി ആഗ്ര ഹിച്ചിരുന്നുവെങ്കിലും ''തന്റെ ശരീരം നിർജ്ജീവമായി പ്പോയതിനാൽ'' (4:19), ആ സന്തതിക്കായി പ്രതീക്ഷിക്കുന്നതിന് അദ്ദേഹത്തിന് ഭൗമീകമായ ഒരു കാരണവു മില്ലായിരുന്നു. എങ്കിൽത്തന്നെയും, ഒരു സ്വർഗ്ഗീയ കാഴ്ചപ്പാടിൽ അദ്ദേഹത്തിന് അനേകം പിൻതുടർച്ചക്കാർ ഉണ്ടാകുമെന്ന് ദൈവം പറഞ്ഞിട്ടുണ്ടായിരുന്നതിനാൽ, അബ്രഹാം ഒരു പുത്രനായി ആഗ്രഹിക്കുക മാത്രമല്ല അദ്ദേഹം അത് പ്രതീക്ഷിക്കുക കൂടി ചെയ്തു. അതിനാലാണ് അദ്ദേഹം ആശയ്ക്കെതിരായി ആശയോടെ വിശ്വസിച്ചു എന്ന് പൗലൊസ് പറയുന്നത്. യൂജിൻ പീറ്റേഴ്സൺ ഇങ്ങനെയൊരു വ്യാഖ്യാനം നൽകുന്നു: ''എല്ലാം ആശാ രഹിതമായിരിക്കെ, അബ്രഹാം എന്തായാലും വിശ്വസിക്കുക തന്നെ ചെയ്തു'' (എംഎസ്ജി).

**നിന്റെ സന്തതി ഇങ്ങനെ ആകും എന്ന് ലഭിച്ചിട്ടുള്ള വാഗ്ദാനം അന ുസരിച്ച്, താൻ നിരവധി ജാതികളുടെ പിതാവ്** (ശാരീരികമായും ആത്മീ കമായും) ആയിത്തീ രുമെന്നുള്ള വിശ്വാസം അബ്രഹാമിനുണ്ടായിരുന്നു. ഈ വാക്യത്തിലെ ''ബഹുജാതി കളുടെ പിതാവ്'' എന്ന പരാമർശം ഉൽപ്പത്തി 17:4, 5 എന്നിവയിൽ നിന്നും ഉദ്ധരണി ഉൽപ്പത്തി 15:5-ൽ നിന്നുമാണ്. അവിടെ, അബ്രഹാമിന്റെ സന്തതി പരമ്പരകൾ ആശാശ ത്തിലെ നക്ഷത്രങ്ങളെപ്പോലെ എണ്ണിക്കൂടാത്തതായിരിക്കുമെന്ന് ദൈവം അബ്രഹാ മിനോട് പറഞ്ഞു. സംഭവിക്കുന്നതിന് വഴിയൊന്നുമുള്ളതായി തോന്നിയില്ലെങ്കിലും, ഈ വാഗ്ദാന ങ്ങൾ യാഥാർത്ഥ്യമായിത്തീരുമെന്ന് തന്നെ അബ്രഹാം വിശ്വസിച്ചു.

**വാക്യം 19**. ഈ ലോകത്തിലെ മനുഷ്യർക്ക് ഇത്തരത്തിലുള്ള വിശ്വാസം അയുക്തിപരവും സാമാന്യ ബുദ്ധിക്ക് നിരക്കാത്തതുമാണ്. യാഥാർത്ഥ്യ വുമായി ഏറെ അകന്നതാണ് അതെന്നും ''വസ്തുതകളെ അഭിമുഖീകരി ക്കുന്നതിനുള്ള പരാജയത്തിൽ നിന്ന് ഉൽഭവിക്കുന്നതാണ് അതെന്നും അവർ ശഠിക്കുന്നു. എന്നാൽ നമുക്ക് അറിയാവുന്നതു പോലെ, ഈ ആരോപണ ങ്ങളൊന്നും അബ്രഹാമിന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം സത്യമല്ലാ യിരുന്നു.

മനുഷ്യന്റെ പരിമിതികളുടെ മുൻപിൽ, അബ്രഹാം **വിശ്വാസത്തിൽ ക്ഷീണിക്കാതെ** ദൈവ വാഗ്ദത്തങ്ങളിൽ തന്റെ വിശ്വാസമുറപ്പിച്ചു. ''ക്ഷീണിക്കുക'' എന്ന പദത്തിന്റെ ഉൽഭവം ἀσθενέω (*astheneō*) (അസ്തീനിയോ) എന്നതിൽ നിന്നാണ്. മിക്കപ്പോഴും ഇത് ''ശാരീരികമായ അസുഖ'' ത്തെക്കുറിക്കുന്നുവെങ്കിലും ''ഏത് തരത്തിലുമുള്ള ശക്തി ഹീനത'' സൂചിപ്പിക്കുന്നതിനായി ഇത് ഉപയോഗിക്കാവുന്നതാണ്.[33] ഈ വാക്യത്തിൽ, ഇത് ആത്മീകമായ ക്ഷീണത്തെക്കുറിച്ചാണ് പരാമർശിക്കുന്നത്.

**തന്റെ ശരീരം നിർജ്ജീവമായിപ്പോയത്** ... ഗ്രഹിച്ചിട്ടും (അല്ലെങ്കിൽ ചിന്തിച്ചിട്ടും) എന്ന പ്രസ്താവനയിൽ ഒരു മൂലവാക്യ സംബന്ധിയായ ഒരു വൈഷമ്യം പ്രത്യക്ഷ പ്പെടുന്നു. ഇത് ചില പുരാതന ഗ്രീക്ക് കൈയ്യെഴുത്തു പ്രതികൾ നൽകുന്ന വ്യാഖ്യാന മാണെങ്കിലും, മറ്റുള്ളവ ''തന്റെ ശരീരം ഇപ്പോൾ

നിർജ്ജീവമായിപ്പോയിയെന്ന് അവൻ പരിഗണിച്ചില്ല'' (കാണുക കെജെവി) എന്നാണ് പറയുന്നത്. എന്നാൽ, അത്ഭുതകരമായി പരസ്പരം ഖണ്ഡിക്കുന്ന ഈ രണ്ട് ഭാഷ്യങ്ങളും നന്നായി സാക്ഷ്യ പ്പെടുത്തപ്പെട്ടിട്ടുള്ളവയും ഈയൊരു അർത്ഥ തലത്തിൽ മികച്ച പരിഭാഷ നൽകുന്ന വയുമാണ്. ഒന്നാമത്തേതിൽ, അബ്രഹാം തന്റെ ശരീരം നിർജ്ജീവമായിപ്പോയി എന്ന് ഗ്രഹിച്ചിട്ടും, ഏത് വിധത്തിലാണെങ്കിലും ദൈവത്തിന്റെ ഇച്ഛ ദൈവം നടപ്പിലാക്കുക തന്നെ ചെയ്യുമെന്ന് അബ്രഹാം വിശ്വസിച്ചു. രണ്ടാമത്തേതിലാകട്ടെ, തന്റെ ശരീരത്തിലൂടെ ദൈവം ദൈവത്തിന്റെ ഇച്ഛ നടപ്പിലാക്കുമെന്നതിനാൽ, അബ്രഹാം തന്റെ ശരീരം നിർജ്ജീവമായിപ്പോയി എന്ന് പരിഗണിക്കുന്നില്ല.[34]

ഈ വാക്യത്തെ ഏത് രീതിയിൽ നാം നോക്കിക്കണ്ടാലും, തൊണ്ണൂറ്റിയൊൻപ ത് വയസ്സുള്ള അബ്രഹാമിനോട് അദ്ദേഹത്തിന് ഒരു മകൻ ജനിക്കും എന്ന് ദൈവം പറഞ്ഞപ്പോൾ (ഉൽ. 17:1, 16), ഒരു കുട്ടിക്ക് പിതാവായിത്തീരുന്നത് സംബന്ധിച്ചിട ത്തോളം, തന്റെ ശരീരം ''നിർജ്ജീവം'' ആണ് എന്നുള്ള യാഥാർത്ഥ്യത്തെ അദ്ദേഹം അവഗണിച്ചില്ല (കാണുക എബ്രാ. 11:12). അതേ പോലെ തന്നെ **സാറയുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വവും** അദ്ദേഹം അവഗണിച്ചില്ല. അബ്രഹാമിന്റെ കാര്യത്തിൽ, ''നിർജ്ജീവം'' എന്ന വാക്കിന്റെ മൂലപദം νεκρόω (*nekroō*) (നെക്രൂ) ആണ്. സാറയുടെ കാര്യത്തിലാകട്ടെ, ''നിർജ്ജീവത്വം'' എന്നു പരിഭാഷപ്പെടുത്തിയി രിക്കുന്നത് νέκρωσις (*nekrōsis*) (നെക്രോസിസ്) എന്ന നാമപദത്തിൽ നിന്നാണ്. രണ്ടാമത്തെ പദപ്രയോഗം ''വന്ധ്യത്വം'' എന്നും പരിഭാഷപ്പെടുത്താം (എൻആർഎസ്വി). സാറയുടെ ഗർഭപ ാത്രം എപ്പോഴും ''നിർജ്ജീവം'' അല്ലെങ്കിൽ ''വന്ധ്യം'' ആയിരുന്നു. എന്നാൽ അബ്രഹാമിന്റെ ശരീരം, ''ഇപ്പോൾ നിർജ്ജീവമായിപ്പോയിരിക്കുന്നു.'' മുൻ കാലത്ത്, അബ്രഹാമിന്റെ ശരീരം പുത്രോൽപ്പാദനം സംബന്ധിച്ച് ''നിർജ്ജീവ'' മായിരുന്നില്ല (ഉൽ. 16:4), എന്നാൽ ''ഇപ്പോൾ'' അങ്ങനെയാണ്.

അബ്രഹാം ''വസ്തുതകളെ'': നോക്കി: അദ്ദേഹവും സാറയും കുട്ടികളുണ്ടാ കുന്ന തിന് ശാരീരികമായി കഴിയാത്താവരായിരുന്നു. അബ്രഹാം യാഥാർത്ഥ്യത്തെ അഭിമുഖീ കരിച്ചു. പിൻതലമുറക്കാർ ഉണ്ടാകുന്നതിന് ഭൗമീകമായ മാർഗ്ഗമൊന്നുമുണ്ടാ യിരു ന്നില്ല. എങ്കിൽത്തന്നെയും, തനിക്കും സാറയ്ക്കും ഒരു പുത്രൻ പിറക്കു മെന്നും തന്റെ അനന്തരഗാമികൾ നക്ഷത്രങ്ങളെപ്പോലെ അസംഖ്യമായിത്തീരുമെന്നും അബ്രഹാം വിശ്വസിച്ചു. എന്തു കൊണ്ട്? കാരണം ശാരീരികമായ വസ്തുതകൾ, വസ്തുതകൾ അല്ലെന്ന് തന്നെ അദ്ദേഹം തിരിച്ചറിഞ്ഞു. ലഭ്യമായ വസ്തുതകളിൽ അവയാണ് ഏറ്റവും പ്രാധാന ്യം കുറഞ്ഞതെന്നതാണ് സത്യം. കൂടുതലായി, ഈ ഭൂമിയുടെ യാഥാർത്ഥ്യ ങ്ങളെ ഉല്ലംഘിക്കുന്ന ഒരു യാഥാർത്ഥ്യം ഉണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു: ദൈവീക യാഥാർത്ഥ്യം! അബ്രഹാം ശാരീരികമായ വസ്തുതകളെയും ഭൗമീകമായ യാഥാർത്ഥ്യ ങ്ങളേയും അവഗണിച്ചില്ല. എന്നാൽ ആ യാഥാർത്ഥ്യങ്ങൾ തന്നെ ഭയപ്പെടുത്തു ന്നതിനോ അവ തന്നെ പരിമിതപ്പെടുത്തുന്നതിനോ അദ്ദേഹം വിസമ്മതിച്ചു. അരുളി ച്ചെയ്യുന്നതെന്താണോ അത് ചെയ്യുന്ന അത്യുന്നതനായ ദൈവം, തനിക്കായി പ്രവർത്തി ക്കുമെന്ന് അദ്ദേഹം വിശ്വസിച്ചു (കാണുക 4:17; ഉൽപ്പത്തി. 17:1, 16; ലൂക്കൊസ് 1:37).

വാക്യം 19-ലെ ഭാഷ, ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഒരു ചോദ്യമുയർത്തുന്നു: യിസഹാക്ക് ജനിക്കുന്നതിന് മുൻപ് അബ്രഹാമിന് ഒരു പിതാവായിത്തീരുന്നതിന് സാദ്ധ്യമല്ലാത്ത വിധത്തിൽ പ്രായം ചെന്നിരുന്നു വെങ്കിൽ, ഉൽ. 25:1-6-ൽ

അബ്രാ ഹാമിന് കെതൂറയിൽ പുത്രൻമാരുണ്ട ായിരുന്നു എന്ന് നാം വായിക്കുന്നതെങ്ങനെ യാണ്? സംഭവ്യമായ ഒരു ഉത്തരം, അബ്രഹാമിന്റെ ജീവിതത്തെക്കുറിച്ചുളള വിവരണം കാലക്രമാനുസാ രിയായതല്ല എന്നും അബ്രഹാമിന് ജീവിതത്തിന്റെ പ്രാരംഭദശയിൽ, കെതൂറയിൽ സന്തതികൾ ജനിച്ചുവെന്നതുമാണ്. അറ്റൊരു സാദ്ധ്യത, യിസഹാക്കിന്റെ പിതാവായിത്തീരുന്നതിന് അബ്രഹാമിന് ശാരീരിക ശേഷി നൽകിയ അതേ ദൈവീക സ്പർശം, പിന്നീട് മറ്റ് കുട്ടികൾക്കു കൂടി പിതാവായിത്തീരുന്നതിന് അദ്ദേഹത്തിന് പ്രാപ്തി നൽകിയെന്നതാണ്.

**വാക്യം 20.** അബ്രഹാം ദൈവത്തിന്റെ ശക്തിയിൽ വിശ്വസിക്കുക മാത്രമല്ല ചെയ്തത്, **ദൈവത്തിന്റെ വാഗ്ദാനത്തിൽ പൂർണ്ണവിശ്വാസം പുലർത്തുകയും ചെയ്തു:** ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസ ത്തിൽ ശക്തിപ്പെട്ടു. അബ്രഹാമും അദ്ദേഹത്തിന്റെ പിൻതലമുറക്കാരും ''ബഹുജാതി കൾക്ക് പിതാവായിത്തീരും'' (4:13) എന്ന വാഗ്ദാനമായിരുന്നു ''ദൈവത്തിന്റെ വാഗ്ദത്തം.'' ഈ വാഗ്ദത്തത്തിൽ, അബ്രഹാമിന് ഒരു മകനും മറ്റ് ഒട്ടനവധി സന്തതി കളും ലഭിക്കുന്നത് കൂടി ഉൾപ്പെടുന്നതായിരുന്നു അത്. ഈ വാഗ്ദത്തം നിവർത്തിക്ക പ്പെടുന്നത് അസാദ്ധ്യമായി കാണപ്പെട്ടുവെങ്കിലും, ആ പിതാമഹൻ ''അവിശ്വാസ ത്താൽ സംശയിച്ചില്ല.'' ''സംശയിക്കുക'' എന്ന് പരിഭാഷപ്പെടുത്തിയിട്ടുളളത് διακρίνω (*diakronō*) (ഡിയാക്രിനോ) എന്ന് സയോജിത പദത്തിൽ നിന്നാണ്. ഇത് ചിലപ്പോൾ ''മടിക്കുക'' അല്ലെങ്കിൽ ''സംശയിക്കുക'' എന്ന് അർത്ഥമാക്കുന്നു.[35]

അബ്രഹാമിന്റെ വിശ്വാസം തികഞ്ഞതായിരുന്നില്ല. അദ്ദേഹം ഒരു മനുഷ്യനായിരുന്നു. അതിന്റെ അർത്ഥം അദ്ദേഹവും തികവുള്ള വ്യക്തിയായിരുന്നില്ലെന്നും അദ്ദേഹത്തിന്റെ വിശ്വാസം തികവുള്ളതായിരുന്നില്ല എന്നുമാണ്. ഉൽ. 15:2, 3–ൽ അദ്ദേഹത്തിന് സന്താന ങ്ങളൊന്നുമില്ലാതിരിക്കെ, തന്റെ ദാസൻമാരിലൊരാൾ തന്റെ അനന്തരാവകാശിയായിത്തീ രണമെന്ന ഒരു നിർദ്ദേശം അദ്ദേഹം ദൈവത്തിന്റെ മുൻപിൽ വെക്കുകയാണ്. ഉൽ. 17:15–18, സാറയ്ക്ക് ഒരു പുത്രൻ ജനിക്കുമെന്ന് ദൈവം അരുളിച്ചെയ്യുമ്പോൾ, അബ്രഹാം സ്വയം ചിരിക്കുകയും ഇങ്ങനെ ചിന്തിക്കുകയും ചെയ്യുന്നു: ''നൂറു വയസ്സുള്ളവന്നു മകൻ ജനിക്കുമോ? തൊണ്ണൂറു വയസ്സുള്ള സാറാ പ്രസവിക്കുമോ?'' തുടർന്ന്, യിസ്മായേലിനെ തന്റെ അനന്തരാവകാശിയായി സ്വീകരിക്കണമെന്ന് ദൈവത്തെ ബോദ്ധ്യപ്പെടുത്തുന്നതിന് ശ്രമിക്കുകയാണ് അബ്രഹാം. മാസങ്ങൾ വർഷങ്ങളായും വർഷങ്ങൾ ദശവർഷ ങ്ങളായും പരിണമിച്ചു കൊണ്ടിരുന്നപ്പോൾ, ''ജനതതിയുടെ പിതാവ്'' എന്ന വാഗ്ദാനവുമായി അബ്രഹാം മല്ലിട്ടു കൊണ്ടിരുന്നു.

അബ്രഹാം ''ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയി ച്ചില്ല'' മാത്രവുമല്ല ''അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു'' (4:20, 21) എന്ന് പൗലൊസ് പിന്നെ എന്തുകൊണ്ടാണ് പറയുന്നത്? ഈ ചോദ്യത്തിന് ഉത്തരം നൽകുന്നതിനുള്ള ഒരു മാർഗ്ഗം, വാഗ്ദത്തത്തെക്കുറിച്ചായിരുന്നില്ല അബ്രഹാം സംഘർഷമനുഭവിച്ചത് മറിച്ച് അവ എങ്ങനെ നിവർത്തിക്കപ്പെടും എന്നുളളതിനെ ക്കുറിച്ചായിരുന്നുവെന്നതാണ്.

അബ്രഹാം വിശ്വാസത്തിൽ സംഘർഷമനുഭവിച്ചിട്ടുണ്ടാവാം, പല തരം കുറവുകൾ അദ്ദേഹത്തിനുണ്ട ായിരുന്നിരിക്കാം, താൽക്കാലികമായ സംശയ ങ്ങൾ അദ്ദേഹത്തിന്റെയുള്ളിൽ തല പൊക്കിയിരുന്നിരിക്കാം –

എന്നാൽ അബ്രഹാം ഒരിക്കലും തന്റെ കണ്ണുകൾ ദൈവത്തിൽ നിന്ന് മാറ്റി യില്ല. അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ കേന്ദ്രീകരണം എവിടെയായിരുന്നു എന്നതിന്റെ അത്രയും പ്രാധാന്യമർഹിക്കുന്നതായിരുന്നില്ല

അബ്രഹാമിന്റെ വിശ്വാസത്തിന്റെ കാമ്പും കഴമ്പും. അവിശ്വാസത്താൽ സംശയി ക്കുന്നതിന് പകരം, അബ്രഹാം **വിശ്വാസത്തിൽ ശക്തിപ്പെട്ടു**. ''ബലപ്പെടുക'' എന്ന വാക്ക് തർജ്ജമ ചെയ്തിട്ടുള്ളത് ἐνδυναμόω (*endunamoō*) (എൻഡ്യൂനാമൂ) എന്ന പദത്തിൽ നിന്നാണ്. ഇത് ''ശക്തി'' എന്ന വാക്കിനുള്ള പദമായ δύναμις (*dunamis*) (ഡ്യുനാമിസ്) എന്ന വാക്കുമായി ബന്ധപ്പെട്ടതാണ്. ഈ വചനഭാഗത്തിലെ ക്രിയ, കർമ്മണി പ്രയോഗത്തിലാണ്. അതിനാൽ, അത് ''ശക്തിപ്പെടുത്തിയിരുന്നു'' അല്ലെങ്കിൽ ''ബലപ്പെടുത്തിയിരുന്നു'' എന്ന് ഭാഷാന്തരം ചെയ്യാവുന്നതാണ് (കാണുക എൻഐവി; എൻകെജെവി).

''വിശ്വാസത്തിൽ'' എന്ന പ്രയോഗം വിവർത്തനം ചെയ്തിരിക്കുന്നത് τῇ πίστει (*tē pistei*) (*ടെ പിസ്റ്റെയി,* ''വിശ്വാസം'') എന്ന പദത്തിൽ നിന്നാണ്. ഇത് ഉപസർഗ്ഗം കൂടാതെയുള്ള, ഇംഗ്ലീഷിൽ ഡേറ്റീവ് കേസ് എന്നു വിളിക്കുന്ന ഒരു പ്രയോഗമാണ്. എൻഎഎസ്ബി-യും മിക്കവാറുമുള്ള മറ്റ് സാമാന്യ പരിഭാഷകളും ''-ൽ'' എന്ന ഉപസർഗ്ഗം ചേർക്കുന്നുണ്ട്; എന്നാൽ മറ്റ് ചിലവ ''-ത്തിലൂടെ'' അല്ലെങ്കിൽ ''-ത്താൽ'' എന്നിങ്ങനെ യുള്ള വാക്കുകൾ കൂട്ടിച്ചേർക്കുന്നു. ഗ്രീക്കിലെ അർത്ഥം, ''അവൻ തന്റെ വിശ്വാസത്തിൽ ബലപ്പെട്ടു' (അവന്റെ വിശ്വാസം ശക്തിപ്പെട്ടു) അല്ലെങ്കിൽ ''തന്റെ വിശ്വാസത്തിലൂടെ അവൻ ബലപ്പെട്ടു' എന്നിങ്ങനെ മനസ്സിലാക്കാം.[37] എങ്ങനെയായാലും, ദൈവത്തിലും അവിടുത്തെ വാഗ്ദത്തങ്ങ ളിലുമുള്ള വിശ്വാസത്തിൽ അബ്രഹാം ശക്തിപ്പെട്ടു. കായികമായ വ്യായാമം ഒരു വ്യക്തിയുടെ ശരീരത്തെ ശക്തിപ്പെടുത്തുന്നതു പോലെ, ഒരു വ്യക്തിയുടെ വിശ്വാസം പ്രവർത്തനക്ഷമമാക്കുന്നത് (അതിൽ ആശ്രയിക്കുന്നതും അതിൽ പ്രവർത്തിക്കുന്നതും) ആ വിശ്വാസത്തെ ബലപ്പെടുത്തും.

അബ്രഹാമിന്റെ വിശ്വാസത്തിൽ ബലപ്പെട്ടപ്പോൾ, അദ്ദേഹം **ദൈവത്തിന് മഹത്വം നൽകുകയായിരുന്നു**. ''മഹത്വം'' (δόξα, *doxa*) നൽകുകയെ ന്നുള്ളത്, ദൈവത്തിന് നാം കടപ്പെട്ടിട്ടുള്ള മഹത്വം അവിടുത്തേക്ക് കരേറ്റു കയെന്നുള്ളതാണ്. അദ്ധ്യായം 1-ൽ, ''അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീക രിക്കയോ നന്ദി കാണിക്കയോ ചെയ്യാത്ത'' വരെക്കുറിച്ച് പൗലൊസ് വിവരിച്ചിരു ന്നുവല്ലോ (റോമ. 1:21). അത്തരത്തിൽ കൃതഘ്നത കാട്ടുന്നവരെപ്പോലെയല്ലായിരുന്നു അബ്രഹാം.; അദ്ദേഹം ദൈവത്തിന് മഹത്വം നൽകി. ഇക്കാര്യത്തിൽ അബ്രഹാം പിതാവി ന്റെ പാദമുദ്രകൾ നാം പിൻതുടരേണ്ടതുണ്ട്. ''അവന് (ദൈവത്തിന്) ഇന്നും എന്നെന്നേക്കും മഹത്വം'' (2 പത്രൊ. 3:18).

**വാക്യം 21.** അബ്രഹാമിന്റെ വിശ്വാസത്തിന്റെ ഒരു സംക്ഷിപ്തമാണ് ഈ വാക്യം; പൂർണ്ണ ആശ്രയത്തിന്റെ അർത്ഥപൂർണ്ണമായ ഒരു പ്രസ്താവന: **അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു**. ''പൂർണ്ണമായി ഉറെച്ചു'' എന്ന തർജ്ജമ πληροφορέω (*plērophoreō*) *(പ്ലെറോഫോറിയോ)* എന്ന വാക്കിൽ നിന്നാണ്. ഇത് πλήρης (*plērēs*) *(പ്ലെറസ്,* ''മുഴുവൻ'' അല്ലെങ്കിൽ ''പൂർണ്ണം''), φέρω (*pherō*) (*ഫെറോ*, ''വഹിക്കുക'' അല്ലെങ്കിൽ ''ചുമക്കുക'') എന്നിങ്ങനെ രണ്ട് വാക്കുകളുടെ സംയോജിത രൂപമാണ്. അതിന്റെ അർത്ഥം, ''പൂർണ്ണ ശേഷിയിൽ വഹിക്കുക''

എന്നതാണ്. ഈ അർത്ഥത്തിൽ, പ്ലെറോഫോറിയോ എന്ന പദം കുറിക്കുന്നത് "നിശ്ചിതത്വം കൈവരിക്കുക" എന്നതാണ്.[38]

ദൈവം വാഗ്ദത്തം ചെയ്തത് പൂർത്തീകരിക്കുവാൻ ദൈവം ശക്തനാണ് എന്ന് അബ്രഹാം വിശ്വസിച്ചു. പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും ഒരു പ്രമേയം, നമ്മുടെ ദൈവം "ശക്തൻ" ആണ് എന്നാണ് (കാണുക ദാനീ. 3:17; റോമ. 11:23; 14:4; 2 കൊരി. 9:8; എബ്രാ. 7:25). "ശക്തൻ" ഭാഷാന്തരം ചെയ്തിട്ടുള്ളത് δυνατός (*dunatos*) (ഡ്യുനാറ്റോസ്) എന്ന വാക്കിൽ നിന്നാണ്. "ശക്തി" ഡ്യുനാമിസ് എന്ന അതേ പദ കുടുംബത്തിൽ നിന്നു തന്നെയാണ് ഇത് വരുന്നത്. നമ്മുടെ ദൈവം സർവ്വശക്തനാണ്, എല്ലാം ചെയ്യുന്നതിന് ശക്തിയ ുള്ളവൻ! ടിഇവി പറയുന്നത്, അബ്രഹാമിന് "ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളത് നിവർത്തിക്കുന്നതിന് ദൈവം കഴിവുള്ളവനാണ് എന്ന് പൂർണ്ണമായും ഉറപ്പുണ്ടായിരുന്നു" എന്നാണ്. ചില അവസരങ്ങളിൽ പൂർത്തീകരിക്കുന്നതിന് കഴിയാത്ത വാഗ്ദാനം നാം നൽകുന്നു. നമ്മുടെ വാഗ്ദാനം പാലിക്കുന്നതിന് നമുക്ക് എല്ലാ ആഗ്രഹവുമുണ്ടെങ്കിലും, അതിനായി കഴിയുന്നിടത്തോളം നാം ചെയ്യുന്നുവെങ്കിലും, ചിലപ്പോൾ നാം പരാജയപ്പെടുന്നു. നമ്മുടെ ദൈവം അതേ പോലെയല്ല. ഒരു വാഗ്ദത്തം നൽകിയാൽ, അത് പാലിക്കുന്നതിന് കഴിവുള്ളവന ാണ് ദൈവം.

ദൈവം വാഗ്ദത്തം ചെയ്തിട്ടുള്ളത് ചെയ്യുവാൻ സാധിക്കുമെന്ന് വിശ്വസിക്കുക മാത്രമല്ല അബ്രഹാം ചെയ്തത്; ദൈവം അത് ചെയ്യുമെന്ന് അദ്ദേഹം വിശ്വസിക്കുക കൂടി ചെയ്തു. ദൈവം വിശ്വസ്തനാണ് എന്ന് അദ്ദേഹം വിശ്വസിച്ചു (കാണുക ആവ. 7:9; 1 കൊരി. 1:9). ദൈവത്തിന് ചെയ്യുവാൻ കഴിയാത്തത് വ്യാജം പറയുകയെന്നതാണ് (തീത്തൊ. 1:2; എബ്രാ. 6:18). മനുഷ്യർ എപ്പോഴും തങ്ങളുടെ വാഗ്ദാനങ്ങൾ പാലിക്കാറില്ല, എന്നാൽ ദൈവം വാഗ്ദത്തങ്ങൾ എപ്പോഴും പാലിക്കുന്നു!

ദൈവം വാഗ്ദത്തം പാലിക്കുമെന്ന് വിശ്വസിക്കുന്നതിന് അബ്രഹാമിന് എളുപ്പമായിരുന്നുവോ? ഒരു സന്തതിയില്ലാതെ, ഓരോ വർഷവും കൊഴിഞ്ഞു പോകുന്നത് അബ്രാമിനെ (അന്ന് അദ്ദേഹം അറിയപ്പെട്ടിരുന്നതു പോലെ) സംബന്ധിച്ചിടത്തോളം അത് എത്ര മാത്രം മനസ്സു മടുപ്പിക്കുന്നതായിരുന്നിരി ക്കണമെന്ന് ഡൊണാൾഡ് ബാൺഹൗസ് ചിത്രീകരിക്കുന്നു. കനാനിലൂടെ കടന്നു പോകുന്ന ധനികരായ വ്യാപാരികളുടെ യാത്രാ സംഘങ്ങൾ അബ്രഹാമിന്റെ കിണറുകൾക്ക് സമീപം വിശ്രമിക്കുന്നതിനായി നിൽക്കുകയും അദ്ദേഹത്തിന്റെ ദാസൻമാരുടെ പക്കൽ നിന്ന് ഭക്ഷണം വാങ്ങുകയും ചെയ്തിരിക്കാം. അവർ അബ്രാമിനോട് തങ്ങളുടെ ആദരവ് അറിയിക്കുമ്പോൾ, സ്വാഭാവികമായും അബ്ര ഹാം ആരാണെന്നും അദ്ദേഹം എവിടെ നിന്നുള്ള വ്യക്തിയാണെന്നും എത്ര കാലത്തോളം അവിടെയായിരിക്കുന്നുവെന്നും അവർ തിരക്കിയിരുന്നിരിക്കാം. തന്റെ പേര് അബ്രാം ("ഉയർത്തപ്പെട്ട പിതാവ്") എന്നാണ് എന്ന് സ്വയം പരിചയപ്പെടുത്തുമ്പോൾ, അവർ ചോദിച്ചിരുന്നിരിക്കണം: "താങ്കൾക്ക് എത്ര മക്കളുണ്ട്?" ലജ്ജയോടും അപമാന ത്തോടും കൂടി അദ്ദേഹം ഉത്തരം നൽകിയിരുന്നിരിക്കാം, "ഒരാളുമില്ല." പിതാമഹന്, ബലവും വിശാലമായ മൃഗ സമ്പത്തും അസംഖ്യം സേവകരും അധീനത യിലുണ്ടായിരുന്നു – എന്നാൽ അദ്ദേഹത്തിന് സന്തതികളില്ലായിരുന്നു.[39]

നിരവധി വർഷങ്ങൾ കാത്തിരുന്നതിന് ശേഷവും, അബ്രഹാം "അവൻ വാഗ്ദത്തം ചെയ്തതു പ്രവർത്തിപ്പാനും ശക്തൻ എന്നു പൂർണ്ണമായി ഉറെച്ചു."

അബ്രഹാമിന്റെ വിശ്വാസം അദ്ദേഹം ഭാവനയിൽ ദർശിച്ചതിന്റെയോ സ്വപ്നം കണ്ടതിന്റെയോ അടിസ്ഥാനത്തിലായിരുന്നില്ല. അത് ദൈവം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ദൃഢതയോടെ ഉറച്ചിരുന്നു.

**വാക്യം 22.** ഉൽ. 15:6-ൽ നിന്ന് വീണ്ടും ഉദ്ധരണി നൽകിക്കൊണ്ട് പൗലൊസ് അബ്രഹാമിന്റെ ജീവിതത്തിന്റെ നിരീക്ഷണം സമാപിപ്പിക്കുകയാണ്. **അതുകൊണ്ട്** അത് (അബ്രഹാമിന്റെ വിശ്വാസം) **അവന് നീതിയായി കണക്കിട്ടു** (ലോഗിസൊ മായി). അദ്ദേഹത്തിന്റെ വിശ്വാസം തികഞ്ഞതായിരുന്നില്ല; എന്നാൽ അത് അപ്പോഴും വിശ്വാസം തന്നെയായിരുന്നു. ആ വിശ്വാസം മൂലം, ദൈവം അബ്രഹാമിനെ നീതിമാനായി എണ്ണി.

**വാക്യംങ്ങൾ 23, 24.** പൗലൊസ് തന്റെ വായനക്കാരോട് പ്രായോഗിക തലത്തിൽ സംസാരിക്കുകയാണ്. ഇതിൽ ഇന്ന് നാമും ഉൾപ്പെടുന്നു: അവന്നു (അബ്രഹാമിന്) കണക്കിട്ടു (ലോഗിസൊമായ്) എന്നു എഴുതിയിരിക്കുന്നതു **അവനെ വിചാരിച്ചു മാത്രം അല്ല, നമ്മെ വിചാരിച്ചുംകൂടെ ആകുന്നു.** ഉൽപ്പത്തി 15:6 എഴുതിയിരി ക്കുന്നത് "അബ്രഹാം മനുഷ്യരുടെ ഓർമ്മകളിൽ ജീവിക്കണമെന്നുള്ളതിന് ഒരു സ്മരണക്കുറിപ്പായിട്ടല്ല."[40] ദൈവം മോശെയിലൂടെ ഈ വാക്കുകൾ എഴുതിക്കു ന്നത്, മോശയുടെ കാലത്തെ ജനങ്ങൾ അതിൽ നിന്ന് ചിലത് പഠിക്കുന്നതിന് വേണ്ടിയായിരുന്നു - പൗലൊസ് പറയുന്നത് ആളുകൾ ഇപ്പോഴും അതിൽ നിന്ന് പഠിക്കുന്നതിന് ദൈവം ആഗ്രഹിക്കുന്നുവെന്നാണ്. ചരിത്രം ഏറ്റുചൊല്ലുന്നതിന് അപ്പൊസ്തലന് ഒട്ടും താൽപ്പര്യമില്ല, എന്നാൽ മനുഷ്യരുടെ ഹൃദയങ്ങളും ജീവിത ങ്ങളും പരിവർത്തനം ചെയ്യപ്പെടുന്നതിന് അദ്ദേഹത്തിന് ഉൽക്കടമായ ആഗ്രഹമുണ്ട്.

ഉൽപ്പത്തി 15:6 എഴുതപ്പെട്ടത് വിശ്വാസം **കണക്കിടപ്പെടുന്ന** (ലോഗിസൊമായ്) ക്രിസ്തീയ വിശ്വാസികൾക്കാണ്. അബ്രഹാമിന് വിശ്വാസം കണക്കിട്ടതു പോലെ നമ്മുടെ വിശ്വാസവും നമുക്ക് നീതിയായി കണക്കിടപ്പെടും. കാരണം എല്ലാവരും (അബ്ര ഹാമും നാമും) കൃപ/വിശ്വാസ വ്യവസ്ഥയുടെ കീഴിലാണ്. 22 മുതൽ 24 വരെയുള്ള വാക്യങ്ങളിലെ, *ലോഗിസൊമായ്* എന്ന പദത്തിന്റെ മൂന്ന് മടങ്ങ് ഉപയോഗം, ദൈവത്തിന്റെ കണക്കിടുന്നതിനുള്ള അത്യൽഭുതകരമായ സംവിധാനത്തിനു നേരെയാണ് ചൂണ്ടിക്കാട്ടുന്നത് (കുറിപ്പുകൾ കാണുക 4:3-8). സിജെബി പറയുന്നത്, "വാക്കുകൾ 25, നമുക്ക് വേണ്ടിയുമാണ് എഴുതിയിരുന്നത്; തീർച്ചയായും നമുക്കും അത് കണക്കിടും." ദൈവം കണക്കുകൾ സൂക്ഷിക്കുന്നത് എങ്ങനെയാണ് എന്നതിന്റെ റോമാ ലേഖനത്തിലെ അവസാന പരാമർശങ്ങളിലൊന്നാണ് ഇത്. എങ്കിൽത്തന്നെയും, ശേഷമുള്ള ലേഖന ഭാഗങ്ങളിലേക്കുള്ള ഒരു ചൂണ്ടുപലകയായി അത് നില കൊള്ളുന്നു.

നമ്മുടെ കർത്താവായ **യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനിൽ** (ദൈവത്തിൽ) **വിശ്വസിക്കുന്നവരെയാണ്** ക്രിസ്തീയ വിശ്വാസികളായി വിശേഷിപ്പിക്കുന്നത്. നാം വിശ്വസിക്കുന്നതും അബ്രഹാം വിശ്വസിച്ചതും തമ്മിൽ ആന്തരികാർത്ഥമുള്ള ഒരു താരതമ്യമുണ്ട്. "മരിച്ചവരെ ജീവിപ്പിക്കുന്ന" (4:17) ദൈവത്തിൽ അബ്രഹാം വിശ്വസിച്ചു; നമുക്കും അതേ പോലെയുള്ള വിശ്വാസമാണ് വേണ്ടത്. വസ്തുനിഷ്ഠമായി, യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ് നമ്മുടെ വിശ്വാസത്തിന്റെ ആധാരശില. "മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവ പുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെട്ടു കയും" എന്ന് 1:5-ൽ പൗലൊസ് പറ യുന്നു. 10:9-ൽ, പൗലൊസ് പറയുന്നത് രക്ഷിക്കപ്പെടുന്നതിനായി, നിങ്ങൾ "കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ

(യേശുവിനെ) മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്യണം'' എന്നാണ്. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് കൂടാതെ, നമുക്ക് ''ജീവനുള്ള പ്രത്യാശ'' (1 പത്രൊ. 1:3) ഇല്ല; കൂടാതെ, നമ്മുടെ വിശ്വാസം ''വ്യർത്ഥം'' (1 കൊരി. 15:17) ആണ്.

**വാക്യം 25.** യേശുവിനെക്കുറിച്ച് പൗലൊസ് പറഞ്ഞു: **നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏൽപ്പിച്ചും നമ്മുടെ നീതീകരണ ത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്നു.** ആദിമകാല വിശ്വാസികൾ ഉപയോഗിച്ചി രുന്ന ഒരു ''വിശ്വാസ പ്രഖ്യാപനം'' പൗലൊസ് ഉദ്ധരിക്കുകയായിരു ന്നുവെന്നാണ് നിരവധി എഴുത്തുകാരും സൂചിപ്പിക്കുന്നത്. ഇത് സത്യമായിരു ന്നുവോ അല്ലയോ എന്ന് നമുക്ക് അറിയില്ല. നമുക്ക് ആകെ അറിയാവുന്നത്, ദൈവത്താൽ പ്രചോദിതനായ ഒരു മനുഷ്യൻ അത് എഴുതി; അതിനാൽ അത് കർത്താവിൽ നിന്നാണ്.

യേശുവിനെ ''ഏൽപ്പിച്ചു'' എന്ന് പൗലൊസ് പറഞ്ഞപ്പോൾ, ക്രൂശിക്കപ്പെടു ന്നതിനായി യേശുവിന്റെ വിദ്രോഹികൾക്ക് യേശുവിനെ ഏൽപ്പിച്ചു കൊടുത്തു വെന്നാണ് മനസ്സിലാക്കുന്നത്. അതിനാൽ, എൻഐവി ഈ വാക്യത്തെ ''അവനെ മരണത്തിനായി ഏൽപ്പിച്ചു കൊടുത്തു'' എന്നാണ് പരിഭാഷപ്പെടുത്തുന്നത്. ''ഏൽപ്പിച്ചു'' എന്ന വാക്ക് തർജ്ജമ ചെയ്തിരിക്കുന്നത് παραδίδωμι (*paradidōmi*) *(പാരാഡിഡോമി)*- യിൽ നിന്നാണ്. അത് παρά (*para*) *(പാരാ*, ''സമാന്തരമായി''), δίδωμι (*didōmi*) (*ഡിഡോമി*, ''നൽകുക'') എന്നീ പദങ്ങളെ കോർത്തിണക്കുന്നു. യേശുവിന്റെ വിദ്രോഹികൾ യേശുവിനെ ഏൽപ്പിച്ചു കൊടുക്കുന്നതുമായുള്ള ബന്ധത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. എന്നാൽ വാക്യം 25-ൽ യേശുവിനോട് ശത്രുത പുലർത്തിയിരുന്നവരുടെ പരാമർശമില്ല. ക്രിസ്തുവിനെ ശത്രുവായി വീക്ഷിച്ചവർക്ക് ''നമ്മുടെ അതിക്രമങ്ങളിൽ'' ഒട്ടും താൽപ്പര്യമില്ല.[41] അവർ ദ്വേഷിച്ച യേശുവിനെ ഉൻമൂലനം ചെയ്യുന്നതിൽ മാത്രമാ യിരുന്നു അവരുടെ ഉൽകണ്ഠ. നമ്മുടെ പാപങ്ങൾക്ക് ''പരിഹാരമായി'' (3:25) ദൈവം യേശുവിനെ ഏൽപ്പിച്ചു കൊടുത്തതായി വാക്യം 25 പറയുന്നു. 8:32-ൽ ദൈവം ''സ്വന്ത പുത്രനെ ആദരിക്കാതെ നമുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചുതന്നു'' എന്ന് പറയുന്നു.

വാക്യം 25-ന്റെ നിരവധി സവിശേഷതകൾ വ്യാഖ്യാതാക്കളെ കുഴയ്ക്കുന്നുണ്ട്. ഇതിലൊന്ന് διά (*dia*) (*ഡിയ*) എന്ന ഉപസർഗ്ഗത്തിന്റെ ആവർത്തനമാണ്. എൻഎഎസ് ബി-യിൽ ഇത് ''അക്കാരണത്താൽ'' എന്നാണ് തർജ്ജമ ചെയ്തിയിരിക്കുന്നത്: ''നമ്മുടെ അതിക്രമങ്ങളുടെ കാരണത്താൽ മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണ ത്തിന്റെ കാരണത്താൽ ഉയിർപ്പിച്ചുമിരിക്കുന്നു'' വ്യക്തമായും പൗലൊസ് രണ്ട് പ്രസ്താ വനകൾ സമാന്തരമായി നടത്തുന്നതിന് ഉദ്ദേശിക്കുകയായിരുന്നു. എന്നാൽ ഇവിടെ ഉടലെടുക്കുന്ന പ്രശ്നം, ''അതിക്രമങ്ങൾ'', ''നീതീകരണം'' എന്നിവ ഒരേ വിഭാഗത്തിൽ പെടുന്നതല്ല; മറിച്ച് അവ എതിർ പദങ്ങളാണ് എന്നുള്ളതാണ്. പ്രസ്താവനയുടെ ഓരോ ഭാഗത്തുമുള്ള ചിന്ത വായനക്കാർ തന്നെ പൂർത്തീകരിക്കുന്നതിന് പൗലൊസ് പ്രതീക്ഷിച്ചുവെന്നതാണ് പ്രത്യക്ഷത്തിൽ മനസ്സിലാകുന്നത്: ക്രിസ്തുവിനെ മരണത്തിനായി ഏൽപ്പിച്ചതിന്റെ ''കാരണം'' നമ്മുടെ അതിക്രമങ്ങൾ നമ്മുടെ അതിക്രമങ്ങളുടെ കുറ്റബോധം നീക്കുന്നതിന് അത് ആവശ്യമായിരുന്നതു കൊണ്ടും യേശുവിനെ മരണത്തിൽ നിന്ന് ഉയിർപ്പിച്ചതിന്റെ ''കാരണം'' നമ്മുടെ നീതീകരണം കൈവരി ക്കുന്നതിന് അത്

ആവശ്യമായിരുന്നതു കൊണ്ടുമാണ്.

വാക്യം 25-ന്റെ അന്തിമ ഭാഗത്തുള്ള പദപ്രയോഗം, കൂടുതൽ വിശദീകരണ മാവശ്യപ്പെടുന്നതാണ്: ''നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്നു.'' ഒരു ചട്ടമെന്ന നിലയിൽ, ക്രിസ്തു നമ്മുടെ നീതീകരണത്തിനായി മരിക്കപ്പെട്ടു എന്ന് പൗലൊസ് പ്രസ്താവിച്ചു. 15:9-ൽ ''അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടി രിക്കുന്നു'' (കാണുക 3:24, 25) എന്ന് പൗലൊസ് പറഞ്ഞു. ഇവിടെ, എങ്കിൽത്ത ന്നെയും, ക്രിസ്തുവിനെ നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചിരിക്കുന്നുവെന്ന് അദ്ദേഹം പറയുന്നു. ഒരു വിധത്തിൽ, യേശുവിന്റെ *ഉയിർത്തെഴുന്നേൽപ്പ്* നമ്മുടെ നീതീകരണത്തിനു വേണ്ടിയായിരുന്നു. ആ ഉയിർത്തെഴുന്നേൽപ്പിന്റെ കാരണത്താൽ, യേശുവിന്റെ മരണം ദൈവക്രോധം ശമിക്കപ്പെട്ടുവെന്ന് നമുക്ക് ഉറപ്പാക്കാം.

ഈ പ്രയോഗത്തിൽ അധികമായി നൽകപ്പെടുന്ന പ്രാധാന്യമുണ്ടാ യേക്കാം. ചില എഴുത്തുകാർ, ക്രിസ്തുവിനെ നമ്മുടെ മഹാപുരോഹിതനായി പരാമർശി ക്കുന്ന എബ്രായ ലേഖനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു (എബ്രാ. 2:17; 3:1; 4:14, 15).[42] എബ്രായർ 9, പഴയ നിയമത്തിലെ മഹാപുരോഹിതനും യേശുവും തമ്മിൽ താരതമ്യം ചെയ്യുന്നു. പഴയ നിയമത്തിൽ, വിശുദ്ധ മന്ദിരത്തിലെ (അല്ലെങ്കിൽ ദൈവാലയം) അതിവിശുദ്ധ സ്ഥലത്ത് വർഷത്തിൽ ഒരിക്കലായി മൃഗങ്ങളുടെ രക്തവുമായി പ്രവേശിച്ചിരുന്നു. അദ്ദേഹം ദൈവത്തിന്റെ സിംഹാസനത്തെ പ്രതിനിധീകരിക്കുന്ന കൃപാസനത്തിൽ (സാക്ഷ്യപെട്ടകത്തിന്റെ മൂടി) ഈ രക്തം തളിച്ചു. ജനങ്ങളുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായാണ് അദ്ദേഹം ഇത് ചെയ്തിരുന്നത്. അതേ പോലെ, നമ്മുടെ മഹാപുരോഹിതനായ യേശു കർത്താവ്, ഏറ്റവും അതി വിശുദ്ധ സ്ഥലമായ സ്വർഗ്ഗത്തിൽ പ്രവേശിച്ചു (എബ്രാ. 9:24). മൃഗരക്തം കൊണ്ടു വരുന്നതിന് പകരം, അവിടുന്ന് ഫലത്തിൽ തന്റെ സ്വന്ത രക്തം ദൈവീക സിംഹാസനത്തിന് മുൻപിൽ കാട്ടി. യേശു കർത്താവ് ഇത് ചെയ്തത് നമ്മുടെ പാപങ്ങൾക്ക് പരിഹാരമായിട്ടായിരുന്നു – വർഷത്തിലൊരി ക്കലല്ല, എന്നാൽ എല്ലാക്കാലത്തേക്കുമായി. ഈ മഹാപുരേ ാഹിത കർത്തവ്യം നിർവ്വഹിക്കു ന്നതിനായി, യേശു *ഉയിർത്തപ്പെടുകയും* പിത ാവിന്റെ അടുത്തേക്ക് കയറിപ്പോകു കയും ചെയ്യേണ്ടതുണ്ടായിരുന്നു. ചാൾസ് ഹോഡ്ജ് അതിനാൽ ഇങ്ങനെ എഴുതി: ''നമുക്കായി, അവിടുത്തെ സംതൃപ ്തിയുടെ സ്വീകാര്യതയുടെ ഒരു തെളിവായും അവിടുത്തെ ബലിദാനത്തിന്റെ യോഗ്യതകളുടെ പ്രയോഗം സുരക്ഷിതമാക്കുന്നതിന് ആവശ്യമായ പടിയായും, നമ്മുടെ നീതീകരണത്തിനു വേണ്ടിയും ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് തീർത്തും അനിവാര്യ മായിരുന്നു.''[43]

ക്രിസ്തു ''നമ്മുടെ അതിക്രമങ്ങൾക്കായി'' മരിച്ചുവെന്നും ''നമ്മുടെ നീതീകരണത്തിനായി'' ഉയിർപ്പിച്ചുമിരിക്കുന്നു എന്ന് പൗലൊസ് പറയുമ്പോൾ, യേശുവിന്റെ മരണത്തിന് നമ്മുടെ നീതീകരണവുമായി യാതൊരു ബന്ധവ ുമി ല്ലെന്നും അവിടുത്തെ ഉയിർത്തെഴുന്നേൽപ്പ് നമ്മുടെ അതിക്രമങ്ങൾ ക്ഷമിക്കപ്പെടു ന്നതുമായി യാതൊരു ബന്ധവുമില്ലെന്നും പൗലൊസ് അർത്ഥമാക്കുകയല്ല. മറിച്ച്, ഇവ രണ്ടും നമ്മുടെ രക്ഷയിൽ അത്യന്താപേ ക്ഷിതമായ ഒരു പങ്ക് വഹിക്കുന്നു വെന്നാണ് അദ്ദേഹം പറയുന്നത്. ആർ. സി. ബെൽ പറയുന്നത്, ''രക്ഷയുടെ വാതിൽ തിരിയുന്ന വിജാഗിരിക ളായ'' ക്രൂശീകരണത്തെയും ഉയിർത്തെഴുന്നേൽ പ്പിനെയും പൗലൊസ് ഒരുമിച്ചു ചേർത്തു കെട്ടി എന്നാണ്.[44]

**അബ്രഹാമിന്റെ ജീവിതത്തിലൂടെ നടക്കുക (അദ്ധ്യായം 4)**

അബ്രഹാമിനെക്കുറിച്ചും അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായ കാലക്രമാനു സാരിയായ സംഭവ വികാസങ്ങളെക്കുറിച്ചും പൗലൊസിന്റെ യഹൂദ വായനക്കാർ പരിചിതരായിരുന്നു. നമ്മിൽ ചിലർക്ക് അബ്രഹാം പിതാമഹനെക്കുറിച്ച് ഒരുപക്ഷേ ഏറെ അറിവുണ്ടായിരിക്കില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലെ മുഖ്യ സംഭവങ്ങ ളുടെ ഒരു വിഹഗ വീക്ഷണം അതിനാൽ സഹായകരമായേക്കാം.

1. ദൈവം അബ്രാമിനെ കൽദായരുടെ ഊർ ദേശത്തു നിന്ന് വിളിച്ചു. അബ്രാം, തന്റെ ഭാര്യയും പിതാവുമൊത്ത് ഊരിൽ നിന്ന് വിട്ടു പോരുകയും ഹാരാനിൽ കൂടാരമുറപ്പിക്കുകയും ചെയ്തു (ഉൽ. 11:31; 15:7; നെഹ. 9:7; അ. പ്രവൃ. 7:2, 3).

2. അബ്രാമിന് എഴുപത് വയസ്സായപ്പോൾ, ദൈവം അദ്ദേഹവുമായി ഒരു ഉടമ്പടി ചെയ്യുകയും ദൈവം കാണിക്കുന്ന ഒരു ദേശത്തേക്ക് പോകുന്നതിന് ആവശ്യപ്പെടുകയും ചെയ്തു (ഉൽ. 12:1–4).

3. അബ്രാം കനാൻ ദേശത്തേക്ക് പോയി. ആ ദേശം അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പിൻതലമുറക്കാർക്കും നൽകുമെന്ന് ദൈവം അദ്ദേഹത്തോട് പറഞ്ഞു (ഉൽ. 12:5, 7; കാണുക 13:14–17; 15:18–21; 17:8).

4. രണ്ട് അവസരങ്ങളിൽ, ഭയം മൂലം തന്റെ ഭാര്യ സാറയെക്കുറിച്ച് അബ്രാം നുണ പറഞ്ഞു (ഉൽ. 12:10–20; 20:1–18).

5. കനാൻ ദേശത്ത്, അബ്രാമിന്റെ സന്തതി പരമ്പരകൾ ''ഭൂമിയിലെ പൊടി പോലെ'' ആകും എന്ന് ദൈവം അബ്രാമിനോട് പറഞ്ഞു (ഉൽ. 13:16).

6. ശാലേം രാജാവായ മൽക്കിസെദേക്ക് അബ്രഹാമിനെ അനുഗ്രഹിച്ചു, അബ്രാം സകലത്തിലും അദ്ദേഹത്തിന് ദശാംശം കൊടുത്തു (ഉൽ. 14:17–20).

7. എൺപത്തിയഞ്ചാം വയസ്സിലും (കാണുക ഉൽ. 16:16) സന്തതിയില്ലാതിരുന്ന അബ്രാം, ഒരു ദാസന് തന്റെ അനന്തരാവകാശിയായിത്തീരാമോ എന്ന് ദൈവത്തോട് ചോദിച്ചു. അബ്രാമിന് ഒരു കുട്ടി ജനിക്കുമെന്നും അദ്ദേഹത്തിന്റെ സന്തതി പരമ്പരകൾ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെ എണ്ണമറ്റതായിരിക്കുമെന്നും ദൈവം അദ്ദേഹത്തിന് ഉറപ്പു നൽകി. ''അവൻ യഹോവയിൽ വിശ്വസിച്ചു; അതു അവൻ അവന്നു നീതിയായി കണക്കിട്ടു ഉൽ. 15:2–6).''

8. എൺപത്തിയാറാമത്തെ വയസ്സിൽ, സാറായിയുടെ ദാസിയായ ഹാഗാറിൽ അബ്രാമിന് യിസ്മായേൽ എന്ന് പേരുള്ള ഒരു സന്തതി ജനിച്ചു (ഉൽ. 16:1–16).

9. അബ്രാമിന് തൊണ്ണൂറ്റിയൊൻപത് വയസ്സെത്തിയപ്പോൾ, ദൈവം അദ്ദേഹത്തിന്റെ പേര് മാറ്റുകയും പരിച്ഛേദനയെന്ന അനുഷ്ഠാനം സ്ഥാപിക്കുകയും ചെയ്തു (ഉൽ. 17:1–6, 10–14, 23–27).

10. സാറായി/സാറ ഒരു പുത്രന് ജൻമം നൽകുമെന്ന് ദൈവം വാഗ്ദത്തം നൽകുന്നു. ഈ വാഗ്ദാനം അബ്രഹാമിനെ ചിന്താക്കുഴപ്പത്തിലാഴ്ത്തുകയും യിസ്മായേൽ തന്റെ അനന്തരാവകാശിയായിരിക്കുമോ എന്ന് ദൈവത്തോട് ചോദിക്കുകയും ചെയ്യുന്നു. ദൈവം ഉത്തരം നൽകി: ''അല്ല, നിന്റെ ഭാര്യയായ സാറാ തന്നേ നിനക്കൊരു മകനെ പ്രസവിക്കും; നീ അവന്നു യിസഹാക്ക് എന്നു പേരിടേണം'' (ഉൽ. 17:15–19).

11. അബ്രഹാമിന് നൂറ് വയസ്സെത്തുമ്പോൾ, ദൈവത്തിന് വാഗ്ദത്ത നിവർത്തിയായി ഒരു പുത്രൻ ജനിച്ചു (ഉൽ. 21:1–7).

12. യിസഹാക്ക് ഒരു കുട്ടിയായിരുന്നപ്പോൾ, ദൈവം അബ്രഹാമിനോട് ഒരു ഹോമയാഗം നടത്തുന്നതിനായി ആവശ്യപ്പെട്ടു. യിസഹാക്കിനെ ബലി കഴിക്കുന്നതിന് ശ്രമിച്ചു കൊണ്ട് അബ്രഹാം ഈ പരീക്ഷയെ അഭിമുഖീകരിച്ചു. തുടർന്ന് ദൈവം അദ്ദേഹവുമായുള്ള തന്റെ ഉടമ്പടി പുതുക്കി. ദൈവം അരുളിച്ചെയ്തു: നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും'' (ഉൽ. 22:1–18; എബ്രാ. 11:17–19; യാക്കൊബ് 2:21–23).

13. സാറാ 127–ാമത്തെ വയസ്സിൽ മരിച്ചു. മക്പെലാ എന്ന സ്ഥലത്തെ ഗുഹയോടു കൂടിയ ഒരു നിലം അടക്കത്തിനായി അബ്രഹാം വാങ്ങി. കനാനിൽ അബ്രഹാമിന് സ്വന്തമായുണ്ടായിരുന്ന ഏക സ്ഥലമായിരുന്നു ഇത് (ഉൽ. 23:1–20; അ. പ്രവൃത്തി. 7:5; എബ്രാ. 11:8–10).

14. ഒരു സമയത്ത് അബ്രഹാം കെതൂറ എന്ന പേരുള്ള ഒരു ഭാര്യയെ (അല്ലെങ്കിൽ വെപ്പാട്ടിയെ) എടുത്തു. അബ്രഹാമിന് ആറ് മക്കളെ പ്രസവിച്ചു (ഉൽ. 25:1–4).

15. 175–ാമത്തെ വയസ്സിൽ അബ്രഹാം മരിച്ചു. ''അബ്രഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ടു മരിച്ചു'' (ഉൽ. 25:7, 8).

**ദൈവത്തിലുള്ള വിശ്വാസം ... എന്നാൽ യേശുവിലില്ല (അദ്ധ്യായം 4)**

ദൈവം നമ്മെ സ്വീകരിക്കുന്നതിന് ക്രിസ്തുവിൽ വിശ്വസിക്കേണ്ട ആവശ്യമില്ല എന്ന് ''തെളിയിക്കുന്നതിന്'' ചിലർ റോമർ 4 ഉപയോഗിക്കുന്നു.[45] ''അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു'' (4:3; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു; കാണുക 4:17) എന്നാണ് അവരുടെ വാദം. നമുക്ക് ''അബ്രഹാമിന്റേതു പോലെയുള്ള വിശ്വാസ''മാണ് വേണ്ടത് എന്ന് അവർ പറയുന്നു (4:16). കൂടുതലായി, അദ്ധ്യായം വിശ്വാസത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നത് *ദൈവത്തിലുള്ള* വിശ്വാസത്തിലാണ് എന്ന് അവർ ശ്രദ്ധിക്കുന്നു (4:5, 24). അതിനാൽ, *ദൈവത്തിൽ* വിശ്വസിക്കുന്ന എല്ലാവരും - യഹൂദർ ഉൾപ്പെടെയുള്ളവർ - യേശുക്രിസ്തുവിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും രക്ഷിക്കപ്പെടും എന്ന് അവർ അന്തിമ നിർണ്ണയത്തിലെത്തുന്നു.

''*യേശുവിൽ* വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനാണ്'' ദൈവം എന്ന് പൗലൊസ് 3:26–ൽ ലളിതമായി പറയുന്നു (ഊന്നൽ പ്രത്യേകമായി ചേർത്തിരിക്കുന്നു). ഇത്തരത്തിലുള്ള വചനഭാഗങ്ങൾ അസംഖ്യമുണ്ട്; എന്നാൽ നമ്മുടെ ചർച്ചാ ഭാഗം, ''തെളിവുകളുടെ വചനഭാഗം'' ആയി മറ്റുള്ളവർ ഉയർത്തുന്ന റോമർ 4–ലെ വചനഭാഗം മാത്രമായി ചുരുങ്ങുന്നു.

ഒന്നാമതായി, യഹൂദൻമാരുടെ പ്രിയങ്കരനായ അബ്രഹാമിനെക്കുറിച്ച് അവരോട് സംസാരിക്കുമ്പോൾ, പൊരുത്തപ്പെടുത്തുന്ന ''വിശ്വാസ'' ഭാഷ ഈ അദ്ധ്യായ ത്തിൽ ഉപയോഗിക്കുകയായിരുന്നു. ഡഗ്ലസ് ജെ. മൂ ഇങ്ങനെ എഴുതുന്നു: ''പൗലൊസ് അപൂർവ്വമായി മാത്രമേ ദൈവത്തെ നമ്മുടെ വിശ്വാസത്തിന് പാത്രമാക്കിത്തീർക്കു ന്നുള്ളു. ക്രിസ്തീയ വിശ്വാസത്തെ, അബ്രഹാമിന്റെ വിശ്വാസത്തെ കഴിയുന്നിട ത്തോളം സമാനമാക്കുന്നതിന് വേണ്ടിയാണ് അദ്ദേഹം അങ്ങനെ ഇവിടെ ചെയ്യുന്നത്.''[46]

രണ്ടാമതായി, നമ്മുടെ ദൈവത്തിലുള്ള വിശ്വാസം പരാമർശിക്കുമ്പോൾ പോലും, അവിടുത്തെ പുത്രനിലുള്ള വിശ്വാസത്തെ മാറ്റി നിർത്തുന്നില്ല.

റോമർ 4:5-ൽ "അഭക്തരെ നീതീകരിക്കുന്നവനിൽ" നാം വിശ്വസിക്കണം എന്ന് പറയുന്നു. എന്നാൽ നീതീകരണം യേശുകർത്താവിന്റെ മരണത്തിലൂടെ മാത്രമേ സാദ്ധ്യമാകുകയുള്ളൂ (5:9). 4:24, 25-ൽ "നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ച" ദൈവത്തിൽ ആയിരിക്കണം എന്ന് നാം വായിക്കുന്നു.

മൂന്നാമതായി, അബ്രഹാമിന് യേശുവിനെക്കുറിച്ച് എല്ലാം അറിയാമായിരുന്നി ല്ലെങ്കിൽക്കൂടിയും, അദ്ദേഹം തന്റെ "സന്തതി" യെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ചു (ഉൽ. 22:18; ഗലാ. 3:16). ദൈവം ഫലത്തിൽ അബ്രഹാമിനോട് സുവിശേഷം പ്രസംഗിക്കുകയായിരുന്നു (കാണുക ഗലാ. 3:8). ദൈവം വെളിപ്പെടുത്തിയ കാര്യങ്ങൾ അബ്രഹാം വിശ്വസിച്ചു. നമ്മുടെ അന്തിമ നിർണ്ണയം ഇതാണ്: ക്രൂശിന്റെ ഇപ്പുറത്ത് ജീവിക്കുകയും എന്നാൽ യേശുവിനെ ക്കുറിച്ചുള്ള ദൈവീക വെളിപ്പാടുകളിൽ വിശ്വസിക്കുന്നതിന് വിസമ്മതിക്കുകയും ചെയ്യുന്ന ആരുടെയെങ്കിലും പേര്, വിശ്വാസത്തിന്റെ പിതാമഹനായ അബ്രഹാ മിന്റെ പേരിനോട് ഒപ്പം പരാമർശിക്കപ്പെടുന്നതിന് അർഹതയില്ല!

കാലം തികഞ്ഞപ്പോൾ, ദൈവം യേശുക്രിസ്തുവിലൂടെ സ്വയം ലോകത്തിന് വെളിപ്പെടുത്തി (ഗലാ. 4:4, 5). അബ്രഹാം ഇന്ന് ജീവിക്കുകയായിരുന്നുവെങ്കിൽ, ക്രൂശിന്റെ ഇപ്പുറത്ത് "ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട വിശ്വാസം" ഇല്ലാതെ അദ്ദേഹത്തിന് രക്ഷിക്കപ്പെടുന്നതിന് സാദ്ധ്യമല്ലായിരുന്നു. പ്രത്യേകമായി ഈ ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ രക്ഷയുടെ പ്രത്യാശയുള്ളൂ.[47]

**അനുസരിക്കുന്ന വിശ്വാസം (അദ്ധ്യായം 4)**

അബ്രഹാമിന്റെ വിശ്വാസം നമ്മെ വിസ്മയിപ്പിക്കുന്നതായിരുന്നു. വായിക്കു ന്നതിന് ഒരു വേദപുസ്തകമില്ലാതിരിക്കെ അദ്ദേഹം ദൈവീക വാഗ്ദത്തങ്ങളിൽ വിശ്വാസമർപ്പിച്ചു. വിഗ്രഹാരാധനയിൽ മുഴുകിക്കഴിഞ്ഞിരുന്ന വിജാതീയരുടെ മദ്ധ്യ ത്തിൽ ദൈവത്തിലുള്ള വിശ്വാസത്തിൽ അടിയുറച്ചിരുന്ന ഏതാനും വിശ്വാസിക ളിൽ ഒരാളായിരുന്നു അദ്ദേഹം. "വിശ്വാസ ചരിത്രങ്ങളിലേക്ക് പിൻതിരിഞ്ഞു നോക്കു ന്നതിന് അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല; യഥാർത്ഥത്തിൽ ചരിത്രം എഴുതുന്നതിന് അദ്ദേഹം സഹായിക്കുകയായിരുന്നു. എന്നിട്ടും അബ്രഹാം ദൈവത്തിൽ വിശ്വ സിച്ചു."[48] അബ്രഹാം വിശ്വാസത്തിന്റെ ക്രമരൂപമായിരുന്നു, "അദ്ദേഹത്തിന്റെ കാലയളവിലെ എല്ലാ വിശ്വാസികളുടെയും ഒരു ആദർശമാതൃക."[49]

റോമർ 4-ൽ വെളിപ്പെടുന്ന അബ്രഹാമിന്റെ വിശ്വാസം നാം എങ്ങനെയാണ് സംക്ഷേപിക്കുക? ദൈവം ചിലത് പറഞ്ഞപ്പോൾ, അബ്രഹാം അത് വിശ്വസിച്ചു. അബ്രഹാമിന്റെ ഇന്ദ്രിയങ്ങൾ നൽകുന്ന തെളിവുകളെ അത് ഖണ്ഡിച്ചുവെങ്കിലും അദ്ദേഹം അതിൽ വിശ്വാസമുറപ്പിച്ചു. ദൈവം തന്റെ വചനങ്ങൾ എങ്ങനെ പൂർത്തീ കരിക്കും എന്ന ചോദ്യം ഒരുപക്ഷേ അദ്ദേഹത്തെ അലട്ടിക്കാണുമെങ്കിലും, തന്റെ വിശ്വാസത്തെ തിരസ്കരിക്കുവാൻ അദ്ദേഹം തയ്യാറായില്ല. അദ്ദേഹം തന്റെ വിശ്വാസത്തിൽ അടിയുറയ്ക്കുകയും ആ വിശ്വാസം തന്റെ ജീവിതത്തിന്റെ ആധാരമാക്കിത്തീർക്കുകയും ചെയ്തു. ദൈവം ആ വിശ്വാസത്തെ കണ്ടു, "അത് അവന് (അബ്രഹാമിന്)

നീതിയായി കണക്കിടുകയും'' ചെയ്തു (4:3).

ഇന്ന് ചിലർ യേശുവിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുന്നുവെങ്കിലും അവരുടെ വിശ്വാസം അബ്രഹാമിന്റെ വിശ്വാസത്തിൽ നിന്ന് ഏറെ പിന്നിലായിപ്പോകുന്നു. ജീൻ ഫ്രാങ്കോയ്സ് ഗ്രാവ്ലെറ്റ്, ''ദ് ഗ്രേറ്റ് ബ്ലോൺ ഡിൻ''-നെക്കുറിച്ചുള്ള കഥ, ഇത്തരത്തിൽ അപര്യാപത്മായ വിശ്വാസത്തെ വരച്ചു കാട്ടുന്നതാണ്.

> ഉയരത്തിൽ വലിച്ചു കെട്ടിയ കയറിലൂടെ നടക്കുന്ന, പ്രശസ്തനായ ഒരു ഫ്രഞ്ചുകാരനായിരുന്നു ബ്ലോൺ ഡിൻ. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. അദ്ദേഹം ഒരിക്കൽ നയാഗ്ര വെള്ളച്ചാട്ട ത്തിനു മുകളിലൂടെ ഒരു കയർ വലിച്ചു കെട്ടി, അതിന് മുകളിലൂടെ ഒരു വശത്തു നിന്ന് മറ്റൊരു വശത്തേക്ക് നടന്നു. അദ്ദേഹം വെള്ളച്ചാട്ടത്തിന്റെ അമേരിക്കൻ വശത്ത് എത്തിയപ്പോൾ, ആയിരക്കണക്കിനാളുകൾ ഹർഷാരവം മുഴക്കി.
>
> ബ്ലോൺ ഡിൻ ജനക്കൂട്ടത്തെ ശാന്തമാക്കിയ ശേഷം പറഞ്ഞു, ''ഞാൻ ഇനി മറ്റേ അറ്റത്തേക്ക് മടങ്ങിപ്പോകുകയാണ്, എന്നാൽ ഇത്തവണ ഞാൻ ആരെയെങ്കിലുമൊരാളെ എന്റെ ചുമലിൽ എടുത്തു കൊണ്ട് നടക്കും. നിങ്ങൾ എന്നിൽ വിശ്വസിക്കുന്നുണ്ടോ?''
>
> ജനക്കൂട്ടം മന്ത്രം പോലെ ഉരുവിട്ടു, ''ഞങ്ങൾ വിശ്വസിക്കുന്നു! ഞങ്ങൾ വിശ്വസിക്കുന്നു!'' എന്നാൽ ബ്ലോൺ ഡിൻ ചോദിച്ചു, ''ആരായിരിക്കും ആ വ്യക്തി?'' ജനക്കൂട്ടം പൊടുന്നനെ നിശ്ശബ്ദരായി. ഒടുവിൽ, ഒരു മനുഷ്യൻ മുന്നോട്ടു വന്നു. ബ്ലോൺ ഡിൻ ചുമലിൽ എടുത്തു നടക്കുന്നതിന് അയാൾ സമ്മതം നൽകി. ബ്ലോൺ ഡിൻ ആ വ്യക്തിയെ ചുമലിലെടുത്തു കൊണ്ട്, വെള്ളച്ചാട്ടത്തിന്റെ കാനഡാ ഭാഗത്തേക്ക് നടന്നു.
>
> ആയിരക്കണക്കിന് മനുഷ്യർ പറഞ്ഞു, ''ഞങ്ങൾ വിശ്വസിക്കുന്നു!'' എന്നാൽ ഒരാൾ മാത്രമേ, താൻ വിശ്വസിച്ചതെന്താണോ അതിനായി ജീവൻ നൽകിയുള്ളൂ.[50]

അബ്രഹാമിന്റെ വിശ്വാസം പൊള്ളയായ വാക്കുകളിലൂടെ പ്രകടിപ്പിക്കപ്പെട്ടവയല്ല. എന്താണ് താൻ വിശ്വസിച്ചത് അതിനായി അദ്ദേഹം ജീവൻ നൽകി; ദൈവം എന്തു പറഞ്ഞുവോ അത് ചെയ്യുന്നതിൽ അദ്ദേഹം സമർപ്പിതനായിരുന്നു. നാം അബ്രഹാമിന്റെ ചുവടുകൾ പിന്തുടരേണ്ടതാണ്.

### പൗലൊസിന്റെ വാക്കുകൾക്ക് എതിരാണോ യാക്കൊബിന്റെ വാക്കുകൾ? (4:2)

യാക്കൊബ് 2:21-ൽ ''പ്രവർത്തിയാൽ നീതീകരിക്കപ്പെട്ടു'' എന്ന് പറയുന്നത് ചിലരെ അലോസരപ്പെടുത്തിയേക്കാം. മാർട്ടിൻ ലൂഥറെ ഈ ലേഖനം ''വൈക്കോ ലിന്റെ ലേഖനം'' എന്ന് വിശേഷിപ്പിക്കുന്നതിന് പ്രേരിപ്പിച്ചത് പ്രത്യക്ഷത്തിൽ ഈ വചന ഭാഗമാണ്.[51] റോമർ 4:2-ൽ അബ്രഹാം പ്രവർത്തികളിലൂടെ അല്ല നീതീകരിക്കപ്പെട്ടത് എന്നാണ് അർത്ഥമാക്കുന്നത്. അതേ സമയം, യാക്കൊബ് വാദിക്കുന്നത് അബ്രഹാം പ്രവർത്തികളിലൂടെയാണ് നീതീകരിക്കപ്പെട്ടത് എന്നാണ്. എങ്ങനെ പൗലൊസും യാക്കൊബും അന

ുരഞ്ജനപ്പെടും?

ഈ രണ്ട് എഴുത്തുകാരുടെയും മനസ്സിലുണ്ടായിരുന്നത് രണ്ട് തരത്തിലുള്ള പ്രവർത്തികളായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. പൗലൊസ് പ്രവർത്തികളിലൂടെ കൈവരിക്കുന്ന *യോഗ്യതയെക്കുറിച്ച്* പറയുകയായിരുന്നു: രക്ഷ സമ്പാദിക്കുന്ന തിനായി നടത്തുന്ന പ്രവർത്തികൾ. യാക്കോബ് സംസാരിക്കുന്ന താകട്ടെ *അനുസരണത്തിന്റെ* പ്രവർത്തികളെക്കുറിച്ചാണ്: ദൈവത്തിലുള്ള വിശ്വാസം പ്രകടിപ്പിക്കുന്ന പ്രവർത്തികൾ. റോമാ ലേഖനത്തിൽ "പ്രവർത്തികളെക്കുറിക്കുന്ന" ശക്തമായ പ്രസ്താവനകൾ നാം വായിക്കുമ്പോൾ, ഇവിടെ അനുസരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം പരാമർശിക്കുന്നില്ല എന്ന് നാം ഓർക്കേണ്ട താണ്. മറ്റ് നിരവധി വചന ഭാഗങ്ങളിൽ "വിശ്വാസത്തിന്റെ അനുസരണത്തെ" ക്കുറിച്ച് പൗലൊസ് സംസാരിക്കുന്നുണ്ട് (1:5; 16:26; കാണുക 6:17; 10:16; കെജെവി).

പൗലൊസും യാക്കൊബും ഒരേ ആത്മാവിനാലാണ് പ്രചോദിതരായത് (എഫെ. 4:4). അവർ പരസ്പരം ആശയങ്ങളെ ഖണ്ഡിക്കുന്നില്ല; മറിച്ച് പരസ്പര പൂരകങ്ങളായി വർത്തിക്കുക മാത്രമാണ് ചെയ്യുന്നത്. ഒരേ സത്യത്തെക്കുറിച്ച് വ്യത്യസ്ത തലങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് സംസാരിക്കുക മാത്രമാണ് അവർ ചെയ്തത്.

**ദൈവത്തിന്റെ കണക്കു കൂട്ടൽ സംവിധാനം (4:3)**

ഇന്ന് മിക്ക കണക്കെഴുത്തുകളും നടത്തപ്പെടുന്നത് കമ്പ്യൂട്ടറുകളിലാണ്. എന്നാൽ ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, ലെഡ്ജറുകൾ എന്ന് വിളിക്കുന്ന പുസ്തകങ്ങളി ലാണ് കണക്കുകൾ എഴുതിയിരുന്നത്. ഈ ലെഡ്ജറുകളെ ബിസിന സ് ഉടമകൾ "ബുക്കു കൾ" എന്നാണ് വിളിച്ചിരുന്നത്. ഈ പുസ്തകങ്ങളിൽ കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനെ "കീപ്പിംഗ് ദ ബുക്ക്സ്" അല്ലെങ്കിൽ "ബുക്ക്കീപ്പിംഗ്" എന്ന് വിളി ച്ചിരുന്നു. ഓരോ ലെഡ്ജറിലും ചെലവുകൾ (പുറത്തേക്ക് പോകുന്ന പണം) കാണിക്കു ന്നതിനായി ഒരു "ഡെബിറ്റ്" കോളവും വരുമാനം (ലഭിക്കുന്ന പണം) കാണിക്കു ന്നതിന ായി ഒരു "ക്രെഡിറ്റ്" കോളവും ഉണ്ടായിരുന്നു. കണക്കുകൾ സൂക്ഷിക്കുന്ന വ്യക്തിയുടെ ഉത്തരവാദിത്വങ്ങളിലൊന്ന്, രണ്ട് കോളങ്ങളിലെയും തുകകൾ തുല്യമാണ് എന്ന് ഉറപ്പു വരുത്തുകയായിരുന്നു ("ബുക്കുകൾ ബാലൻസ് ചെയ്യുക").

ഒരു യുവ കോളേജ് വിദ്യാർത്ഥി എന്ന നിലയിൽ 1955-ൽ ഞാൻ അബിലിൻ ക്രിസ്ത്യൻ കോളേജിൽ (ഇപ്പോൾ ഒരു സർവ്വകലാശാല), ജെ. ഡി. തോമസ് റോമാ ലേഖനം പഠിപ്പിക്കുന്ന ക്ലാസ് ഞാൻ തിരഞ്ഞെടുത്തു. ബ്രദർ തോമസ് റോമാ ലേഖനത്തിന്റെ 4-ാം അദ്ധ്യായം പഠിപ്പിക്കുന്ന വേളയിൽ, അദ്ദേഹം ബോർഡിലേക്ക് തിരിഞ്ഞു. ഒരു വലിയ ദീർഘ ചതുരം ബോർഡിൽ വരച്ച ശേഷം അദ്ദേഹം അതിന് മുകളിലെഴുതി, "ദൈവത്തിന്റെ ലെഡ്ജർ." എന്നിട്ട് അദ്ദേഹം ഇടതു വശത്തായി ഒരു "ഡെബിറ്റ്" കോളവും വലതു വശത്തായി ഒരു "ക്രെഡിറ്റ്" കോളവും വരച്ചു. "ഡെബിറ്റ്" കോളത്തിൽ അദ്ദേഹം "പാപം" എന്ന വാക്ക് എഴുതിയ ശേഷം, അബ്രഹാമിന്റെ ജീവിതത്തിലെ പാപങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ ഗുണന ചിഹ്നങ്ങൾ കൊണ്ട് ആ കോളത്തിൽ അടയാളപ്പെടുത്തിക്കൊണ്ടിരുന്നു.

അബ്രഹാം നീതിമാനായ ഒരു മനുഷ്യനായിരുന്നുവെങ്കിൽത്തന്നെയും

അദ്ദേഹവും പാപങ്ങൾ ചെയ്തു. നിരവധി യഹൂദൻമാരും അബ്രഹാമിന്റെ പാപങ്ങൾ അവഗണി ക്കുന്നതിന് (അല്ലെങ്കിൽ ഒഴികഴിവുകൾ നൽകുന്നതിന്) തയ്യാറായിരുന്നു. എന്നാൽ, അബ്രഹാമിന്റെ ജീവിതത്തെക്കുറിച്ചുള്ള ഉപ രിതല സ്പർശിയായ വെറുമൊരു വായന പോലും നമുക്ക് അദ്ദേഹത്തിന്റെ ജീവിതത്തിലെ ന്യൂനതകൾ വെളിവാക്കിത്തരും. ഉദാഹരണമായി, ഭയം മൂലം സാറായെക്കുറിച്ച് അബ്രഹാം രണ്ട് പ്രാവശ്യം രാജാക്കൻമാരോട് നുണ പറഞ്ഞു (ഉൽ. 12:10–20; 20:1–18). ഹാഗാർ ക്രൂരതയ്ക്ക് ഇരയായിത്തീരുന്നതിന് അബ്രഹാം അനുവദിച്ചതിൽ അബ്രഹാം തെറ്റുകാരനാണ് എന്ന് പലരും കരുതുന്നുണ്ട് (കാണുക ഉൽ. 16:6–14). അബ്രഹാമിന്റെ വിശ്വാസം പൂർണ്ണമായും തികവുള്ളതായിരുന്നില്ല എന്ന് ഈ ഉദാഹരണങ്ങൾ വെളിപ്പെടു ത്തുന്നു. മറ്റ് വാക്കുകളിൽ, അബ്രഹാം ഒരു മനുഷ്യ ജീവിയും എല്ലാ മനുഷ്യരെപ്പോലെയും വിശ്വാസത്തിൽ സംഘർഷം അനുഭവിച്ച ഒരു വ്യക്തിയുമായിരുന്നു.

ഈ സമയത്ത്, ബ്രദർ തോമസ് അബ്രഹാമിന്റെ ലെഡ്ജറിന്റെ ''ഡെബിറ്റ്'' കോളത്തിൽ ഗുണനചിഹ്നം ഇടുന്നതിലൂടെ പാപങ്ങൾ ഓരോന്നായി ചേർത്തു കൊണ്ടേയിരുന്നു. അതിന് ശേഷം അദ്ദേഹം, ''ക്രെഡിറ്റ്'' കോളത്തി ലേക്ക് തിരിഞ്ഞു. ''അബ്രഹാം നല്ല കാര്യങ്ങളും ചെയ്തു,'' അദ്ദേഹം പറഞ്ഞു: ''ദൈവത്തിന് അതിനെക്കുറിച്ച് അറിയാമായിരുന്നു.'' തുടർന്ന് അദ്ദേഹം ആ കോളത്തിലും ഏതാനും ഗുണനചിഹ്നങ്ങൾ ചേർത്തു. എന്നാൽ, അബ്രഹാം ചെയ്ത നല്ല പ്രവർത്തികളുടെ സംഖ്യയ്ക്ക്, അദ്ദേഹം ചെയ്ത പാപങ്ങളുമായുള്ള തുല്യത പാലിക്കുന്നതിന് കഴിഞ്ഞില്ല എന്ന് അദ്ദേഹം അടിവരയിട്ടു പറഞ്ഞു. ''ഈ സ്ഥിതി തികച്ചും ആശാരഹിതമായിരുന്നു,'' അദ്ദേഹം പറഞ്ഞു.

പിന്നീട്, *ലോഗിസൊമായ്* എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ച് ബ്രദർ തോമസ് ഞങ്ങളെ ഓർമ്മിപ്പിച്ചു. അദ്ദേഹം വിശ്വാസം എന്ന വാക്ക് ബോർഡിൽ എഴുതിക്കൊണ്ട് അദ്ദേഹം പറഞ്ഞു, ''ദൈവം, ക്രെഡിറ്റ് കോളത്തിൽ 'വിശ്വാ സം' എഴുതി, അവിടുന്ന് അത് നീതിയായി കണക്കിട്ടു; അബ്രഹാം നീതി മാത്രമേ പ്രവർത്തിച്ചുള്ളുവെന്നതു പോലെ.'' അദ്ദേഹം പിന്നീട് ''ക്രെഡിറ്റ്'' കോളത്തിന്റെ ഒടുവിൽ ഗുണന ചിഹ്നങ്ങൾ കൂടി ചേർത്തു; അതിലൂടെ ''ഡെബിറ്റ്'' കോളത്തിലെ ഗുണനചിഹ്നങ്ങളുമായി അവ തുല്യമായി. അങ്ങനെ ''കണക്കുകൾ തുല്യമായി'' ത്തീർന്നു.

ഒരു ചിത്രവും തികഞ്ഞതല്ലെങ്കിൽക്കൂടിയും, താൻ വരച്ച ചിത്രങ്ങളുടെ ന്യൂനതകൾക്ക് ബ്രദർ തോമസ് ക്ഷമാപണം നടത്തി. ''എന്നാൽ'', അദ്ദേഹം പറഞ്ഞു, ''ദൈവം അബ്രഹാമിൽ തികഞ്ഞ അനുസരണമല്ല (എന്തായാലും അബ്രഹാമിന് അത് ഇല്ലായിരുന്നു) നോക്കിയത്; അദ്ദേഹത്തിന്റെ *വിശ്വാ സ*മാ യിരുന്നു. ദൈവം അബ്രഹാമിന്റെ വിശ്വാസം കണ്ടപ്പോൾ, ''അത് നീതിയായി അദ്ദേഹത്തിന് കണക്കിട്ടു (എഎസ്‌വി). ഒന്നു നിർത്തി അദ്ദേഹം കൂട്ടിച്ചേർത്തു, ''അതേ അടിസ്ഥാനത്തിലാണ് ദൈവം എന്നെയും നിങ്ങളെയും രക്ഷിക്കുന്നത്.''

ഈ സത്യം ആദ്യമായി കേട്ടപ്പോൾ, അവർ ആശ്വാസത്തിന്റെ ദീർഘ നിശ്വാസമുതിർത്തു എന്ന് ആളുകൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പ്ര ത്യക്ഷത്തിൽ, അവർ ദൈവത്തിന്റെ നീതിയെക്കുറിച്ച് മാത്രം അവർ മന സ്സിലാക്കിയിരുന്നുള്ളു; അതേ സമയം, ''സ്വർഗ്ഗത്തിൽ പോകുന്നതിനായി മതി യായ കാര്യങ്ങൾ ചെയ്തിട്ടു ണ്ടോ എന്നതിനെക്കുറിച്ച്'' അവർ ഭയപ്പെട്ടിരുന്നു.

ബ്രദർ തോമസിന്റെ ക്ലാസിൽ ഇത്തരത്തിലുള്ള പ്രതികരണങ്ങൾ ഞാൻ കേട്ടതായി ഓർമ്മിക്കുന്നില്ല. കർത്താവിനെ പ്രീതിപ്പെടുത്തുന്നതിന് ''മതിയായവ ചെയ്യുന്നതിനെ'' ക്കുറിച്ച് ആശങ്കപ്പെട്ടതായി ഞാൻ ഓർമ്മിക്കുന്നില്ല. ''പൂർണ്ണത തേടുന്ന ശാപം'' എന്ന് ആരോ വിശേഷിപ്പിച്ച ഒന്നിനാൽ ബാധിക്കപ്പെട്ട ഒരാളെന്ന നിലയിൽ, ഞാൻ എന്തായിരിക്കണമോ ഞാൻ അങ്ങനെയായിത്തീർന്നിട്ടില്ല തന്നെ എന്ന് ഞാൻ ബോധവാനായിരുന്നു. എങ്കിലും, എന്റെ മാതാപിതാക്കളും മറ്റുള്ളവരും ദൈവ സ്നേഹത്തെക്കുറിച്ച് എന്നെ പഠിപ്പിച്ചിരുന്നു (റോമാ ലേഖനം പഠിക്കുന്നതിനുള്ള ക്ലാസിൽ ചേർന്നപ്പോൾ, ഞാൻ നിരവധി കാര്യങ്ങളെക്കുറിച്ച് അജ്ഞനായിരുന്നുവെന്ന് മാത്രമല്ല, യുവത്വത്തിന്റെ ആവേശത്തിളപ്പിൽ, എന്റെ കർത്താവിനുവേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിനായി ഞാൻ തയ്യാറുമായിരുന്നു എന്ന് എനിക്ക് തുറന്നു പറയേണ്ടി യിരിക്കുന്നു. ഞാൻ പിന്നെ എന്തു കൊണ്ട് ആശങ്കപ്പെടേണ്ടിയിരുന്നു?)

ബ്രദർ തോമസ് ആ ചിത്രം ബോർഡിൽ വരച്ചപ്പോൾ, പുതിയതായി ഒന്ന് പഠിക്കുന്നതിന്റെയും കൂടുതലായ ഉൾക്കാഴ്ച ലഭിക്കുന്നതിന്റെയും ആവേശത്തിന്റെ ഒരു സ്പർശത്തോടു കൂടിയ ഒരു താൽപര്യം എന്നിലുണ്ടായി എന്ന് ഞാൻ ഓർമ്മിക്കുന്നു. ഒരുപക്ഷേ ഞാൻ അൽപ്പം അവിശ്വാസത്തോടെ കാര്യങ്ങളെ സമീ പിക്കുന്ന വ്യക്തിയുമായിരുന്നു. വചനത്തെക്കുറിച്ച് ഞാൻ മുൻപ് പഠിച്ചിരുന്നതിന്റെ വെളിച്ചത്തിൽ (അ. പ്രവൃത്തി. 17:11), എനിക്ക് പുതിയതായി ലഭിച്ച എന്റെ മനസ്സ് വിവരങ്ങളെ വിശകലനം ചെയ്യുന്നതിന് ആരംഭിച്ചു. ക്രമേണ, റോമാ ലേഖനം 4-ാം അദ്ധ്യായത്തിലെ പൗലൊസിന്റെ ഉപദേശങ്ങളുടെ പ്രാധാന്യം എനിക്ക് അവബോധം ലഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ, ഈ മഹത്തായ അദ്ധ്യായത്തെക്കുറിച്ചുള്ള എന്റെ പ്രശംസാപരമായ സമീപനം വർദ്ധിച്ചു വരുന്നതിന് ആരംഭിച്ചു.

ബിരുദം നേടിയതിന് ശേഷം, പൂർണ്ണ സമയം വചന പ്രഘോഷണത്തിലേക്ക് ഞാൻ വന്നെത്തിയപ്പോൾ, കർത്താവിൽ പ്രിയപ്പെട്ട എന്റെ നിരവധി സഹോദരീ, സഹോദരൻമാർക്ക് റോമർ 4-ാം അദ്ധ്യായത്തിലെ സത്യങ്ങൾ ആവശ്യമാണെന്ന് എനിക്ക് വ്യക്തമായി. ''സ്വർഗ്ഗത്തിലെത്തുന്നതിന് മതിയായത് ചെയ്തിട്ടുണ്ട് എന്ന് നിങ്ങൾക്ക് എപ്പോൾ അറിയാം?'' എന്ന് ഒരു സഭാംഗം ചോദിക്കുന്നത് അസാധാരണ മല്ലായിരുന്നു. ''താങ്കൾ രക്ഷിക്കപ്പെട്ടോ?'' എന്ന ചോദ്യത്തി നുള്ള ഒരു പതിവ് മറുപടി, ഉറപ്പില്ലാത്ത ''ഞാൻ അങ്ങനെ കരുതുന്നു'' എന്നൊരു മറുപടിയായിരുന്നു. ''ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇതു എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ *അറിയേതിന്നു* തന്നേ'' (1 യോഹ. 5:13; ഊന്നൽ നൽകിയിരിക്കുന്നു) എന്ന യോഹന്നാന്റെ ''ധീരമായ'' പ്രസ്താവന ചിലർക്ക് ദഹിക്കുന്നതിന് സാധിക്കാ ത്തതായിരുന്നു. പൗലൊസ് ഇത്രത്തോളം ആത്മവിശ്വാസത്തോടെ എങ്ങനെ പറയുന്നുവെന്ന് അവർ അത്ഭുതം കൂറുന്നു: ''ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും'' (2 തിമോ. 4:8; ഊന്നൽ നൽകിയിരിക്കുന്നു).

പൗലൊസിന്റെ ഉപദേശം വ്യക്തിഗതമായി എനിക്ക് എത്രത്തോളം പ്രാധാന്യമർഹിക്കുന്നുവെന്ന് ഞാൻ ഓരോ ദിനം പിന്നിടുന്തോറും മനസ്സിലാക്കി. എന്റെ ദൈവത്തിന്റെ മുൻപിലുള്ള എന്റെ പ്രകടനം എത്ര മാത്രം ന്യൂനതയുള്ളതാണ് എന്നുള്ള അവബോധം എന്റെയുള്ളിൽ വളർന്നു കൊണ്ടിരിക്കുന്നു. കൂടുതലായി,

കാലക്രമേണ ഒരിക്കലും നിലയ്ക്കില്ല എന്ന് ഞാൻ ഒരിക്കൽ കരുതിയിരുന്ന ഊർജ്ജത്തിന്റെ സ്രോതസ്സ് വറ്റിപ്പോയിരിക്കുന്നു. എന്റെ തികവില്ലാത്ത, അപര്യാപ്തമായ, നിരന്തരമായി ന്യൂനതകളുള്ള എന്റെ പ്രവർത്തികളെയല്ല ദൈവം നോക്കുന്നത് – എന്നാൽ എന്റെ *വിശ്വാസ*ത്തെയാണ് – എന്ന യാഥാർത്ഥ്യത്തിൽ ഞാൻ ഓരോ ദിവസവും അനുമോദനപൂർവ്വം ആഹ്ലാദിക്കുന്നു. ദൈവത്തിന് നന്ദി!

**പ്രവർത്തികളുടെ പങ്ക് (4:3, 4)**

ദൈവം ഒരു വ്യക്തിയെ നീതിമാനായി പരിഗണിക്കുന്നത് ആ വ്യക്തിയുടെ വിശ്വാസത്തിലൂടെയാണ് എന്നതിനാൽ, പ്രവർത്തികൾ ആവശ്യമില്ലെന്നാണോ അത് അർത്ഥമാക്കുന്നത്? പൗലൊസ് ഉൽപ്പത്തി 15:6 ഉദ്ധരിച്ചപ്പോൾ, അബ്രഹാമിന്റെ പ്രവർത്തികൾ അപ്രധാനമാണെന്നാണോ അദ്ദേഹം ഉദ്ദേശിച്ചത്? ഒരിക്കലുമല്ല. പുതിയ നിയമത്തിലെ എഴുത്തുകാർ, ഉൽപ്പത്തി 15:6 അബ്രഹാമിന്റെ ജീവിതത്തിന്റെ ഒരു സംക്ഷിപ്തമായി പരിഗണിച്ചു. ഗലാത്യർ 3:6–9–ലെ വചനത്തെ പൗലൊസ്, ഉൽപ്പത്തി 9–ലെ ദൈവത്തിന്റെ വാക്കുകളുമായി (അബ്രഹാമിനെ കനാനിലേക്ക് പോകുന്നതിനായി ദൈവം വിളിക്കുന്ന വാക്കുകൾ) ചേർത്ത് ബന്ധിച്ചു. ‘‘*വിശ്വാസ* ത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ *അനുസരിച്ചു* എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു’’ (എബ്രാ. 11:8; ഊന്നൽ പ്രത്യേകമായി ചേർത്തിരിക്കുന്നു). അബ്രഹാം *അനുസരിച്ചില്ലായിരുന്നു*വെങ്കിൽ എന്താണ് സംഭവിക്കുമായിരു ന്നത്? അതിന്റെ അർത്ഥം അദ്ദേഹം *വിശ്വസിച്ചിരുന്നില്ല* എന്നാകുമായി രുന്നില്ലേ?

റോമർക്ക് എഴുതിയ ലേഖനത്തിൽ, പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത്, വാക്യത്തിന്റെ (ഉൽ. 15:6) അസ്സൽ അർത്ഥമായിരുന്നു, എന്നാൽ പതിനാല് വർഷങ്ങൾക്ക് ശേഷം (കാണുക 4:10) ഒരു പുത്രൻ ജനിക്കുമെന്നുള്ള നിർദ്ദിഷ്ടമായ വാഗ്ദത്തവും അദ്ദേഹം ഉൾപ്പെടുത്തി. അബ്രഹാമിന് ഒരു വാഗ്ദാന പുത്രന്റെ ഉറപ്പ് ലഭിച്ചിരുന്നു – എന്നാൽ യിസഹാക്ക് ജനിച്ചപ്പോൾ അത് ഒരു കന്യകാ ജനനം ആയിരുന്നില്ല. വാഗ്ദത്തം നിറവേറുന്നതിനായി, ‘‘ദൈവത്തിൽ പൂർണ്ണ വിശ്വാസമർപ്പിച്ചു’’ കൊണ്ട്, സാറയോട് വൈവാഹിക ബന്ധം പുലർത്തുന്നതിന് അബ്രഹാം വിസമ്മതി ച്ചിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? വീണ്ടും, അത്തരത്തിലുള്ള ഒരു ക്രിയ (അല്ലെങ്കിൽ നിഷ്ക്രിയത്വം) അവിശ്വാസം പ്രദർശിപ്പിക്കു മായിരുന്നു; വിശ്വാസമായിരുന്നില്ല.

യാക്കൊബ് ഉപയോഗിക്കുന്ന ഉദാഹരണം, വർഷങ്ങൾക്ക് ശേഷം യിസ്ഹാക്കിനെ യാഗം കഴിക്കുന്നതിനായി ദൈവം കൽപ്പിച്ച സാഹചര്യം പരാമർശിക്കുന്നതായിരുന്നു (ഉൽ. 22:1–14). യാക്കൊബ് എഴുതി,

> നമ്മുടെ പിതാവായ അബ്രഹാം തന്റെ മകനായ യിസഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടതു? അവന്റെ പ്രവൃത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. “അബ്രഹാം ദൈവത്തെ വിശ്വസിക്കയും അതു അവന്നു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി” (യാക്കൊബ് 2:21–23മ).

ഈ സംഭവത്തെക്കുറിച്ച് എബ്രായ ലേഖന കർത്താവ് ഇങ്ങനെ എഴുതുന്നു,

> വിശ്വാസത്താൽ അബ്രഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസഹാ ക്കിനെ യാഗം അർപ്പിച്ചു. യിസഹാക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്നു അരുളപ്പാടു ലഭിച്ചു വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു; മരിച്ചവരുടെ ഇടയ ിൽനിന്നു ഉയിർപ്പിപ്പാൻ ദൈവം ശക്തൻ എന്നു എണ്ണുകയും അവരുടെ ഇടയിൽനിന്നു എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കയും ചെയ്തു (എബ്രാ. 11:17-19).

അബ്രഹാമിനോട് തന്റെ പുത്രനെ യാഗമർപ്പിക്കുവാനായി ദൈവം കൽപ്പിച്ചപ്പോൾ, അദ്ദേഹം വിസമ്മതിച്ചിരുന്നുവെങ്കിൽ? അത്തരത്തിലൊരു നിർണ്ണയം, "മരിച്ച വരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിക്കുന്നതിന് കഴിവുള്ള" ദൈവത്തിൽ നിശ്ശങ്കമായി വിശ്വാസമർപ്പിക്കുന്നതിന് പകരം, വിശ്വാസത്തിന്റെ അപര്യാപ്ത പ്രകടിപ്പിക്കുമായിരുന്നുവെന്നത് വ്യക്തമല്ലേ?

ഉൽപ്പത്തി 26:3-5-ൽ അബ്രഹാമിന്റെ പ്രവർത്തിയുടെ പ്രാധാന്യം, യിസഹാക്കിനോടുള്ള ദൈവത്തിന്റെ വാക്കുകളിൽ കാണുന്നുണ്ട്:

> നിന്റെ പിതാവായ അബ്രഹാമിനോടു ഞാൻ ചെയ്ത സത്യം നിവർത്തിക്കും. *അബ്രഹാം എന്റെ വാക്കു കേട്ടു* എന്റെ നിയോഗവും കല്പനകളും ചട്ടങ്ങളും പ്രമാണങ്ങളും ആചരിച്ചതുകൊണ്ടു ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിപ്പിച്ചു നിന്റെ സന്തതിക്കു ഈ ദേശമൊക്കെയും കൊടുക്കും; നിന്റെ സന്തതിമുഖാന്തരം ഭൂമിയിലെ സകലജാതികളും അനുഗ്ര ഹിക്കപ്പെടും (പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നു).

അതേ, അബ്രഹാമിന്റെ പ്രവർത്തികൾ പ്രാധാന്യമർഹിക്കുന്നതായിരുന്നു. അബ്രഹാം ജീവിച്ച കാലഘട്ടവും അദ്ദേഹം ദൈവത്തെ സേവിച്ച പരിസ്ഥിതികളും പരിഗണി ക്കുമ്പോൾ, ദൈവീക കൽപ്പനകളോട് ഹൃദയപൂർവ്വമുള്ള പ്രതികരണം വിസ്മയിപ്പി ക്കുന്നതും നമ്മെ സ്തബ്ധരാക്കുന്നതുമാണ്. എങ്കിലും രണ്ട് മുഖ്യ വസ്തുതകൾ നമ്മുടെ ശ്രദ്ധയിൽ നിന്ന് അകന്നു പോകരുത്: (1) അബ്രഹാമിന്റെ പ്രവർത്തിക ളെക്കുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ, നാം സംസാരിക്കുന്നത്, "യോഗ്യത നേടുന്നതി നുള്ള പ്ര വർത്തികളെക്കുറിച്ച്" അല്ല മറിച്ച് "വിശ്വാസത്തിന്റെ അനുസരണത്തെ" ക്കുറിച്ചാണ്. (2) അബ്രഹാമിന്റെ പ്രവർത്തികൾ പ്രശംസാർഹമായിരുന്നുവെങ്കിലും, അവ പൂർണ്ണതയുള്ളവയായിരുന്നില്ല. "കൃപയാലല്ലോ ... വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരി ക്കുന്നത്" (എഫെ. 2:8). അബ്രഹാം ദൈവത്തെ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു" (4:3; ഊന്നൽ പ്രത്യേകമായി ചേർത്തിരിക്കുന്നു).

### നാം എങ്ങനെയാണ് രക്ഷിക്കപ്പെട്ടത് (4:5)

അബ്രഹാം മാത്രമല്ല വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് രക്ഷിക്കപ്പെട്ടത് നാമും രക്ഷിക്കപ്പെട്ടത് അതേ അടിസ്ഥാനത്തിലാണ്.

ദൈവത്തിന്റെ വിസ്മയ കരമായ കണക്കെഴുത്ത് സംവിധാനത്തിൽ നിന്ന് നമുക്കും പ്രയോജനം സിദ്ധി ക്കുന്നുണ്ട്. പൗലൊസ് എഴുതി, ''പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നിതീകരി ക്കുന്നവനിൽ വിശ്വസിക്കുന്നവന്നോ അവന്റെ വിശ്വാസം നീതിയായി കണക്കി ടുന്നു'' (4:5). അദ്ദേഹം ഇങ്ങനെയും പറയുന്നു: ''അവന്നു കണക്കിട്ടു എന്നു എഴുതി യിരിക്കുന്നതു അവനെ (അബ്രഹാമിനെ) വിചാരിച്ചു മാത്രം അല്ല, നമ്മെ വിചാ രിച്ചുംകൂടെ ആകുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന്നു ഏല്പിച്ചും നമ്മുടെ നീതീകരണത്തിന്നായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കും കണക്കിടു വാനുള്ളതാകയാൽ തന്നെ'' (4: 23, 24). നാം ഒരിക്കൽ ഈ സത്യത്തെ ഗ്രഹിച്ച കഴിഞ്ഞാൽ, അതിന് നമ്മുടെ ജീവിതങ്ങളിൽ ഒരു മുഖ്യ പ്രഭാവം സൃഷ്ടിക്കും.

*അത് നമ്മിൽ ആശ നിറയ്ക്കും.* സമർപ്പണബോധമില്ലാത്തവരും അർദ്ധ-മന സ്ക രുമായ ക്രിസ്തീയ വിശ്വാസികൾ കർത്താവിന് വേണ്ടി ''മതിയായത് ചെയ്തുവോ'' എന്നതിനെക്കുറിച്ച് യാതൊരു വിധത്തിലുമുള്ള ആകുലതയും പുലർത്താതിരി ക്കുന്നു. എന്നാൽ ഇതിൽ നിന്നു വിരുദ്ധമായി, ആത്മാർത്ഥതയുള്ള ഓരോ ക്രിസ്തീയ വിശ്വാസിയും തന്റെ അയോഗ്യത മനസ്സിലാക്കുകയും താൻ യഥാർത്ഥത്തിൽ എന്തായിരി ക്കണമോ അതിൽ നിന്ന് എത്രയോ ബഹുകാതങ്ങൾ താൻ പിന്നിലായിപ്പോയിരി ക്കുന്നുവെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ദൈവത്തിന് നമ്മുടെ അനുസരണം ആവശ്യമാണെങ്കിലും അവിടുന്ന് നമ്മുടെ പൂർണ്ണമായും *തികഞ്ഞ* അനുസരണം പ്രതീക്ഷിക്കുന്നില്ലെന്ന് തിരിച്ചറിയുന്നത് അത്ഭുതകരമല്ലേ? നമുക്ക് കഴിയുന്നതിൽ ഏറ്റവും മികച്ചവ നാം ചെയ്യണമെന്ന് ദൈ ദവം ആഗ്രഹിക്കുന്നുവെങ്കിലും അനുസരണത്തിന്റെ പിന്നിലുള്ള പ്രേരകശക്തി യാണ് ദൈവം നോക്കിക്കൊണ്ടിരിക്കുന്നത്: അതായത് നമ്മുടെ വിശ്വാസം. ''പരാജയമടയുന്ന പോരാട്ട'' ത്തെക്കുറിച്ച് വില്യം ബാർക്ലേ എഴുതിയിട്ടുണ്ട്. ചിലർ ''ദൈവത്തിന്റെ സ്നേഹം സമ്പാദിക്കുന്നതിനായി'' പോരാടുന്നു. അവർ യഥാർത്ഥത്തിൽ പഠിക്കേണ്ടത്, ''ദൈവം നമുക്ക് നൽകുന്ന സ്നേഹം, തികഞ്ഞ വിശ്വാസത്തോടെ സ്വീകരിക്കുകയെന്നതാണ്.''[52]

*അത് നമ്മിൽ സ്നേഹം നിവേശിപ്പിക്കേതാണ്.* നമ്മെ അത്യധികം സ്നേ ഹിക്കുന്നവനെ നാം എങ്ങനെയാണ് സ്നേഹിക്കാതിരിക്കുക? (1 യോഹ. 4:19). നാം ''വിശ്വാസത്താലാണ് നീതീകരിക്കപ്പെടുന്നത്'' എന്ന് നാം മന സ്സിലാക്കുമ്പോൾ, ''... (നമ്മുടെ) ആരാധനയിലേക്ക് പടർത്തിക്കളയുന്ന, ദൈവം നമുക്കായി ചെയ്തതിനെക്കുറിച്ച് നമ്മെ കീഴടക്കിക്കളയുന്ന ഒരു വിസ് മയപരത നമുക്കു ണ്ടാകും.''[53] പിന്നീട് ആരാധന ചെയ്തു തീർക്കേണ്ട ഒരു കടമയായിരിക്കില്ല, മറിച്ച് ആസ്വദിക്കേണ്ട ഒരു സവിശേഷ ഭാഗ്യമായിത്തീരും. ''അമേസിംഗ് ഗ്രേസ്'' (വിസ്മയ കൃപ) പോലെയുള്ള ഗാനങ്ങൾ നമുക്ക് പുതിയ അർത്ഥം നൽകും!

*അത് നമ്മെ പ്രവർത്തിയിലേക്ക് നയിക്കേതാണ്.* ''വിശ്വാസത്താലുള്ള നീതീ കരണം'' നാം പഠിപ്പിക്കുകയാണെങ്കിൽ, പ്രവർത്തി ചെയ്യേണ്ട ആവശ്യ മില്ലെന്നും അനുസരിക്കേണ്ട ആവശ്യമില്ലെന്നും ആളുകൾ തീരുമാനിക്കുമെന്ന് ചിലർ ആശങ്കപ്പെടുന്നു. ഇതിന് വിരുദ്ധമായി, ''വിശ്വാസത്താലുള്ള നീതീകര ണം'' - കൃത്യമായി മനസ്സിലാക്കുന്നുവെങ്കിൽ - കൂടുതൽ പരിശ്രമ ത്തിലാണ്, കലാശിക്കുക; കുറവല്ല. ക്രിസ്തു നമുക്കായി എല്ലാം നൽകി; എങ്കിൽ, നമുക്ക്

എങ്ങനെ യേശുവിനായി എല്ലാം നൽകാതിരിക്കുവാൻ സാധിക്കും?

*ഉപസംഹാരം.* ദൈവത്തിന്റെ കണക്കെഴുത്ത് സംവിധാനം യഥാർത്ഥത്തിൽ വിസ്മയിപ്പിക്കുന്നതാണ്! ദൈവം ക്രിസ്തുവിലൂടെ നമ്മെ എങ്ങനെ നീതിമാൻമാരായി എണ്ണുന്നുവെന്ന് മനസ്സിലാക്കുന്നത് നമ്മെ ഉത്തേജിപ്പിക്കുകയും ദൈവത്തിന്റെ മുൻപിൽ വിശ്വസ്തതാപൂർവ്വം നിൽക്കുന്നതിന് നമ്മെ സഹായിക്കുകയും ചെയ്യുന്നു.

സമുദ്രത്തിന്റെ മീതെ കൂടെ പറക്കുന്ന വിമാനത്തിലുള്ള ഒരുവൻ പ്രശാന്തമായിരിക്കുന്നു. വിമാനത്തിലും വിമാനം പറത്തുന്ന പൈലറ്റിലും ദൃഢവിശ്വാസത്തോടെയിരിക്കുന്നു. മറ്റവനോ മുഴുവൻ സമയവും ഭയം നിറഞ്ഞവനായിരിക്കുന്നു. രണ്ടുപേരും അവരുടെ ഉദ്ദിഷ്ടസ്ഥാനങ്ങളിൽ സുരക്ഷിതരായി എത്തിച്ചേർന്നു. ഒന്നാമത്തവൻ യാത്ര വളരെയധികം ആസ്വദിച്ചു. അപരനോ യാത്ര ഒരു പീഢയായി അനുഭവപ്പെട്ടു. റോമർക്കെഴുതിയ ലേഖനം 4-ാം അദ്ധ്യായത്തിന്റെ സന്ദേശം ശരിയായി മനസ്സിലാക്കുന്നത്, സ്വർഗ്ഗയാത്രയ്ക്കുവേണ്ട ശക്തി നമുക്കു നല്കുമെന്നു മാത്രമല്ല. ആ യാത്രയുടെ സന്തോഷം ആസ്വദിയ്ക്കുവാനും നമുക്ക് ഇടയാക്കും.

**രണ്ടു സിദ്ധാന്തങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം വെളിപ്പെടുത്തിയിരിക്കുന്നു (4:5-8)**

4-ാം അദ്ധ്യായം 5 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ ഉള്ള പൗലൊസിന്റെ സന്ദേശം വളരെ വ്യക്തമാണ്. ക്രിസ്തുമാർഗ്ഗം കുറെ നിയമങ്ങളും അതു അനുസരിക്കുന്നതുമായുള്ള ഒരു സിദ്ധാന്തമല്ല. പിന്നെയോ അത് കൃപയും വിശ്വാസവും ചേർന്നുള്ള ഒരു സിദ്ധാന്തമാണ്. കർത്താവ് നമ്മെ നോക്കുമ്പോൾ നമ്മുടെ അപൂർണ്ണമായ അനുസരണത്തെയല്ല പിന്നെയോ നമ്മുടെ വിശ്വാസത്തെയാണ് ശ്രദ്ധിക്കുന്നത്.

ഈ ഉപദേശം വ്യക്തമായി എഴുതപ്പെട്ടിട്ടുണ്ടെങ്കിലും, ഈ ഉപദേശത്തിന്റെ സ്വീകര്യതയിൽ വളരെ വൈരുദ്ധ്യം കാണുന്നു. ഒരു പക്ഷം പറയുന്നുത് പൗലൊസിന്റെ ഉപദേശം എതുതരം പ്രവർത്തിയും വേണ്ടെന്നു വെയ്ക്കുന്നു. പ്രത്യേകിച്ചും സ്നാനം രക്ഷയ്ക്കുള്ള വ്യവസ്ഥയാണെന്നത് തള്ളിക്കളയുന്നു. രക്ഷപ്രാപിയ്ക്കുവാൻ നാം എന്തെങ്കിലും പ്രവർത്തി ചെയ്യുവാനായിട്ടുണ്ടെങ്കിൽ നമ്മുടെ രക്ഷ നാം നേടിയെടുത്തതാണ് എന്നർത്ഥമാകും. മറുപക്ഷക്കാരുടെ മറുപടി, ‘‘വ്യക്തികൾ പ്രവർത്തികൊണ്ട് നീതീകരിക്കപ്പെടുന്നില്ല എങ്കിൽ കർത്താവിന്റെ വേലചെയ്യുന്നതിനെ നാം നിരുത്സാഹപ്പെടുത്തുകയാണ്.’’ ഇങ്ങനെയുള്ള പ്രതികരണങ്ങൾ സാധാരണമായി ഉണ്ടാകുന്നതിനാൽ നാം ആ ഭാഗം ശരിയായി അപഗ്രഥിച്ചു പഠിയ്ക്കണം.

*പ്രവർത്തിക്കെതിരെ അനുസരണം* ഏതോ കാരണവശാൽ റോമർ നാലിന്റെ പ്രാഥമികമായ പ്രയോഗം ഒരു ദൈവപൈതലാകുന്നതിനെക്കുറിച്ചാണെന്നാണ് ചില എഴുത്തുകാർ കാണുന്നത്. പൗലൊസിന്റെ ഉദാഹരണത്തിൽ (അബ്രഹാം, ദാവീദ്) അവർ മുമ്പേ തന്നെ ദൈവമക്കളായിരുന്നു എന്ന കാര്യം അംഗീകരിച്ചുകൊണ്ടാണ് എഴുതുന്നത്.[54] ഈ ഗ്രന്ഥകാരന്മാരിൽ പലർക്കും സ്നാനം രക്ഷയ്ക്കാവശ്യമാണെന്നുള്ളതിനെ സാരമാക്കുന്നതിനുള്ള പ്രാഥമികകമായ ആഗ്രഹമാണെന്നു വ്യക്തമാണ്.

ആത്മപ്രേരിതമായ പുതിയനിയമ ഗ്രന്ഥകാരന്മാർ നമ്മിൽ ചിലരെപ്പോലെ വൈരുദ്ധ്യങ്ങളെക്കുറിച്ച് അത്ര ശ്രദ്ധിച്ചിരുന്നില്ല. റോമർ 4-ാം അദ്ധ്യായത്തിൽ

പൗലൊസ് വ്യക്തമായി പഠിപ്പിച്ചത് നാം പ്രവർത്തികളാൽ നീതീകരിയ്ക്കപ്പെടുന്നില്ല എന്നാണ്. അതേസമയം റോമർ 10ൽ വായകൊണ്ട് ഏറ്റുപറയുന്നത് (ചെയ്യുന്ന ഒരു പ്രവർത്തി) രക്ഷയ്ക്ക് ആവശ്യമാണെന്നാണ് പൗലൊസ് എഴുതുന്നത് (10:10). റോമർ 6-ൽ "ഹൃദയപൂർവ്വം അനുസരിച്ച്" (6:17) (ചെയ്യുന്ന പ്രവർത്തി) (6:3-6)-ൽ പറഞ്ഞിരിക്കുന്ന മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനം ആവശ്യമാണെന്നും പഠിപ്പിക്കുന്നു. വെള്ളത്തിലുള്ള സ്നാനത്തിനുശേഷം ഒരാൾ ജീവന്റെ പുതുക്കത്തിൽ നടക്കുന്നു. അവൻ പിന്നീട് പാപത്തിന് അടിമയല്ല (6:4, 17, 18; കാണുക 7:6) എന്നാൽ രക്ഷയുടെ ഈ രണ്ടുഭാഗങ്ങളും ഒന്നാക്കിത്തീർക്കാൻ പൗലൊസ് ശ്രമിക്കുന്നുമില്ല. നാം പ്രവർത്തികളാൽ നീതീകരിയ്ക്കപ്പെടുന്നില്ല (രക്ഷിയ്ക്കപ്പെടുന്നില്ല) എന്നുള്ളത് സത്യമാണ്. നാം ദൈവത്തെ അനുസരിയ്ക്കണം എന്നുള്ളതും സത്യമാണ്. അതിന് വിശ്വാസം ഏറ്റുപറയേണ്ടതും സ്നാനപ്പെടേണ്ടതും ആവശ്യമാണ്. (രക്ഷിയ്ക്കപ്പെടുകയും നീതീകരിയ്ക്കപ്പെടുകയും ചെയ്യേണ്ടതിന്) രണ്ടു സത്യങ്ങളും പ്രസ്താവിച്ച് പൗലൊസ് സംതൃപ്തനായി. അങ്ങനെ അത് എഴുതി നിർത്തി.

*സമ്പാദിക്കുക (എതിരെ വിനിയോഗിക്കുക) (സ്വായത്തമാക്കുക).* എന്നിട്ടും നാം പ്രവർത്തികളാലല്ല രക്ഷിയ്ക്കപ്പെടുന്നത് എന്നതിനെതിരായി ചിലതൊക്കെ ചെയ്യണമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു എന്നപോലെ അതിനെ ചേർത്ത് വിഷമിയ്ക്കുന്നുണ്ട്. സത്യം എന്താണെന്നു പറഞ്ഞാൽ നമുക്ക് രക്ഷ *സമ്പാദിപ്പാൻ (നേടിയെടുപ്പാൻ)* സാധിയ്ക്കയില്ല. സ്വന്തമാക്കി അനുഭവിപ്പാൻ സാധിക്കും.

ഒരു കാര്യം നേടുക എന്നതും സ്വായത്തമാക്കുക എന്നതും തമ്മിലുള്ള വ്യത്യാസം എന്താണ്. താഴെപറയുന്ന ചിത്രീകരണം ശ്രദ്ധിയ്ക്കുക. ഒരാൾ ഒരു വാതിലിൽ മുട്ടി തനിയ്ക്ക് വിശക്കുന്നു എന്നറിയിക്കുന്നു. വീട്ടുടയവൻ അവനോട് കുറെ തടിയുണ്ട് വിറകായി കീറിയെടുക്കണം എന്നു പറയുന്നു. അയാൾ വിറകു കീറിയാൽ ഭക്ഷണം കിട്ടും. അവൻ വിറകു കീറി കൊടുത്തു. അവന് ഭക്ഷണവും കൊടുത്തു. അയാൾ അവന്റെ ഭക്ഷണം സമ്പാദിച്ചു നേടി. വേറൊരാൾ വേറൊരു വാതിലിൽ മുട്ടി. വിശക്കുന്നു എന്നു പറഞ്ഞു. ആ വീട്ടുടയവൻ പറയുന്നു, നീ നല്ല സമയത്താണ് വന്നത്. ഞാൻ ധാരാളം ഭക്ഷണം തയാറാക്കി വച്ചിരിക്കുന്നു. വരിക എന്റെ കൂടെ ഭക്ഷണം കഴിക്കുക. അയാൾ അകത്തുവന്നു. മേശയുടെ അടുത്തിരുന്നു അയാൾ ഭക്ഷണം കഴിച്ചു. രണ്ടാമൻ അവന്റ ഭക്ഷണം *സമ്പാദിച്ചതല്ല* എങ്കിലും അവൻ അതു സ്വായത്തമാക്കേണ്ടതുണ്ട്. അവൻ ക്ഷണിച്ചപ്പോൾ അകത്തു വരുന്നില്ല. ഇരുന്ന് ഭക്ഷണം കഴിക്കുന്നില്ല. അവന് ഒരു പ്രയോജനവും ആ ലഭിച്ച ഭക്ഷണംകൊണ്ട് ഉണ്ടാകുന്നില്ല.

ദൈവത്തിന്റെ ദാനമായ രക്ഷ നമുക്ക് *സമ്പാദിപ്പാൻ (നേടുവാൻ)* സാദ്ധ്യമല്ല. പക്ഷേ നമുക്ക് സമ്പാദിപ്പാൻ (നേടുവാൻ) സാദ്ധ്യമല്ല. പക്ഷേ നമുക്ക് അത് സ്വന്തമാക്കുവാൻ കഴിയും. അതെങ്ങനെ സാധിക്കും എന്നുള്ളതാണ് ചോദ്യം. ദൈവത്തിന്റെ ചില ദാനങ്ങൾ നാം സ്വായത്തമാക്കുന്നത് എങ്ങനെയെന്ന് വ്യക്തമാണ്. ദൈവം തരുന്ന ഭക്ഷണം നാം ഭക്ഷിയ്ക്കുക വഴിയാണ് അത് സ്വന്തമാക്കുന്നത്. ദൈവദാനമായ വായു സ്വന്തമാക്കുന്നത് ശ്വസന ക്രിയയിലൂടെയാണ്. ദൈവത്തിന്റെ ദാനമായ രക്ഷ സ്വന്തമാക്കുന്നത് അത്രയും വ്യക്തമാകുന്നില്ല. അത് എങ്ങനെയാണെന്ന് പറയുവാൻ കഴിയുന്നത് ദൈവത്തിനുമാത്രമാണ്. അത് ദൈവം തന്റെ വചനത്തിൽ പറഞ്ഞിട്ടുണ്ട്. രക്ഷ

*വിശ്വാസത്തിൽ കൂടി* സ്വന്തമാക്കാൻ സാധിക്കുമെന്ന് ദൈവവചനത്തിലുണ്ട്. മാത്രമല്ല, ഈ വിശ്വാസം അനുസരണത്തിൽ കൂടി വെളിപ്പെടുത്തുകയും വേണം.

*തെരഞ്ഞെടുപ്പല്ല എതിരായി വ്യക്തിപരമായ തെരഞ്ഞെടുപ്പ്* ചിലർ എതിർത്തേക്കും. നമുക്ക് എന്തെങ്കിലും ഒന്നു ചെയ്യുവാൻ ഉണ്ടെങ്കിൽ അത് ഒരു പ്രവർത്തിയാണ്. പൗലൊസ് പറഞ്ഞു നാം പ്രവർത്തിയാലല്ല രക്ഷിക്കപ്പെടുന്നതെന്ന്. റോമർക്കെഴുതിയ ലേഖനത്തെക്കുറിച്ചുള്ള അനവധി വ്യാഖ്യാനങ്ങൾ പരിശോധിച്ചിട്ട് പല ആത്മീക എഴുത്തുകാരുടെയും വീക്ഷണത്തെ മനസിലാക്കിയത് പ്രവർത്തി എന്നും പ്രവർത്തികൾ എന്നും ഉള്ളതിനെ സംബന്ധിച്ചു രണ്ടു വീക്ഷണങ്ങൾ ഉണ്ടെന്നാണ്.

ഒന്നാമത് പ്രവർത്തി എന്നത് ചില വ്യാഖ്യാതാക്കളെ വിഷമിപ്പിച്ചേക്കാം. അവർ നാം രക്ഷയ്ക്കായി എന്തെങ്കിലും ചെയ്യണമെന്നു പറയുന്നതിനെക്കുറിച്ച് ഭയന്നിട്ട് വിശ്വാസം എന്നത് ഒരു പ്രവർത്തിയല്ല എന്ന് സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. വിശ്വാസം പ്രശംസാർഹമായ ഒരു പ്രവർത്തിയല്ല എന്നുള്ളത് സത്യമാണ്. എന്നാൽ ഒരാൾ ചെയ്യുന്ന ഒരു കാര്യം എന്ന നിലയിൽ ഒരു പ്രവർത്തിയാണ്. ചാൾസ് ഹോഡ്ജന്റെ അഭിപ്രായത്തിൽ വിശ്വാസത്തെ ഒരു പ്രവർത്തിയായി ഗണിച്ചാൽ പ്രാർത്ഥന, അനുതാപം ഭിക്ഷകൊടുക്കൽ ഇവയൊക്കെപോലെതന്നെ ഒരു പ്രവർത്തിയായി കണക്കാക്കാം.[55] യേശുവിന് വിശ്വാസത്തോടു പ്രവർത്തിയെ ബന്ധിപ്പിച്ചു പറയുവാൻ പ്രയാസമില്ലായിരുന്നു. ദൈവത്തിനു പ്രസാദമുള്ള പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ. (യോഹ. 6:29) ചഋഢ ഈവാക്യം ഇങ്ങനെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ''നിങ്ങൾ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്ന പ്രവർത്തി അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കുന്നതത്രെ എന്നാണ്.''

വിശ്വാസം ഒരു പ്രവർത്തിയല്ല എന്നു വിശ്വസിക്കുന്നവർ വിശ്വാസത്തെ വർണ്ണിക്കുന്നത് താഴെ പറയുന്ന വാക്കുകൾ കൊണ്ടാണ്. ഒരു ഒഴിഞ്ഞ കൈ ദൈവത്തിങ്കലേക്കു നീട്ടുന്നതാണ് വിശ്വാസം എന്നു പറയുന്നു. കൈ നീട്ടുക എന്നത് ഒരു വലിയ പ്രവർത്തിയല്ലെങ്കിലും ഒരു പ്രവർത്തിയാണ്. ഒരു വിധത്തിൽ നോക്കിയാൽ സ്നാനം ഒരു പ്രവർത്തി എന്നതിലുപരി വിശ്വാസം ഒരു പ്രവർത്തിയാണ്.

വിശ്വാസം നീ ചെയ്യുന്ന പ്രവർത്തിയും സ്നാനം മറ്റൊരാൾ *നിനക്കു ചെയ്യുന്ന* ഒരു പ്രവർത്തിയുമാണ്. പാപി വിശ്വസിപ്പാൻ ഉത്സാഹിക്കുന്നു. സ്നാനത്തിൽ അവൻ ഒരു കർമ്മം ഏൽക്കുന്നു. സ്നാനം ഒരു പ്രവർത്തിയാണെന്നു പറയുവാൻ ശ്രമിക്കുന്നു എങ്കിലും അതിന് ഒരു പ്രവർത്തിയുടെ സ്വഭാവങ്ങൾ കുറവാണ്. വിശ്വാസത്തിനും അനുതാപത്തിനും അതിൽ കൂടുതലായ പ്രവർത്തിയുടെ അടയാളങ്ങളുണ്ട്. സ്നാനപ്പെടുന്ന ആൾ സ്നാനപ്പെടുത്തുന്ന ആളിന്റെ കൈക്കീഴിലേക്ക് തന്നെതന്നെ കീഴ്പെടുത്തിക്കൊടുക്കുകയാണ്. എന്തിന്? ക്രിസ്തുവിൽ ഉയർത്തെഴുന്നേൽക്കേണ്ടതിന് സ്വയത്തിനെ കുഴിച്ചിടപ്പെടുകയാണ് (6:3-6) കാണുക. ലിപ്സകോംബ് താഴെ പറയുന്ന ഉപമായാൽ സമാപിപ്പിച്ചു. ഒരു മനുഷ്യൻ മരിയ്ക്കുമ്പോൾ അവന്റെ സ്നേഹിതർ അവന്റെ ശരീരം എടുത്ത് കുഴിച്ചിടുന്നു അതിനെ ആരും കുഴിച്ചിടപ്പെട്ടവന്റെ പ്രവർത്തിയായി കണക്കാക്കുന്നില്ല.[56]

രണ്ടാമത് ആത്മീക എഴുത്തുകാർ ഇതുവരെയും ദൈവത്തിന്റെ ദാനമായ രക്ഷ മനുഷ്യർ സ്വന്തമാക്കുന്ന സ്ഥാനത്തെ സംബന്ധിച്ചു മുറുകെപ്പിടിച്ചിട്ടില്ല. ചിലർ വില്യംറ്റെമ്പിളിന്റെ വാക്കുകൾ പറയാറുണ്ട്. ''എന്റെ വീണ്ടെടുപ്പിന

ായി എനിയ്ക്കു നൽകാനുള്ള ഏകസംഭാവന എന്റെ പാപം മാത്രമാണ്.[57] രക്ഷപ്രാപിക്കുവാൻ ഞാൻ ഒന്നും ചെയ്യാനില്ല എന്നതിൽ പലരും തൃപ്തരാണ് എന്നാൽ ഞാൻ രക്ഷിയ്ക്കപ്പെട്ടതുകൊണ്ട് ... (സത്യത്തിന്റെ അംശമുള്ള ഒരു പ്രസ്താവന) എന്നാൽ എല്ലാ സത്യവും അടങ്ങിയിട്ടില്ലാത്തതുമായ ഒരു പ്രസ്താവന.

രക്ഷ ഒരു ദാനമാണ് എന്നു പറവാനുള്ള ഒരുക്കം, അത് നമുക്ക് നേടിയെടുക്കുവാനോ ബഹുമതിയായി പ്രാപിയ്ക്കുവാനോ സാധിക്കാത്തത് എന്നു ആത്മീയ എഴുത്തുകാരുടെ ആശയത്തെ നാം അഭിനന്ദിക്കുന്നു. അതേ സമയം മുൻകാലങ്ങളിൽ നടന്നിരുന്ന കാൽവിന്റെ മുൻനിർണ്ണയം, ഓരോ വ്യക്തിയുടെയും ഇച്ഛാസ്വാതന്ത്ര്യം എന്നിവയെകുറിച്ചുള്ള തർക്കങ്ങൾ, യുദ്ധങ്ങൾ മറന്നുപോയോ എന്ന് ഞങ്ങൾ അതിശയിക്കുന്നു.

മുൻനിർണ്ണയം പഠിപ്പിച്ചിരുന്ന ഉപദേഷ്ടാക്കാന്മാർ വ്യക്തികൾക്ക് തങ്ങളുടെ രക്ഷയെ സംബന്ധിച്ച് *ഒന്നും* ചെയ്‌വാനില്ലെന്നും ദൈവം ചിലർ രക്ഷിയ്ക്കപ്പെടുമെന്നും വേറെ ചിലർ നഷ്ടപ്പെടുമെന്നും മുൻപുതന്നെ വിധിച്ചിട്ടുള്ളതെന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് രക്ഷയ്ക്ക് ഒന്നും ചെയ്‌വാനില്ലെന്നും ദൈവം നിർബന്ധമായി അവർക്ക് വിശ്വാസവും ആത്മീയ ജീവിതവും ഉള്ളിൽ കൊടുക്കുന്നു എന്നും പഠിപ്പിച്ചിരുന്നു. മറ്റൊരു കൂട്ടർ അതിനെതിരായി ഓരോ വ്യക്തിയും പൂർണ്ണസ്വാതന്ത്ര്യമുള്ളവനാണെന്നും ഒരാൾ രക്ഷിയ്ക്കപ്പെടുന്നതിലോ നശിച്ചുപോകുന്നതിലോ, ദൈവത്തിന് ഒരു പങ്കുമില്ലെന്നും അവൻ കേൾക്കുന്ന സുവിശേഷത്തോട് അവന്റെ പ്രതികരണം പോലെ അവന് ഭവിയ്ക്കുമെന്നും പഠിപ്പിച്ചിരുന്നു (10:16).

ക്രിസ്ത്യാനികളെന്നു വിളിയ്ക്കപ്പെട്ടിരുന്ന മിക്കവരുടെയും ധാരണ സ്വതന്ത്ര ഇച്ഛയാണ് ബൈബിൾ പഠിക്കുന്നതെന്നും അങ്ങനെയെങ്കിൽ ഓരോ വ്യക്തിയും രക്ഷപെടുമോ ഇല്ലയോ എന്ന് അവനവൻ തന്നെ തീരുമാനിക്കേണ്ടതാണെന്നും പറഞ്ഞാൽ പോരേ? വ്യാഖ്യാതാക്കൾക്ക് അതു സമ്മതിച്ചാൽ പോരെ?

അവന് സുവിശേഷം കേൾക്കുകയോ കേൾക്കാതിരിക്കുകയോ ചെയ്യാം.
യേശുവിൽ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കയോ ചെയ്യാം.
അവന് കർത്താവിന്റെ ക്ഷണം സ്വീകരിക്കുവാനോ നിരസിക്കുവാനോ കഴിയും.
കർത്താവിനെ അനുസരിക്കയോ അനുസരിക്കാതിരിക്കയോ ചെയ്യാം.
ക്രിസ്തുവിനെ അനുഗമിക്കയോ അകന്നുപോകുകയോ ചെയ്യാം.

ഒരാൾ കേട്ട് വിശ്വസിച്ച് സ്വീകരിച്ച് അനുസരിച്ച് അനുഗമിച്ചാൽ അവൻ രക്ഷനേടിയെന്ന് പറയുവാൻ കഴിയുമോ. ഇല്ല. അതിനർത്ഥം അവന്റെ സ്വന്ത രക്ഷയ്ക്ക് അവനൊരു പങ്കുണ്ട് എന്നത്രെ. ദൈവം നമുക്കു വേണ്ടി ചെയതിനോട് താരതമ്യപ്പെടുത്തിയാൽ നാം ചെയ്യുന്നത് ഏതുമില്ല എന്ന് ഞങ്ങൾ സമ്മതിക്കുന്നു. അത് ഒരു തീരെ ചെറിയഭാഗം മാത്രമാണ്. എങ്കിലും അതും ഒരു ഭാഗമാണ്. ഇത്രത്തോളം ഒരുവന് അവന്റെ രക്ഷയ്ക്ക് സംഭാവന ചെയ്യുവാൻ കഴിയും. സംഭാവന എന്ന വാക്കിന്മേൽ വിഷമിയ്ക്കാതിരിയ്ക്കുക. ദൈവത്തിന്റെ കൃപ പ്രാപിയ്ക്കുന്നതിന് ഒരു വ്യക്തി ചില കാര്യങ്ങൾ ചെയ്യണമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു (അ. പ്രവർത്തി. 2:37, 38).

*ചുമതല, സ്നേഹം* അനുസരണത്തിന്റെ ആവശ്യകത കൃപയെക്കുറിച്ചുള്ള

പൗലൊസിന്റെ ഉപദേശത്തെ ദുർബലപ്പെടുത്തുന്നു എന്ന് ചിന്തിയ്ക്കുന്നവരുടെ ഉൽക്കണ്ഠയോടാണ് ഇതുവരെ പറഞ്ഞ കാര്യങ്ങളിൽ അധികവും. "വിശ്വാസത്താലുള്ള നീതികരണം" എന്ന ഉപദേശം ദൈവത്തിനുവേണ്ടി പ്രവർത്തിയ്ക്കുന്നതിനെ നിരുത്സാഹപ്പെടുത്തും എന്ന് ചിന്തിക്കുന്നവരോടും ചില വാക്കുകൾ പറയട്ടെ. നിയമവും പ്രവർത്തിയും എന്ന വ്യവസ്ഥക്ക് എതിരായി കൃപ-വിശ്വാസം എന്ന വ്യവസ്ഥ (വേണ്ടപോലെ മനസ്സിലാക്കിയാൽ) കർത്തൃശുശ്രൂഷ വർദ്ധിച്ചു വരും. ജെ.ഡി. തോമസ് ഈ വിഷയത്തെ വിശദമാക്കുന്നതിനായി പല ഉദാഹരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.[58] നഴ്സിംഗ് പരിശീലനത്തിനുപോയ ഒരു യുവതിയുടെ കാര്യം ഉൾപ്പെടെ:

> ഒരു നേഴ്സ് പരിശീലനം പൂർത്തിയാക്കി ജോലിയിൽ പ്രവേശിച്ചു. നിമോണിയ ബാധിച്ച ഒരു കുട്ടിയെ ശുശ്രൂഷിപ്പാൻ തുടങ്ങി. ഇവിടെ അവളുടെ ശുശ്രൂഷ മാനുഷികമായ നിലയിലായിരുന്നു. ശമ്പളത്തിനുവേണ്ടിയുള്ള ശുശ്രൂഷ. എത്രമാത്രം ശുശ്രൂഷ അത്രത്തോളം ശമ്പളം എന്ന അടിസ്ഥാനത്തിലായിരുന്നു. അവൾക്ക് അവളുടെ സമ്പാദ്യത്തെക്കുറിച്ച് പ്രശംസിയ്ക്കുവാൻ തക്ക രീതിയിലായിരുന്നു. ഒരു ജോലി നന്നായി ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ ശമ്പളം അഥവാ പ്രതിഫലം അവൾക്ക് കടമായി കൊടുത്തു. സമ്മാനമായിട്ടല്ല. കൃപയോ സ്നേഹമോ ഒന്നും തന്നെ അവൾക്ക് കൊടുക്കുന്ന തുകയ്ക്ക് അടിസ്ഥാനമായിരുന്നില്ല. കുറെനാൾ കഴിഞ്ഞ് അവൾ വിവാഹിതയാകുകയും ആ ദമ്പതികൾക്ക് ഒരു കുട്ടി ജനിക്കുകയും ചെയ്തു. ഒരിക്കൽ ആ കുട്ടി ന്യൂമോണിയാ രോഗിയാകുകയും ഒരു പ്രാപ്തയായ നേഴ്സിന്റെ ശുശ്രൂഷ ആവശ്യമായിവരികയും ചെയ്തു. ഇപ്പോൾ അതിന്റെ അമ്മ ആ കുഞ്ഞിനെ ശുശ്രൂഷിയ്ക്കുന്നതിൽ ഒരു ശമ്പളവും ഏർപ്പാടുകളും ഒന്നും വേണ്ടിവന്നില്ല. അവൾ സ്വന്തമായി കടന്നുവന്ന് അവൾക്കു ചെയ്യാവുന്ന ശുശ്രൂഷകളെല്ലാം യാതൊരു പ്രതിഫലേച്ഛയും കൂടാതെ ചെയ്തു. ആ കുഞ്ഞിനോടുള്ള സ്നേഹവും ബന്ധവും അടിസ്ഥാനമാക്കി ചെയ്തു. കുട്ടിക്ക് വേദനയുള്ളപ്പോൾ അവളും വേദനപ്പെട്ടു. കുട്ടി സുഖപ്പെട്ടപ്പോൾ കുടുംബം ഒന്നാകെ സന്തോഷിച്ചു. അവൾ കൂടുതൽ സമയവും കൂടുതൽ അദ്ധ്വാനിച്ചും സ്നേഹവും ബന്ധവും അടിസ്ഥാനമാക്കി ശുശ്രൂഷ ചെയ്തു. ക്രിസ്ത്യാനിയുടെ "വിശ്വാസത്തിന് അനുസരണം" എന്നതിന് സദൃശ്യമായിരുന്നു അവളുടെ ശുശ്രൂഷ.[59]

ദൈവത്തിൽ അതിശയകരമായ കൃപയെക്കുറിച്ചുള്ള ബോധവും അറിവും നമ്മിൽ വളർന്നുവരുന്തോറും നമ്മുടെ കർത്താവിനുവേണ്ടിയുള്ള അദ്ധ്വാനം ഒരു ചുമതല നിർവഹിക്കുന്നു എന്നതിൽ നിന്നും കുറഞ്ഞു വരും. "സ്നേഹത്തിന്റെ അദ്ധ്വാനമായി" വർദ്ധിച്ചു വരികയും ചെയ്യും (കാണുക 1 തെസ. 1:3).

*സമാപനം.* നീതീകരണത്തിന്റെ രണ്ടു തരം വ്യവസ്ഥകളായ 1) നിയമം – അനുഷ്ഠാനം (ീൃസ) 2) കൃപ – വിശ്വാസം എന്നിവ ഒന്നിനെതിരായി ഒന്ന് നിലകൊള്ളുന്നു:

ഒന്നാമത്തേത് *പ്രശംസയെ* പ്രോത്സാഹിപ്പിക്കുന്നു (4:2) ഒരുവൻ ചെയ്തതിനെക്കുറിച്ച് പ്രശംസ. രണ്ടാമത്തേത് *താഴ്ചയെയും* ദൈവത്തി

ലുള്ള ആശ്രയത്തേയും പ്രോത്സാഹിപ്പിക്കുന്നു.

ഒന്നാമത്തേതിന്റെ ശക്തീകരണം സ്വന്തരക്ഷ *സമ്പാദിയ്ക്കുന്ന*തിലാണ്. രണ്ടാമത്തേത് രക്ഷ, സമ്പാദിപ്പാൻ (നേടുവാൻ) സാധിയ്ക്കുന്നതല്ല എന്ന് പ്രഖ്യാപിക്കുന്നു. അത് ഒരിക്കലും പ്രവർത്തിമൂലം സാദ്ധ്യമല്ല.

ഒന്നാമത്തേത് *മാനുഷിക ശ്രേഷ്ടതയെ* അടിസ്ഥാനപ്പെട്ടിരിക്കുന്നു. രണ്ടാമത്തേത് ആത്മീക അനുഗ്രഹങ്ങൾ സ്വയമേവ ഉണ്ടാകുന്നതല്ല കർത്താവിന്റെ ദാനമാണ് എന്ന് മനസ്സിലാക്കുന്നു.

ഒന്നാമത്തേത് മനുഷ്യന്റെ *നേട്ടത്തിൽ* കേന്ദ്രീകരിച്ചിരിക്കുന്നു. രണ്ടാമത്തേത് ദൈവത്തിന്റെ *കൃപയിൽ ആശ്രയിക്കുന്നതിൽ* കേന്ദ്രീകരിച്ചിരിക്കുന്നു.

ഒന്നാമത്തേത് ദൈവം നമുക്കു തരുവാനുള്ള ഒരു *കടമായി* രക്ഷയെ കാണുന്നു (4:4). രണ്ടാമത്തേത് ദൈവം നമുക്കു തരുന്ന ഒരു *ദാന മായി* രക്ഷയെ കാണുന്നു.

ഈ വൈരുദ്ധ്യങ്ങൾ വളരെ സൂക്ഷ്മമമായി പരിഗണിയ്ക്കണം. പൗലോസ് ഏതു വ്യവസ്ഥയാണ് പഠിപ്പിച്ചത്. നിങ്ങൾ ഇവയിൽ ഏതിനു കീഴ്പെട്ടിരിപ്പാൻ ആഗ്രഹിക്കുന്നു? എത് വ്യവസ്ഥയാണ് *പ്രത്യാശ* നൽകുന്നത്?

ഒരിക്കൽ ഒരു സുവിശേഷകൻ സ്കോട്ട്ലൻഡിലുള്ള ഒരു പട്ടണത്തിന്റെ ചേരി പ്രദേശങ്ങളിൽ പ്രസംഗിച്ചുകൊണ്ടിരുന്നു. മദ്യപാനികളോടും തെരുവു നിവാസികളോടും വേശ്യമാരോടും എല്ലാം, ഓടക്കുഴിയിൽ നിന്നും എഴുന്നേറ്റുവരുവാൻ ആഹ്വാനം ചെയ്തു. ജീവിതത്തിന് ഒരു പുതിയ ആരംഭം ഇടുക എന്നു പറഞ്ഞു. ജനക്കൂട്ടത്തിന്റെ ഒരു കോണിൽ ഒരു സ്ത്രീകേട്ടുകൊണ്ട് നിന്നിരുന്നു. അവൾ ദീർഘനാളുകളായി പാപത്തിലും അധർമ്മത്തിലും മുഴുകിക്കിടന്നവളായിരുന്നു. ഒരു മണിക്കൂറോളം നന്നാവാനുള്ള ശക്തിയായ പ്രബോധനം കേട്ടുകൊണ്ടിരുന്ന അവൾക്ക് ഒട്ടും കൂടുതൽ സഹിയ്ക്കാൻ പറ്റാതായി. അവൾ പ്രസംഗകനോട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "നിങ്ങളുടെ കയറിനെ എന്റെയടുക്കലെത്തുവാൻ നീളം പോരാ"[60] സ്വന്തം പാപാവസ്ഥയെയും കഴിവു കേടിനെക്കുറിച്ചും ബോദ്ധ്യമുള്ള ആർക്കും നിയമവും, പ്രവർത്തിയും എന്ന വ്യവസ്ഥ അവന്റെ പാപത്തിൽനിന്നും കുറ്റത്തിൽ നിന്നും അവന്റെയടുക്കലെത്തുവാൻ തക്ക നീളമില്ല എന്നറിയാം. കൃപയും വിശ്വാസവും എന്ന വ്യവസ്ഥയ്ക്കു മാത്രമെ പാപിയെ രക്ഷിപ്പാൻ അവന്റെ അടുക്കലോളം എത്തുന്നതിന് സാധിക്കൂ. ആ കയർ ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ വെളിപ്പെടുത്തിയ ദൈവസ്നേഹമാണ്!

### ദാവീദ് തന്റെ ജീവിതം തകരാറിലാക്കിയപ്പോൾ അവന് എന്തായിരുന്നു ആവശ്യമായിരിക്കുന്നത്? (4:6-8)

വേദപുസ്തകത്തിലെ സുപ്രധാന വ്യക്തികളിലൊരാളാണ് ദാവീദ്. വേദപുസ്തകത്തിലെ പ്രിയ ബൈബിൾ കഥാപാത്രങ്ങളുടെ പട്ടികയിൽ പഴയനിയമ കഥാപാത്രങ്ങളുടെ മുൻ നിരയിൽ നയിക്കുന്നത് ദാവീദ് തന്നെയാണ്. ദാവീദിനെ വീക്ഷിയ്ക്കുമ്പോൾ അവൻ ഒരു പ്രത്യേക ആൾ തന്നെയാണ്. ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യൻ എന്ന് ദാവീദ് അറിയപ്പെടുന്നു (അ. പ്രവർത്തി. 13:22).

എങ്കിലും, അവന്റെ വിജയങ്ങളെ നോക്കാതെ അവന്റെ തോൽവികളെയും അവന്റെ മഹത്വകരമായ നേട്ടങ്ങളെ നോക്കാതെ ജീവിതത്തിലെ ഇരുണ്ട

നാളുകളെയും ഒന്നു നോക്കാം. ദാവീദ് കുഴപ്പത്തിലായപ്പോൾ ദാവീദിന് എന്തായിരുന്നു ആവശ്യമായത്?

ദാവീദ് ദൈവത്തോട് അടുത്തു ചേർന്നു നടന്നപ്പോൾ ധാരാളം വിജയങ്ങൾ ഉണ്ടായി. വിശ്വസ്തനായ ആട്ടിടയനായിരുന്നപ്പോൾ, ഗോല്യാത്തിനെ തോൽപ്പിച്ചപ്പോൾ, യിസ്രായേലിന്റെ പട്ടാളത്തെ നയിക്കുന്ന യോദ്ധാവായിരുന്നപ്പോൾ, ശൗൽ കാട്ടുമൃഗത്തെ വേട്ടയാടാൻ എന്നവണ്ണം അവന്റെ പുറകെ നടന്നപ്പോൾ, അവന്റെ വിശ്വസ്തത നിമിത്തം ഒരു രാഷ്ട്രം മുഴുവനും ദൈവത്തോടടുക്കുവാൻ സ്വാധീനിയ്ക്കപ്പെട്ടു.

അപ്പോഴാണ് ദുരന്തം ഉണ്ടാകുന്നത്. പാപത്തിന്റെ മേൽ പാപം (2 ശമുവേൽ 11) ദാവീദിന്റെ സൈന്യം യുദ്ധത്തിന് പോയിരിക്കുന്നു. എന്നാൽ അവൻ വീട്ടിലിരുന്നു മട്ടുപ്പാവിൽ ഉലാവിക്കൊണ്ടിരുന്നു. താഴേക്കു നോക്കിയപ്പോൾ ഒരു സുന്ദരി കുളിക്കുന്നതു കണ്ടു. ഈ കാഴ്ചയുടെ വിശദവിവരങ്ങൾ നമുക്കറിഞ്ഞു കൂടാ. ഊഹങ്ങൾ മൂലം ഒന്നും വ്യക്തമല്ല. ഒന്നു നിശ്ചമായയമാണ്. അവൻ പരീക്ഷിയ്ക്കപ്പെട്ടപ്പോൾ *തൽക്ഷണം* അവിടെനിന്നും മാറിപ്പോകണമായിരുന്നു. (2 തിമോ. 2:22) അതിനുപകരം മോഹം വളരുവാൻ അനുവദിച്ചു (യാക്കൊ. 1:14).

ദാവീദ് അവളെക്കുറിച്ച് അന്വേഷിച്ചു. അവൾ ഹിത്യനായ ഊരിയാവിന്റെ ഭാര്യയായ ബേത്ത്ശേബയാണെന്നറിഞ്ഞു. വിശ്വസ്തനായ ഒരു പഴയ സ്നേഹിതൻ. ധൈര്യശാലിയായ ഒരു യോദ്ധാവ്. കഴിഞ്ഞകാലത്ത് ദാവീദിനുവേണ്ടി ജീവൻ വെക്കാനൊരുക്കമുള്ള മനുഷ്യൻ (2 ശമു. 23:39) അതൊ ന്നും ദാവീദിന്റെ മോഹത്തെ കെടുത്താനായില്ല. അവൻ അക്കാലത്തെ അധികാരശക്തിയുള്ള പൂർവ്വദേശ രാജാക്കാന്മാരെപ്പോലെ പ്രവർത്തിച്ചു. ദൈവത്തിന്റെ പ്രതിനിധിയായിരിക്കേണ്ടവൻ. ബേത്ത്ശേബ കൊണ്ടുവരപ്പെട്ടു. അവളുമായി വ്യഭിചരിച്ചു. അവളെ തിരികെ വീട്ടിലയച്ചു.

കപടോപായം ബലപ്പെടുന്നു. താൻ ഗർഭിണിയായി എന്ന് ബേത്ത്ശേബ ദാവീദിനെ അറിയിക്കുന്നു. ഇപ്പോഴായിരുന്നു ദാവീദിന് തന്റെ പാപം സമ്മതിച്ച് ശിക്ഷ എറ്റുകൊള്ളുവാനുള്ള സമയം. അതിനുപകരം അവന്റെ പാപം മറയ്ക്കുവാൻ ശ്രമിയ്ക്കുന്നു. ഊരിയാവിനെ യുദ്ധരംഗത്തുനിന്നും വിളിച്ചുവരുത്തി അവന്റെ ഭാര്യയുടെ അടക്കലേക്കയയ്ക്കുന്നു. *ഊരിയാവിന്റെ* കുട്ടിയാണെന്ന് അവൻ ധരിയ്ക്കട്ടെയെന്നു വിചാരിച്ചിരിക്കും. പരമാർത്ഥിയായ ഊരിയാവ് വീട്ടിൽ പോയില്ല. യുദ്ധസമയത്ത് വീട്ടിൽ പോവാൻ അവൻ മനസ്സുകാണിച്ചില്ല. ഊരിയാവിനെ മദ്യപിപ്പിച്ച് വീട്ടിലയപ്പാൻ തക്കവണ്ണം ദാവീദ് താണുപോയി. ഊരിയാവ് എന്നിട്ടും പോയില്ല!

അവസാന മാർഗ്ഗം എന്നോണം ഊരിയാവിനെ കൊല്ലുവാൻ തന്നെ തീരുമാനിച്ചു. ദാവീദ് സേനാനായകന് കത്തു കൊടുത്തയച്ചു. ഊരിയാവിനെ യുദ്ധത്തിന്റെ മുന്നണിയിൽ നിർത്തി എല്ലാ സഹായവും പിൻവലിയ്ക്കുവാൻ. അവൻ മരിക്കുവാൻ വേണ്ടി. അങ്ങനെ തന്നെ സംഭവിച്ചു.

ചില ദിവസങ്ങൾക്കും ആഴ്ച്ചകൾക്കും ശേഷം ദൈവവുമായി പറ്റിച്ചേർന്നു ജീവിച്ചവനായ ദാവീദ് പത്തു കല്പനയുടെ നാല്പതു ശതമാനവും ലംഘിച്ചു. മോഹിക്കരുത് എന്ന പ്രമാണം വ്യഭിചാരം ചെയ്യരുത് എന്ന പ്രമാണം കള്ളസാക്ഷ്യം പറയരുത് എന്ന പ്രമാണം. കൊലചെയ്യരുത് എന്ന പ്രമാണം എല്ലാം ലംഘിച്ചു. നല്ല ദൈവഭക്തിയുള്ള ജൂറിമാർക്ക് രണ്ടു മിനിറ്റു പോലും ചെലവിടാതെ ഒരു വിധി നടത്താവുന്ന കുറ്റം ''അവനെ കൊണ്ടുപേ

ായി കല്ലെറിഞ്ഞു കൊല്ലുക'' എന്നാൽ ദാവീദ് ചെയ്തത് യഹോവയ്ക്ക് അനിഷ്ടമായിരുന്നു (2 ശമു. 11:27).

ഈ ദാരുണ സംഭവത്തിന്റെ ഹൃദയഭാഗത്തെ അഭിനന്ദിയ്ക്കുവാൻ കഴിയണമെങ്കിൽ എത്രമാത്രം പരിപൂർണ്ണമായും ദാവീദ് ജീവിതത്തിൽ അധഃപതിച്ചു ജീവിതം തകരാറിലാക്കി എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. രണ്ടു സത്യങ്ങൾ പരിഗണിയ്ക്കാം:

1. പിൻഗാമിയായിരുന്ന ശൗലിന്റെ പാപങ്ങളേക്കാൾ എത്രയോ ഭയാനകമാണ് ദാവീദിന്റെ പാപം എന്ന് പ്രത്യക്ഷത്തിൽ കാണാം. അമാലേക്യരെ പൂർണ്ണമായി നശിപ്പിക്കുവാൻ ശൗലിനോട് ആവശ്യപ്പെട്ടിരുന്നു. അതിൽ അനുസരണക്കേടു കാണിയ്ക്കയും അവൻ രാജസ്ഥാനത്തു നിന്ന് തിരസ്ക്കരിക്കപ്പെടുകയും ചെയ്തു (1 ശമു. 15:1–23). മനുഷ്യന്റെ നോട്ടത്തിൽ കൂടുതൽ പേരും സമ്മതിയ്ക്കും ശൗലിന്റെ പാപം ദാവീദിന്റെ പാപത്തിന്റെ ഭയങ്കരതയോടു താരതമ്യപ്പെടുത്തുവാൻ തുടങ്ങുവാൻ പോലും സാധിയ്ക്കയില്ല എന്ന്. ദൈവത്തോട് അടുത്തു ജീവിച്ച ഒരുവൻ ഇതാ പാപത്തിൽ നീന്തിത്തുടിച്ച് താണു താണ് അകൃത്യത്തിൽ ആണ്ടു പോകുന്നു. ശൗലിനു സംഭവിച്ചതോർക്കുമ്പോൾ ദാവീദിന്റെ പാപത്തിന് എത്ര വലിയ ശിക്ഷ ലഭിയ്ക്കേണ്ടതാണെന്നോർത്ത് നാം നടുങ്ങിപ്പോകുന്നു!

2. അതിലും പ്രധാനമായി പാപം ദാവീദിനെ എത്രമാത്രം നശിപ്പിച്ചുകളഞ്ഞു എന്നു ചിന്തിക്കാം അവൻ ദൈവവുമായി നല്ലനിലയിൽ നിരപ്പിലായിരുന്നുവല്ലോ. ഈ വിഷയം 2 ശമുവേൽ 11ൽ അത്ര വ്യക്തമായില്ലെങ്കിൽ സങ്കീർത്തനം 32:3, 4 വാക്യങ്ങളിൽ ദാവീദ് എഴുതുന്നു,

> ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി.
> രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു. എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി.

ആ ദിവസങ്ങളിൽ നാം ദാവീദിനെ കണ്ടിരുന്നുവെങ്കിൽ അവൻ പഴയതുപോലെതന്നെ കാക്കപ്പെട്ടേനേ. സിംഹാസനത്തിലിരുന്നു തന്റെ രാജകീയ ചുമതലകൾ തുടർന്നു ചെയ്യുന്നു. എന്നാൽ ഹൃദയത്തിനുള്ളിൽ അവന്റെ പാപം അവനെ കീറിക്കളയുകയായിരുന്നു. പാപം ഭയങ്കരതരമാണ്!

മൂവായിരം വർഷങ്ങൾക്ക് മുമ്പുനടന്ന ഈ കാര്യം എന്തിനു വേണ്ടിയാണ് ശ്രദ്ധയിൽ കൊണ്ടുവരുന്നത്! ദാവീദുവീണ വലയിൽ നാമും വീണുപോകുവാനൻ സാദ്ധ്യതയുണ്ട്. എന്തുകൊണ്ടെന്നാൽ പാപത്തിനു പുറകെ പാപം നമ്മിൽ വന്നിട്ട് നമ്മുടെ ജീവിതം കഷണങ്ങളായി നമുക്കുചുറ്റും ചിതറപ്പെടുന്നത് കാണേണ്ടിവരും. ദാവീദ് കീറിപ്പോയതുപോലെ നമുക്കും ഭവിയ്ക്കാം. അതുകൊണ്ട് നാം അകപ്പെടുന്ന ചില കുഴപ്പങ്ങളിൽ നിന്നും എങ്ങനെ രക്ഷപെടുമെന്ന് നാം അറിയണം.

ഇപ്പോൾ നമുക്ക് ഒരു ചോദ്യം ഉന്നയിക്കാം: ദാവീദിന് തന്റെ ജീവിതം തകരാറിലായപ്പോൾ എന്തായിരുന്നു ആവശ്യം?

എന്ന് നമുക്ക് ചോദിക്കാം. ആളുകൾ അവരുടെ ജീവിതത്തെ കുഴപ്പത്തിലാക്കുമ്പോൾ നന്നായി ജീവിയ്ക്കുക ശരി ചെയ്യുക എന്നൊക്കെ ഉപദേശിപ്പാൻ നാം പരീക്ഷയ്ക്കപ്പെടും. എന്നാൽ അതത്ര ലളിതമോ പ്രയാസം കുറഞ്ഞ

കാര്യമോ അല്ല. ദാവീദിന് നാലു ആവശ്യങ്ങൾ ഉണ്ടായിരുന്നു. എന്നതു കാണുക. നാം തെറ്റു ചെയ്യുമ്പോൾ നമുക്ക് ഉണ്ടാകുന്ന നാല് ആവശ്യങ്ങളെക്കുറിച്ചാണ് ദാവീദിന്റെ നാല് ആവശ്യങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത്.

*ഒന്ന് – ദാവീദിനോട് പൂർണ്ണമായി പരമാർത്ഥത പുലർത്തുന്ന ഒരാളെ ആവശ്യമായിരുന്നു.* അങ്ങനെയുള്ള ഒരു സ്നേഹിതൻ ദാവീദിനുണ്ടായിരുന്നു എന്നതിൽ ദാവീദ് അനുഗ്രഹിക്കപ്പെട്ടവനായിരുന്നു. വർഷങ്ങളായി ദാവീദിനെ അറിഞ്ഞിരുന്നവൻ അവനെ അറിഞ്ഞ ഒരു സ്നേഹിതനുണ്ടായിരുന്നു. അവനോട് എങ്ങനെ സമീപിയ്ക്കണമെന്ന് ആ സ്നേഹിതൻ അറിഞ്ഞിരുന്നു.

ദൈവം നാഥാനെ ദാവീദിന്റെ അടുത്തേക്കയച്ചു. നാഥാൻ കുഞ്ഞാടിന്റെ കഥ പരിചയമുള്ള ദാവീദിനോട് പറഞ്ഞു:

> ഒരു പട്ടണത്തിൽ രണ്ടു മനുഷ്യർ ഉണ്ടായിരുന്നു. ഒരുത്തൻ ധനവാൻ മറ്റവൻ ദരിദ്രൻ.
> ധനവാന് ആടുമാടുകൾ അനവധി ഉണ്ടായിരുന്നു.
> ദരിദ്രനോ താൻ വിലയ്ക്കു വാങ്ങി വളർത്തിയ ഒരു പെൺ കുഞ്ഞാടല്ലാതെ ഒന്നും ഇല്ലായിരുന്നു.
> അത് അവന്റെ അടുക്കലും അവന്റെ മക്കളുടെ അടുക്കലും വളർന്നു വന്നു.
> അത് അവൻ തിന്നുന്നതിൽ ഓഹരി തിന്നുകയും അവൻ കുടിക്കുന്നതിൽ ഓഹരി കുടിക്കയും അവന്റെ മടിയിൽ കിടക്കുകയും ചെയ്തു.
> അവന് ഒരു മകളെപ്പോലെയും ആയിരുന്നു.
> ധനവാന്റെ അടുക്കൽ ഒരു വഴിയാത്രക്കാരൻ വന്നു,
> തന്റെ അടുക്കൽ വന്ന വഴിപോക്കനുവേണ്ടി പാകം ചെയ്വാൻ തന്റെ സ്വന്തം ആടുമാടുകളിൽ നിന്നും ഒന്നിനെ എടുപ്പാൻ മനസ്സില്ലാതെ അവൻ ആ ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ച് തന്റെ അടു
> ക്കൽ വന്ന ആൾക്കുവേണ്ടി പാകം ചെയ്തു (2 ശമു. 12:1–4).

ആട്ടിൻകുട്ടികളോടുകൂടെ കളിയ്ക്കുന്നതും മേശയ്ക്കരികിൽ പാനപാത്രത്തിൽ നിന്നു കുടിയ്ക്കുന്നതും അവരുടെ കിടക്കമേൽ ഉറങ്ങുന്നതും എല്ലാം ഒരാൾക്കു മിക്കവാറും കാണാൻ കഴിയും. ദാവീദിന്റെ നീതിബോധം കോപത്താൽ ഉണർന്നു. “അപ്പോൾ ദാവീദിന്റെ കോപം ആ മനുഷ്യന്റെ നേരെ ഏറ്റവും ജ്വലിച്ചു. അവൻ നാഥാനോട് യഹോവയാണ് ഇതു ചെയ്തവൻ മരണയോഗ്യൻ. അവൻ കനിവില്ലാതെ ഈ കാര്യം പ്രവർത്തിച്ചതുകൊണ്ട് ആ ആടിനുവേണ്ടി നാലിരട്ടി പകരം കൊടുക്കേണം എന്നു പറഞ്ഞു (2 ശമു. 12:5, 6) അപ്പോൾ നാഥാൻ ആ ഭയങ്കരവാക്കു ഉച്ചരിച്ചു. “ആ മനുഷ്യൻ നീ തന്നെ” (2 ശമു. 12:7).

വേദപുസ്തക സംഭവങ്ങളുടെ തത്സമയ ദൃശ്യചിത്രങ്ങൾ ചിത്രീകരിച്ചത് ലഭിച്ചാൽ എത്ര നന്നായിരിക്കും ഒരു പക്ഷേ നാഥാൻ പ്രവാചകൻ ദാവീദിനു മുൻപിൽ ജ്വലിക്കുന്ന കണ്ണുകളോടെ വിരൽ ചൂണ്ടി. ആ മനുഷ്യൻ നീ തന്നെ എന്നു പറയുന്നു. നാഥാനെ തകർന്ന ഹൃദയമുള്ള ഒരു സ്നേഹിതനായി കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. ദാവീദിന്റെ കോപത്തോടുകൂടിയ പ്രസ്താവനയ്ക്കുശേഷം അല്പം നിർത്തിയിട്ട് നിറഞ്ഞകണ്ണുകളോടെ ഇടറുന്ന ശബ്ദത്തിൽ ഞാൻ പറഞ്ഞു വരുന്ന മനുഷ്യൻ നീ തന്നെ ദാവീദേ

എന്നു പറയുന്നതായി സങ്കല്പിയ്ക്കാം. നിനക്കു ധാരാളമുണ്ട്. ഊരിയാവിന് അല്പമേ ഉള്ളൂ. അവനുള്ളതിനെ നീയെടുത്തു. അവന്റെ ജീവനെയും അവന്റെ ഭാര്യയെയും. നിന്നെ ദൈവം ധാരാളമായി അനുഗ്രഹിച്ചു. നീ ഈ ഭയങ്കരകാര്യം ചെയ്തല്ലോ. അത് എങ്ങനെ പറഞ്ഞാലും അത് ദാവീദിന്റെ പാപത്തെ പുറത്തുകൊണ്ടുവന്ന ഒരു വിശ്വസ്തയോട് കൂടിയ ദൂതായിരുന്നു.

ഇന്നത്തെ ആത്മീക ലോകത്തിൽ ഏതു രീതിയിലുള്ള പ്രസംഗങ്ങൾ വേണമെങ്കിലും കേൾക്കാം. നീ നന്നായിരിക്കുന്നു എന്നു പ്രസംഗിച്ചാൽ നിനക്കതു കണ്ടുപിടിയ്ക്കാം. പാപംമൂലം നീതീകരിയ്ക്കപ്പെടുകയാണെങ്കിൽ നിന്റെ നാഡികളെ തണുപ്പിയ്ക്കുവാൻ നിനക്കാരെയും ആവശ്യമില്ല. നാഥാൻ ദാവീന്റെ അടുക്കൽ വന്ന് തോളിൽ കൈയ്യിട്ട് പറയുകയാണെന്ന് സങ്കൽപ്പിക്കുക. നിനക്കു വിഷമങ്ങളുണ്ട് ഞാൻ നിന്നോടുകൂടെയുണ്ട് അവന്റെ പാപത്തെ വെളിവാക്കാതെ പറയുന്നു. നിനക്കാവശ്യമുള്ളത്, നിന്നോടു പരമാർത്ഥമായി ഇടപെട്ട് നിന്റെ പാപം മനസ്സിലാക്കിത്തരുന്നവരെയാണാവശ്യം. സ്നേഹവും വിശ്വസ്തതയും പൂർണ്ണ പരമാർത്ഥതയോടെ!

ഇക്കാലത്ത് ഫാഷനബിൾ അല്ലായിരിക്കാം. ക്രിസ്ത്യാനി പരിപൂർണ്ണമായും മുഴുവനായും പാപത്തിന് എതിരായിരിക്കണം. പാപത്തെ *ശത്രുവായി* നാം കാണുന്നു. അത് പഴമയുടെ രീതി ആയിരിക്കാം. ഇന്നും നാം പ്രസംഗിക്കുകയും പഠിപ്പിക്കയും ചെയ്യുന്നത്. മദ്യപാനം, മയക്കുമരുന്നുകളുടെ ദുരുപയോഗം, നൃത്തം, ചൂതുകളി, ഗർഭം അലസിപ്പിക്കുക, മാന്യമല്ലാത്ത വസ്ത്രധാരണം (വെള്ളത്തിനുള്ളിലോ വെളിയിലോ) വേദാനുസാരമല്ലാത്ത ഉപേക്ഷണം, ഭൗതികത്വം, ലൈംഗിക അശുദ്ധി, ദാമ്പത്യ അവിശ്വസ്തത ഉപദേശവൈപരിത്യം ഇവകൾക്കെല്ലാം എതിരായിട്ടാണ്. ഇവയെക്കുറിച്ചെല്ലാം നമുക്ക് ശരിയായ ബോദ്ധ്യമുണ്ട്. നമ്മുടെ ഉറപ്പായ ബോദ്ധ്യങ്ങളെ നാം മറച്ചുവയ്ക്കുന്നില്ല.

നിങ്ങൾ പറഞ്ഞേക്കാം എനിയ്ക്ക് ശിക്ഷാവിധി പറ്റുകയില്ല. മാധുര്യവും പ്രകാശവും മാത്രം മതി എന്ന് നിന്റെ ജീവിതം കുഴപ്പത്തിലും തകരാറിലും എത്തുമ്പോൾ ഒന്നാമതു നിനക്കാവശ്യം നിന്നോട് പരമാർത്ഥതയോടെയും വിശ്വസ്തതയോടെയും ഇടപെടുന്ന ആളുകളെയാണ് എന്ന് ഞാൻ ആവർത്തിച്ചു പറയട്ടെ.

വിശ്വസ്തമായ ഒരു ദൂതിനെ ശരിയായ രീതിയിൽ സ്വീകരിച്ചില്ലെങ്കിൽ തന്മൂലം യാതൊരു പ്രയോജനവും ഉണ്ടാകുകയില്ലായിരുന്നു. അതുകൊണ്ട് ദാവീദിന് അതിൽ കൂടുതൽ ആവശ്യമായിരുന്നു.

*ദാവീദിന് അതിൽ കൂടുതൽ ആവശ്യമായിരുന്നു.* തകർന്ന ഒരു ഹൃദയം, ദാവീദിന് വേണമായിരുന്നു. നാഥാന്റെ സന്ദേശത്തിനു മുൻപിൽ പലവിധത്തിൽ പ്രതികരിയ്ക്കാമായിരുന്നു. പ്രവാചകനോട് കോപിയ്ക്കാമായിരുന്നു. അങ്ങനെ കോപിയ്ക്കുന്നത് അസാധാരണമല്ല. പക്ഷേ അത് ഒട്ടും തന്നെ സഹായിക്കയില്ലായിരുന്നു.

പല ഒഴിവുകഴിവുകളും പറഞ്ഞു തുടങ്ങാമായിരുന്നു. ആ സ്ഥലത്തു നിന്നു കുളിച്ചത് ബേത്ത്ശേബയുടെ കുറ്റമായിരുന്നു എന്നു തുടങ്ങി ഊരിയാവ് എതിർത്തിരുന്നുവെങ്കിൽ ഒരു ദോഷവും വരികയില്ലായിരുന്നു എന്നൊക്കെ കുഴപ്പങ്ങൾക്ക് മറ്റുള്ളവരെ പഴി ചാരിയിട്ട് പ്രയോജനമില്ലല്ലോ. അങ്ങനെ ഒഴികഴിവുകൾ പറയുന്നതുമൂലം സംഗതിയ്ക്ക് ഒരു മാറ്റവും വരികയുമില്ല.

തന്റെ കുറ്റത്തെ മറച്ചുവെക്കുവാൻ ശ്രമിച്ചുംകൊണ്ട് ജീവിതം തുടരാ

മെന്നു വിചാരിക്കാമായിരുന്നു. ഒരു പാപവും കൂട്ടികൂട്ടിക്കൊണ്ട് പൂർവ്വദേശ രാജക്കന്മാരെപ്പോലെ അധികാരവും ശക്തിയും ഉപയോഗിച്ച് നാഥാനെ കൊല്ലാമായിരുന്നു.

ഈ പറഞ്ഞ ഒരു രീതിയിലും ദാവീദ് പ്രതികരിക്കാത്തതിനാൽ ദൈവത്തിനു നന്ദി. അതിനുപകരം അവൻ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനായിരുന്നു. അവൻ പരിപൂർണ്ണതയുളളവനായിട്ടല്ല മറിച്ച് അവന് കാഠിന്യമി ല്ലാത്ത ഇളയതായ ഒരു ഹൃദയം ഉണ്ടായിരുന്നു. ആ ഹൃദയം ദൈവത്തിന്റെ സത്യത്താൽ സ്പർശിയ്ക്കപ്പെടുന്നതായിരുന്നു. ദാവീദ് നാഥാനോട് ഏറ്റുപറഞ്ഞു. "ഞാൻ ദൈവത്തോട് പാപം ചെയ്തു" (2 ശമു. 12:13). 51-ാം സങ്കീർത്തനം നാഥാൻ ദാവീദുമായി അഭിമുഖീകരിച്ചശേഷം എഴുതിയതാവാം. ആ സങ്കീർത്തനത്തിൽ ദാവീദ് കരയുന്നു.

> ദൈവമേ നിന്റെ ദയക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാേ കണമേ;
> നിന്റെ കരുണയുടെ ബഹുത്വപ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയേണമേ.
> എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ.
> എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.
> എന്റെ പാപങ്ങളെ കാണാതവണ്ണം നിന്റെ മുഖം മറക്കേണമേ. എന്റെ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ.
> ദൈവമേ സ്ഥിരമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് നിർമ്മലമാ യൊരാത്മാവിനെ എന്നിൽ പുതുക്കേണമേ.
> നിന്റെ സന്നിധിയിൽ നിന്നും എന്നെ തള്ളിക്കളയരുതെ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നും എടുക്കയുമരുതേ.
> നിന്റെ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ;
> മനസ്സൊരുക്കമുള്ള ആത്മാവിനെതന്നു എന്നെ താങ്ങേണമേ (സങ്കീ. 51:1-3, 9-12).

നാമോരോരുത്തരും നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യമാണ് "എനിക്ക് ഇതുപോലെയുള്ള ഹൃദയം ഉണ്ടോ?" ജീവിതം തകർന്നു കിടക്കുമ്പോൾ നമുക്കാവശ്യമായ പല സംഗതികൾ ഉള്ളപ്പോൾ ഇത് നമുക്കു നൽകുവാൻ ആരാലും സാദ്ധ്യമല്ല. ഒന്നുകിൽ ഇതു നമുക്കുണ്ട് അല്ലെങ്കിൽ ഇല്ല. നമുക്കങ്ങനെയുള്ള ഒരു ഹൃദയം ഇല്ലെങ്കിൽ അങ്ങനെയുള്ള ഒരു ഹൃദയം ഉണ്ടാകുവാൻ മനസ്സില്ലെങ്കിൽ ഒരു പ്രത്യാശയ്ക്കും വഴിയില്ല.

ഇങ്ങനെയുള്ള ഒരു ഹൃദയത്തെക്കുറിച്ച് നാം ചിന്തിക്കണം. അടുത്ത ആവശ്യത്തെ സന്ദർഭത്തിനനുസരണമായി ചിന്തിക്കാം.

*മൂന്നാമതായി ദാവീദിന് പാപം ക്ഷമിയ്ക്കപ്പെട്ടു എന്ന നിശ്ചയം ഉാകണമായിരുന്നു.* അവന്റെ പാപം ക്ഷമിയ്ക്കപ്പെട്ടു എന്നു നിർണ്ണയം കൂടാതെ മുന്നോട്ടുജീവിക്കുവാൻ സാധിയ്ക്കയില്ലായിരുന്നു. 51-ാം സങ്കീർത്തനം 11-ാം വാക്യത്തിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നത് "നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതെ എന്നാണ്." ശൗലിന്റെ ജീവിതത്തിൽ നിന്നും ദൈവത്തിന്റെ ആത്മാവിനെ മാറ്റിയപ്പോൾ ശൗലിന് എന്തു ഭവിച്ചു എന്ന് ദാവീദു കണ്ടതാണ് (1 ശമു. 16:14-23). ശൗൽ അക്ഷരപ്രകാരം ഭ്രാന്തനായി. എത്രയോ

പ്രവശ്യം ദാവീദ് തന്റെ വീണ ശൗലിനുവേണ്ടി വായിക്കുകയും അവന് അല്പ ം ആശ്വാസം കൊടുക്കുവാൻ ശ്രമിയ്ക്കയും ചെയ്തിരുന്നു. ഇപ്പോൾ ദാവീദ് ദൈവത്തോട് കരഞ്ഞ് അപേക്ഷിയ്ക്കുന്നു. അങ്ങനെ എനിയ്ക്കു ഭവിയ്ക്ക രുതേ. അങ്ങനെ ഭവിച്ചില്ല. ദൈവം ദാവീദിന് പാപക്ഷമയുടെ നിശ്ചയവും ഉറപ്പും കൊടുത്തു. നാഥാൻ ദാവീദീനോടു പറഞ്ഞു (2 ശമു. 12:13). ''യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു. നീ മരിക്കയില്ല.'' 32-ാം സങ്കീർത്തനത്തിൽ 1, 2, 5 വാക്യങ്ങൾ ശ്രദ്ധിയ്ക്കുക അവിടെ ദാവീദിന്റെ സന്തോഷം കാണാം:

> ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയ മനുഷ്യൻ ഭാഗ്യവാൻ.
> യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും
> ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.
> ഞാൻ എന്റെ പാപം നിന്നോടറിയിച്ചു എന്റെ അകൃത്യം മറച്ചതുമില്ല.
> എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്ന് ഞാൻ പറഞ്ഞു.
> അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു.

ദാവീദ് അതിന് യോഗ്യനല്ലായിരുന്നു. എന്നാൽ ദൈവം തന്റെ അതിരില്ലാത്ത കരുണയാൽ അവനോടു ക്ഷമിച്ചു. ദാവീദിന് നുറുങ്ങപ്പെടാൻ കഴിയുന്ന ഒരു ഹൃദയം ഉണ്ടായിരുന്നു. അതിനാൽ ദാവീദ് അനുതപിച്ച് ദൈവത്തിങ്കലേക്കു തിരിഞ്ഞു.

ഇവിടെയാണ് ശൗലിനും ദാവീദിനും തമ്മിലുള്ള വ്യത്യാസം. നമ്മുടെ വീക്ഷണത്തിൽ ശൗലിന്റെ പാപം ദാവീദിന്റെ പാപത്തോളമൊന്നും ലംഘന മുള്ളതായിരുന്നില്ല. എന്നാൽ ശൗലിന് ദൈവത്തിങ്കലേക്കു നോക്കിക്കൊണ്ടി രിയ്ക്കുന്ന തരത്തിലുള്ള ഹൃദയം ഉണ്ടായിരുന്നില്ല. ശൗലിന്റെ പരിഗണന, രാഷ്ട്രീയം, ശീഘ്രത, മാനം, മഹത്വം, രാജവംശസ്ഥാപനം ഇവയിലൊക്കെ ആയിരുന്നു. ദാവീദിന്റെ പരിഗണന ദൈവത്തിലായിരുന്നു. ദാവീദിന്റെ പരിഗണന ദൈവത്തിലായിരുന്നു. ദൈവവുമായുള്ള ബന്ധത്തിലായിരുന്നു. അവരുടെ ഹൃദയത്തിന്റെ വ്യത്യാസം മൂലം ശൗലിന് പാപക്ഷമയെക്കുറിച്ച് ഉറപ്പു ലഭിച്ചില്ല. ദാവീദിന് അതു ലഭിച്ചു.

പാപംമൂലം നമ്മുടെ ജീവിതം നിയന്ത്രണം വിട്ടുപോകുമ്പോൾ നാം അവങ്കലേക്കു തിരിയുമ്പോൾ ദൈവത്തിന് നമ്മോടു ക്ഷമിയ്ക്കുവാൻ കഴി യുമെന്നും നമ്മോടു ക്ഷമിയ്ക്കുമെന്നും ഉള്ള നിശ്ചയമാണ് നമുക്കു എല്ലാറ്റി ലുംകൂടുതലായി ആവശ്യമുള്ളത്. ആ ഉറപ്പ് നമുക്കു പ്രത്യാശയും ബലവും തരും. അതേ സമയം ദൈവം ക്ഷമിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നതു പ്രയാ സമായി തോന്നും. അങ്ങനെയെങ്കിൽ നാം നമ്മോടുതന്നെ ചോദിയ്ക്കണം. *എന്റെ* അവസ്ഥ ദാവീദിന്റെ അവസ്ഥയേക്കാൾ മോശമാണോ?...അത്യാഗ്രഹം, വ്യഭിചാരം, കള്ളത്തരം, കൊലപാതകം ഇവയാൽ തകർന്ന ഒരു ജീവിതമാ യിരുന്നല്ലോ. ദാവീദിന്റേത്. ദാവീദിനോടു ക്ഷമിക്കാൻ ദൈവത്തിന് കഴിയു മെങ്കിൽ നിന്നോടും ക്ഷമിപ്പാൻ കഴിയും!

ഈ സന്ദേശം പഴയനിയമത്തിലേക്ക് മാത്രമുള്ളതല്ല. റോമർ 4:6-8 പൗലൊസ് ദാവീദിന്റെ വാക്കുകളെ ഉദ്ധരിക്കുന്നു. 32-ാം സങ്കീർത്തനം 1, 2 വാക്യങ്ങളും ഉദ്ധരിക്കുന്നു. അവ ദൈവത്തിന്റെ പാപമോചനത്തെ ഘോഷി ക്കുന്നു. ഫലത്തിൽ ദാവീദു പറയുകയാണ് അതു സത്യമാണെന്നെനിക്ക റിയാം എന്തെന്നാൽ അത് എനിയ്ക്കു ഭവിച്ചു. 32-ാം സങ്കീർത്തനം ഉദ്ധരിച്ച്

പൗലൊാസും പറയുന്നു ഇന്നും അത് സത്യമാണ്.

നേരത്തേ ഞാൻ പറഞ്ഞല്ലോ, എല്ലാവർക്കും തങ്ങളോട് വിശ്വസ്തമായും പരമാർത്ഥമായും തങ്ങളുടെ നിലയെക്കുറിച്ച് പറഞ്ഞു കൊടുക്കുന്ന ഒരാൾ വേണം എന്ന്. എല്ലാവർക്കും വേറൊരു ആവശ്യവും ഉണ്ട്. സത്യമായി അനുതപിച്ച് ജീവിതം ദൈവത്തിലേക്കു തിരിച്ചാൽ അവന് പാപമോചനം ലഭിയ്ക്കും എന്നുള്ളതാണ്.

പലവർഷങ്ങളായി, ശരിയേതു തെറ്റേത് എന്നു ആഴമായ ബോദ്ധ്യമുള്ള സഭാ സമ്മേളനങ്ങളോട് പ്രസംഗിക്കുവാനുള്ള പദവി എനിക്കു ലഭിച്ചിരുന്നു. ഉപദേശ സംബന്ധമായും ധാർമ്മിക ജീവിതസംബന്ധമായും ആഴമായ ബോദ്ധ്യമുള്ള സഭകളായിരുന്നു. അവർ ദൈവത്തിന്റെ കരുണയിലും കൃപയിലും വിശ്വസിച്ചിരുന്നു. അവർ തമ്മിൽ സ്നേഹിക്കുന്നവരും ക്ഷമിക്കുന്നവരും ആയിരുന്നതു കൂടാതെ ആരെങ്കിലും തങ്ങളുടെ തെറ്റു ചൂണ്ടിക്കാണിച്ചാൽ ദൈവത്തിങ്കലേക്കു തിരിയുന്നവരും ആയിരുന്നു.

ഒരു പ്രത്യേക നിലപാടു സ്വീകരിച്ചിട്ടുള്ള സഭകൾക്ക് കാഠിന്യവും സ്നേഹമില്ലായ്മയും വിധിക്കുന്ന മനസ്സും ഉണ്ടാകുന്നത് വളരെ എളുപ്പമാണ്. മറ്റൊരു പാപിയെ തങ്ങളുടെ കൂട്ടത്തിലേക്കു സ്വീകരിയ്ക്കുവാൻ മടിയ്ക്കാറുണ്ട്. കാരണം അവരുടെ പൂർണ്ണതയ്ക്ക് കുറവു സംഭവിയ്ക്കും എന്നുള്ളതുകൊണ്ട്. നാം കൂട്ടായി ജീവിതം തുടർന്നു കൊണ്ടുപോകുന്നവരാണ്. ചിലർ ഒരു പ്രശ്നവുമായി വിഷമിക്കുന്നു. മറ്റുചിലർ വേറെ ചില പ്രശ്നവുമായി വിഷമിക്കുന്നു (യാക്കൊ. 1:14). എല്ലാവരും ദൈവം പറയുന്നതുപോലെതന്നെ ജീവിക്കണമെന്ന് എല്ലാവരോടും വാദിച്ചുകൊണ്ടിരിക്കുകയാണ്. കാരണം വേറെ വിധത്തിൽ ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല (മത്താ. 5:48; 7:21–23). എന്നാൽ നാം നമ്മുടെ അപൂർണ്ണതകളെ മനസ്സിലാക്കുന്നു. ഞങ്ങൾ പാപം ചെയ്താൽ ഞങ്ങൾ അനുതപിച്ച് പാപം ഏറ്റുപറയും. ദൈവത്തിന്റെ പാപക്ഷമ പ്രാപിയ്ക്കാം (അ. പ്രവൃത്തി. 8:22; 1 യോഹ. 1:9). ദൈവം അതു തരുമെന്ന് വിശ്വസിക്കയും ചെയ്യുന്നു. ഞങ്ങളുടെ പ്രത്യാശ ഞങ്ങളുടെ പൂർണ്ണതയിലല്ല. ദൈവത്തിന്റെ കൃപയിലും കരുണയിലുമത്രെ. നാമെല്ലാം കൂട്ടു പോരാട്ടക്കാരാണ്. പരസ്പരം ഉയർത്തുവാനും ആശ്വസിപ്പിക്കുവാനും ബലപ്പെടുത്തുവാനും ഉള്ളവരാണ്.

ദാവീദിന് ദൈവത്തിന്റ ക്ഷമയുടെ ഉറപ്പ് ആവശ്യമായിരുന്നു. നമുക്കും അതാവശ്യമാണ്. അവന് ഒരു ആവശ്യം കൂടെ ഉണ്ടായിരുന്നു.

*നാലാമതായി ജീവിതം തുടർന്നുപോകുവാനുള്ള ശക്തി ദാവീദിന് ആവശ്യമായിരുന്നു.* നിങ്ങളുടെ പാപം ക്ഷമിയ്ക്കപ്പെട്ടപ്പോൾ - അതവസാനിച്ചു. നിന്നിൽ ആ പാപം നിർത്തിയിരുന്നെങ്കിൽ കൊള്ളായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ അങ്ങനെയല്ല. ഒരു നിമിഷംകൊണ്ട് നിന്റെ പാപം ക്ഷമിയ്ക്കപ്പെടും എന്നാൽ അതുമൂലമുണ്ടായ കുരുക്കുകൾ അഴിയുവാൻ വർഷങ്ങൾ വേണ്ടിവരും (സംഖ്യാ. 32:23; ഗലാ. 6:7).

ഊരിയാവിനെ വാൾകൊണ്ടുകൊല്ലപ്പെടുവാൻ ദാവീദു കാരണമായി. ഇപ്പോൾ അവൻ വിതച്ചത് അവൻ കൊയ്തേ മതിയാവൂ. കുറ്റം ക്ഷമിയ്ക്കപ്പെട്ടു. ചെയ്ത പാപത്തിന്റെ ഫലം നിലനിൽക്കും. "നീ ഹിത്യനായ ഊരിയാവെ വാൾകൊണ്ടു വെട്ടി അവന്റെ ഭാര്യയെ നിനക്കു ഭാര്യയായെടുത്തു. അവനെ അമ്മോന്യരുടെ വാൾകൊണ്ട് കൊല്ലിച്ചു അവന്റെ ഭാര്യയെ നിനക്കു ഭാര്യയായിട്ട് എടുത്തതുകൊണ്ട് വാൾ നിന്റെ ഗൃഹത്തെ ഒരിക്കലും വിട്ടുമാറുകയില്ല"

(2 ശമു. 12:10). 12, 13 അദ്ധ്യായങ്ങളിൽ കഥ തുടരുന്നുണ്ട്. നിർദ്ദോഷികൾ കൊല്ലപ്പെട്ടു, താമാറിനെ മാനഭംഗപ്പെടുത്തി, ദാവീദിന് മക്കളുടെ ആദരവു നഷ്ടപ്പെട്ടു. അമ്നോനെ അബ്ശലോം കൊന്നു. അബ്ശലോം മത്സരിച്ചു കൊല്ലപ്പെട്ടു. ദൈവത്തിന്റെ ഉദ്ദേശം ഭംഗപ്പെട്ടു (2 ശമു. 12:14). വാൾ വീണ്ടും വീണ്ടും ഉപയോഗിയ്ക്കപ്പെട്ടു.

പാപം അതിഭയങ്കരമാണ്. കുറ്റം ക്ഷമിയ്ക്കപ്പെട്ടാലും അനന്തരഫലങ്ങൾ തുടരുന്നു! നമ്മുടെ സ്വാധീനത്തിന് കേടുപറ്റുന്നു. നിർദ്ദോഷികളായ കുടുംബാംഗങ്ങളും സ്നേഹിതരും മുറിവേൽക്കപ്പെടുന്നു. തുടർ വർഷങ്ങളിലും വെട്ടിമുറിയ്ക്കുവാൻ വാളിനു കഴിയും.

നാം നമ്മുടെ യുവജനങ്ങളോട് പാപത്തിൽ നിന്നും ദൂരെയായിരിപ്പാൻ ഗുണദോഷിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. യുവസഹജമായ ജിജ്ഞാസ നിങ്ങളെ പാപത്തിലേക്ക് നയിക്കുവാനിടയാകരുത്. പ്രലോഭനങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുക. ഫലം ഭയാനകമാണ്!

ദാവീദിന് അതിനുവേണ്ടി ദിനന്തോറും തുടർച്ചയായ ബലം ആവശ്യമായിരുന്നു. ദാവീദ് അതിനായി എന്തു ചെയ്തു? ചില സഹായങ്ങൾ പ്രത്യക്ഷത്തിൽ കാണാം. പാപം ക്ഷമിയ്ക്കപ്പെട്ടു എന്ന ഉറപ്പ് ഉണ്ടായിരുന്നു (സങ്കീ. 32:1, 2). കർത്താവും താനും തമ്മിലുള്ള ബന്ധം വീണ്ടും യഥാസ്ഥാനത്തായി. അവന് മുൻപോട്ടുപോകാം. ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും മൂലം ശക്തിപ്പെട്ടു. അവന്റെ ദൈവം അവനു തുണയായിരിക്കും (സങ്കീ. 32:7).

മറ്റു കാര്യങ്ങളും സഹായകരമായിരിക്കാം. ഉദാഹരണമായി നാഥാൻ അവന്റെ സ്നേഹിതനായി തുടർന്നു. പിന്നീട് പല സ്ഥാനങ്ങളിലും നാഥാൻ സംഭവത്തിൽ തിരിച്ചുവരുന്നതായി കാണാം (2 ശമു. 12:25, 1 രാജാ. 1). അവനോ അവനെപ്പോലുള്ള മറ്റാരെങ്കിലുമോ ദാവീദിന് മോശമായ ആ നാളുകളിൽ സഹായം ചെയ്തുകാണും.

നമുക്ക് അതെ വഴികൾ ശക്തിയും ബലവും തരുവാൻ സഹായമാകും. സത്യമായി അനുതപിച്ച് ദൈവയിഷ്ടം ചെയ്തു മുൻപോട്ടുപോയാൽ നമുക്കു ക്ഷമകിട്ടും (അ. പ്രവർത്തി. 2:38; 8:22). നമ്മോടുകൂടെ ഇരിയ്ക്കാമെന്നും സഹായിക്കാമെന്നും ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട് (എബ്രാ. 13:6) ദൈവം സഹായിക്കുന്ന ഒരു വഴി സഹായിക്കയും ബലപ്പെടുത്തുകയും ചെയ്യുന്ന ഒരു കൂട്ടത്തെ നല്കുന്നതു മൂലമാണ്. ദാവീദിനെ സഹായിച്ച നാഥാനെയോ മറ്റുള്ളവരെയോ നാം സംശയദൃഷ്ട്യാ നോക്കുന്നു എങ്കിൽ ദൈവം നമുക്കു തന്നിരിക്കുന്ന സഭയെക്കുറിച്ച് നാം സംശയിക്കേണ്ട കാര്യമില്ല (അ. പ്രവൃ. 2:38, 47; 1 കൊരി. 12:13; എഫെ. 1:22, 23; 5:23, 25). നമുക്ക് പ്രോത്സാഹനം ലഭിക്കുന്ന ഒരു സഭയുടെ അംഗമായിരിക്കുക എന്നത് ഒരു ആവശ്യമാണ്.

*സമാപനം.* നമുക്കും ശുഭമായ അന്ത്യമുള്ള കഥകളാണ് ഇഷ്ടപ്പെടുന്നത്. ഈ കഥ അതുപോലെയുള്ള ഒന്നാണ്. ദാവീദ് തന്റെ ജീവിതം തകരാറിലാക്കി. എന്നാൽ അവസാനമായി അവന്റെ ജീവിതം നന്നായി അവസാനിച്ചു.

ദാവീദ് പിന്നെയും ദൈവത്തിന് പ്രിയങ്കരനായി. (1 രാജാ. 11:12) അവന്റെ മരണശേഷം ദൈവജനത്തിന്റെ എല്ലാ രാജാക്കന്മാരെയും അളന്നത് ദാവീദിനെകൊണ്ടാണ്. യേശു ഈ ഭൂമിയിലേക്കു വന്നത് അവൻ ''ദാവീദു പുത്രൻ'' എന്ന് വിളിക്കപ്പെട്ടു (മത്താ. 1:1; 9:27; 21:9). ദാവീദിന്റെ മരണത്തിന് 1000ത്തോളം വർഷങ്ങൾക്കുശേഷം ദാവീദിനെ പിന്നെയും അറിയുന്നത് ''ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ'' എന്നാണ്. അവൻ ഈ ലോകം വിട്ട് സ്വർഗ്ഗ

ത്തിൽ വാഴുവാൻ തുടങ്ങിയപ്പോൾ അവൻ ''ദാവീദിന്റെ സിംഹാസനത്തിലിരുന്നു'' (അ. പ്രവൃത്തി. 2:29-36) എന്നാണ് പറയപ്പെട്ടത്. ദാവീദ് മരിച്ചിട്ട് ആയിരം വർഷത്തോളം കഴിഞ്ഞിട്ടും ദാവീദിനെ ദൈവത്ത ിന്റെ ഹൃദയ പ്രകാരമുള്ള മനുഷ്യൻ എന്ന് അറിയപ്പെടുന്നു (അ. പ്രവൃത്തി. 13:22).

നിങ്ങളുടെ ജീവിതം ഇന്ന് ഏതു സ്ഥിതിയിലാണെന്ന് എനിക്കറിഞ്ഞു കൂടാ. എന്നാൽ ഒന്നു ഞാൻ പറയാം. നിങ്ങളുടെ ജീവിതകഥയ്ക്ക് ഒരു സന്തോഷകരമായ അന്ത്യം ഉണ്ടാകുവാൻ സാധിക്കും — നിന്റെ പാപത്തെക്കുറിച്ച് അനുതപിച്ച് അതിൽ നിന്നും തിരിഞ്ഞ് ദൈവഹിതം നിവർത്തിക്കുമെങ്കിൽ.

## അബ്രഹാം പിതാവിന്റെ കാൽചുവടുകളെ പിന്തുടരുന്നത് (4:12)

റോമർ 4-ൽ അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അത് അവനു നീതിയായി കണക്കിട്ടു (4:3) എന്നെഴുതിയിരിക്കുന്നു. അബ്രഹാമിന്റെ വിശ്വാസത്തിന്റെ കാലടികളെ പിൻതുടരുവാൻ നമ്മെ വെല്ലുവിളിച്ചിരിക്കുന്നു (4:12).[61] ഒരു ചെറിയ ബാലൻ അവന്റെ അപ്പന്റെ കാൽപാടുകളിൽ കാൽ നീട്ടിനീട്ടി വച്ച് പിൻതുടർന്നു നടക്കുന്ന ചിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

അബ്രഹാമിന്റെ വിശ്വാസത്തിന്റെ കാലടികളെ പിൻതുടരുക എന്നതിന്റെ അർത്ഥം എന്താണ്? റോമർ നാലിന്റെ അവസാനഭാഗത്ത് പൗലൊസ് അബ്രഹാമിന്റെ വിശ്വാസത്തെ വിശദമാക്കുന്നുണ്ട്. റിച്ചാർഡ് എ. ബെയ്റ്റി പൗലൊസ് തന്റെ എഴുത്തുകളിൽ വേറെ എങ്ങും ചെയ്യാത്തതുപോലെ വിശ്വാസത്തിന് ഒരു നിർവചനം നൽകിയിരിക്കുന്നു.[62] അവന്റെ നിർവചനം ഒരു സംഗ്രഹമായും സാങ്കേതികമായും പറയാതെ, അബ്രഹാമിന്റെ പ്രതികരണത്തെ വിശദമാക്കി വിശ്വാസത്തിന്റെ സ്വഭാവത്തെ തുറന്നു കാണിച്ചിരിയ്ക്കയാണ്.[63]

വാക്യത്തിൽ അബ്രഹാമിന്റെ വിശ്വാസത്തെക്കുറിച്ച് എന്താണ് പറഞ്ഞത്. 1) അവൻ ദൈവം എന്ന ആളത്വത്തെ വിശ്വസിച്ചു (4:17a). 2) ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചു. മരിച്ചവരെ ജീവിപ്പിപ്പാൻ ദൈവത്തിന് ശക്തിയുണ്ട്. (4:17b-19). 3) ദൈവത്തിന്റെ വാഗ്ദത്തത്തിൽ വിശ്വസിച്ചു. പറഞ്ഞകാര്യം നിവർത്തിക്കുമെന്ന് വിശ്വസിച്ചു (4:20, 21).

നാം അബ്രഹാമിന്റെ വിശ്വാസത്തിൽ നടക്കുമെങ്കിൽ നമുക്കു ചുറ്റും നോക്കുക മാത്രം ചെയ്യാതെ ഉയരത്തിലേക്കു ദൈവത്തെ നോക്കണം. ജീവിതത്തിന്റെ പ്രശ്നങ്ങളെ കണ്ടില്ലെന്നു ഭാവിക്കാതെ അവയെ കണ്ടു ഭയപ്പെടാതെയിരിക്കണം. നമുക്ക് സർവ്വശക്തനായ ഒരു ദൈവമുണ്ട്. ആ ദൈവം നമ്മെ സ്നേഹിക്കുന്ന പിതാവാണ്. യിരെമ്യാവ് പറയുന്നത് ദൈവത്തിന് ഒരു കാര്യവും പ്രയാസമില്ല എന്നാണ് (യിരെ. 32:17). ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ (ലൂക്കോ. 1:37). നാം വിശ്വാസത്താൽ നടക്കുവാൻ ശീലിക്കണം. കാഴ്ചയാലല്ല (2 കൊരി. 5:7).

## ദൈവത്തിൽ വിശ്വസിക്കുക (4:17)

അബ്രഹാമിന്റെ വിശ്വാസം *അവനിലല്ലായിരുന്നു. ദൈവത്തിലായിരുന്നു.* അബ്രഹാമിന്റെ വിശ്വാസം അവന്റെ വിശ്വാസത്തിലും ആയിരുന്നില്ല. അവന്റെ കർത്താവിൽ ആയിരുന്നു: നമ്മിൽ പലരും ''ജോലി മുഖ്യം'' എന്ന സ്വഭാവക്കാരയതിനാൽ സൂക്ഷിച്ചില്ലെങ്കിൽ നാം ചിന്തിച്ചു തുടങ്ങും നമ്മുടെ വിശ്വാസത്തിന്റെ ശക്തിയാണ് ഏറ്റവും പ്രധാനപ്പെട്ടതെന്ന്. വിശ്വാസം ബലഹീനമായിരിക്കാം (4:19) ശക്തിയായതും ആയിരിക്കാം (4:20)[64] നമ്മുടെ വിശ്വാസം

വളരേണ്ടിയിരിക്കുന്നു (4:20). എങ്കിലും നീതീകരണത്തെ സംബന്ധിച്ചിട ത്തോളം നമ്മുടെ വിശ്വാസത്തിന്റെ ഗുണവും അളവും വിശ്വാസത്തിന്റെ *കേന്ദ്രീകരണത്തോളം* പ്രാധാന്യമുള്ളതല്ല.

നിങ്ങൾ വളരെ ആഴമുള്ള ഒരു പിളർപ്പിന്റെ വക്കിൽ വന്നു. അത് കടക്കേ ണ്ടിയിരിക്കുന്നു എന്ന് സങ്കൽപ്പിക്കുക. മറുഭാഗത്തേക്കു കടക്കുന്നതിന് മൂന്ന് വഴികളുണ്ടെന്ന് ചിന്തിക്കുക. ഒന്ന് അപ്പുറത്തേയ്ക്ക് ചാടുക. അത് സ്വയത്തി ലുള്ള ആശ്രയത്തെ കാണിക്കുന്നു. ആ ശ്രമത്തിൽ നിങ്ങൾ ആ പിളർപ്പിൽ വീണുപോകാം. രണ്ടാമത്തെ സമീപനം ഒരു നീളമുള്ള കയർ ഉപയോഗിച്ച് മുകളിൽ ഉറപ്പായി കെട്ടിയിരിക്കണം. കയർ പിളർപ്പിനപ്പുറത്തേക്ക് ആട്ടി അതിൽ പിടിച്ച് അക്കരെ കടക്കുക. ഈ രീതിയിൽ വിശ്വാസം ഇരട്ട കേന്ദ്ര ത്തിലാണ് കയർ നിങ്ങൾ വീഴാതെ കാക്കുമെന്നും പിന്നീട് നിങ്ങളിലും ഉള്ള ഇരട്ട വിശ്വാസകേന്ദ്രീകരണം. മൂന്നാമത്തെ സമീപനം പിളർപ്പിനുമുകളിൽ ഒരു പാലം ഇടുക. നിങ്ങൾ ആ പാലത്തിൽ കൂടി നടന്ന് അക്കരെ എത്തുക. അക്കരെ എത്തുന്നതുവരെ പാലം നിങ്ങളെ താങ്ങിക്കൊള്ളുമെന്ന് വിശ്വസി ക്കുക. നിന്റെ വിശ്വാസമല്ല പാലമാണ് നിന്നെ താങ്ങുന്നത്. നിങ്ങൾ ധൈര്യ ത്തോടെ അക്കരെ കടക്കും, അല്ലെങ്കിൽ ഭയന്ന് വിറച്ച് അക്കരെ കടക്കും. എങ്ങനെയായാലും വിശ്വാസത്തിന്റെ ഗുണമോ അളവോ അല്ല, പിന്നെയോ പാലമാണ്.

അബ്രഹാമിന്റെ വിശ്വാസത്തിന്റെ കേന്ദ്രം അവനിലല്ലായിരുന്നു. അബ്ര ഹാമിന്റെതു വിശ്വാസമെ അല്ലായിരുന്നു. (അബ്രഹാമിന്റെ വിശ്വാസം തീരെ അപൂർണ്ണമായിരുന്നു). എന്നാൽ അവന്റെ വിശ്വാസം *ദൈവത്തി*ലായിരുന്നു. അതുപോലെ നമ്മുടെ വിശ്വാസം ദൈവത്തിൽ കേന്ദ്രീകരിച്ചിരിക്കണം. നമുക്കു ജീവൻ തരുവാൻ ദൈവത്തിനു കഴിയും. നാം ആത്മീകമായി മരിച്ച സ്ഥിതിയിലാണെങ്കിൽ പോലും (എഫെ. 2:5) ഒരു ദിവസം അവൻ നമ്മുടെ മരിച്ചുപോയ ശരീരങ്ങൾക്കും പുതിയ ജീവൻ നല്കും. കൂടാതെ അവൻ നമ്മെ നോക്കി നമ്മിലുള്ള സാദ്ധ്യതകളെ കണ്ട് നാം പാപികളായിരിക്കുമ്പോൾ തന്നെ ഇല്ലാത്തതിനെ ഉണ്മയിലേക്കു വരുത്തും (4:17).

---

കുറിപ്പുകൾ

[1]James R. Edwards, *Romans*, New International Biblical Commentary (Peabody, Mass.: Hendrickson Publishers, 1992), 112. A sampling of Jewish quotations on this matter appears in Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 147. [2]The root of logizomai is λογίζομαι (, “I say”), and the term is related to λόγος (*logos*, “word”). [3]*Logizomai* is translated “regarded” in 2:26 and “maintain” in 3:28. [4]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 597. [5]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 125. [6]E. D. Burton, *Galatians: International Critical Commentary* (Edinburgh: T. & T. Clark, 1921), 447. [7]Bauer, 743. [8]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 198. [9]Ibid. [10]The ancient heading before Psalm 51 is “A Contrite Sinner's Prayer for Pardon.”

[11]Eddie Cloer, *Psalms 1—50*, Truth for Today Commentary (Searcy, Ark.: Resource Publications, 2004), 428; *Psalms 51—89*, Truth for Today Commentary (Searcy, Ark.: Resource Publications, 2006), 3–4. [12]C. F. Keil and Franz Delitzsch, *Psalms*, Commentary on the Old Testament, vol. 5 (Peabody, Mass.: Hendrickson Publishers, 1989), 395. [13]Ibid. The words “as

though it had never taken place" refer only to the guilt of David's sin, not the consequences of that sin (see 2 Sam. 12:10). [14]Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 31. [15]In addition to the historical record of Abraham in Genesis, another text helpful in understanding Romans 4 is Galatians 3. The two passages have many similarities. [16]The Greek text literally has "the circumcision" (περιτομή, *peritomē*) and "the uncircumcision" (ἀκροβυστία, *akrobustia*) (see KJV). [17]Events in the Bible are not always arranged chronologically, but ages are given for Abraham in connection with this sequence of events (see Gen. 12:4; 16:3, 16; 17:1). According to rabbinic chronology, it was even longer between Genesis 15:6 and the events of chapter 17—twenty-nine years. (Morris, 202, n. 41.) [18]Stott, 129. [19]Moo, 154. [20]Richard A. Batey, *The Letter of Paul to the Romans*, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 60.

[21]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 108. [22]Concerning the term "descendants," see comments on 4:16. [23]The only land (property) promise given to Abraham was that he and his descendants would inherit the land of Canaan. This promise does not still need to be fulfilled since it was fulfilled in Old Testament times. On several occasions, the kingdom of Israel extended from the Mediterranean Sea to the Euphrates River (see Gen. 15:18; 2 Sam. 8:3; 1 Kings 8:65). [24]Jewish teachers insisted that Abraham possessed the Law centuries before it was revealed to Moses, but Paul denied this. [25]Bauer, 539. [26]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 3. [27]Bauer, 525. [28]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 34. [29]Dave Miller, sermon presented on the *Truth in Love* television program, Fort Worth, Texas, 23 January 2002. [30]William Baur and Roland K. Harrison, "Ishmael," in *The International Standard Bible Encyclopedia*, rev. ed., ed. Geoffrey Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1982), 2:905.

[31]Morris, 210. *Elpis* is found fifty-three times in the New Testament; thirty-six of these occurrences are in the writings of Paul. [32]Thomas, 37. [33]Morris, 211, n. 84. [34]Ibid., 211. [35]Bauer, 231. [36]When a Greek word is in the "dative case," it must be translated into English with a preposition in front of it. If no preposition appears in the text, it must be supplied based on the context. [37]Morris, 212. [38]G. Delling, "*plērophoreō*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 871. [39]Donald Grey Barnhouse, *God's Remedy: Romans 3:21—4:25* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1954), 311–12. [40]C. E. B. Cranfield, *Romans: A Shorter Commentary* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 96.

[41]The word for "transgression" is παράπτωμα (paraptōma), a combination of πίπτω (piptō), ("fall") and παρά (*para*, "aside"). This word refers to "a false step," "a blunder," or "a falling away." [42]For instance, J. W. McGarvey and Philip Y. Pendleton, *Thessalonians, Corinthians, Galatians and Romans*, The Standard Bible Commentary (Cincinnati: Standard Publishing, n.d.), 330. [43]Charles Hodge, *Romans*, The Crossway Classic Commentaries (Wheaton, Ill.: Crossway Books, 1993), 125. [44]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 41. [45]It is amazing the lengths to which "the untaught and unstable" will go to "distort" the teachings of Paul (2 Pet. 3:15, 16). [46]Moo, 165. [47]Ibid., 167. [48]Warren W. Wiersbe, *The Bible Exposition Commentary*, vol. 1 (Wheaton, Ill.: Victor Books, 1989), 526. [49]Bell, 36–37. [50]Adapted from Harold T. Bryson, "Faith," *Illustrating Paul's Letters to the Romans*, comp. James F. Hightower (Nashville: Broadman Press, 1984), 31–32.

[51]This famous statement is found in the original preface of Martin Luther's German New Testament (1522). See E. Theodore Bachmann and Helmut T. Lehmann, eds., *Luther's Works*, vol. 35, *Word and Sacrament I* (Philadelphia: Fortress Press, 1960), 362, 395–97. [52]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 64. [53]Moo, 150. [54]See the discussion in Robertson L. Whiteside, *A New Commentary on Paul's Letter to the Saints at Rome* (Fort Worth, Tex.: Manney Co., 1945), 89–90. [55]Charles Hodge, *Romans*, The Crossway Classic Commentaries (Wheaton, Ill.: Crossway Books, 1993), 105.

[56]David Lipscomb, *A Commentary on the New Testament Epistles, vol. 1, Romans*, 2d ed. (Nashville: Gospel Advocate Co., 1943), 82. [57]Quoted in Leslie C. Allen, "Romans," in *New International Bible Commentary*, ed. F. F. Bruce (Grand Rapids, Mich.: Zondervan Publishing House, 1979), 1324. [58]These illustrations are given in David Roper, *Jesus Christ and Him Crucified* (Arvada, Colo.: Christian Communications, 1976), 106–8. [59]Thomas, 33. [60]Adapted from David F. Burgess, comp., *Encyclopedia of Sermon Illustrations* (St. Louis: Concordia Publishing House, 1988), 125.

[61]While these words were specifically directed to Jews, general application can be made. [62]This statement likely assumes that Paul did not write Hebrews, which contains a well-known "faith is" passage (Heb. 11:1). [63]Richard A. Batey, *The Letter of Paul to the Roman*s, The Living Word Commentary (Austin, Tex.: R. B. Sweet Co., 1969), 61. [64]Faith can also be "little" (Mt. 14:31; 16:8) or "great" (Mt. 8:10, 26), "dead" (Jas. 2:17, 26) or alive.